● വാർഷിക വരിസംഖ്യ: ₹60

# മലബാർ വിഷൻ

താമരശ്ശേരി രൂപതാ മുഖപത്രം

● 2024 ● ജൂലൈ-ആഗസ്റ്റ് ● പുസ്തകം: 07 ● ലക്കം: 04 ● RNI Regn No: KERMAL/2017/73545

# സ്വാതന്ത്ര്യം നിഹനിക്കപ്പെട്ട സ്വതന്ത്രജനത

**നാം ബ്രിട്ടീഷ് ഇന്ത്യയിൽ അനുഭവിച്ചതിലുമേറെ അസമത്വങ്ങളും അസ്വാതന്ത്ര്യങ്ങളും ഇന്നും അനുഭവിക്കുന്നുണ്ട്. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം അസ്വതന്ത്ര ഇന്ത്യയേക്കാൾ സ്വതന്ത്ര ഇന്ത്യയിൽ ഏറെയാണ്.**

## കവർ സ്റ്റോറി



ജെർളി



ഇന്ത്യാമഹാരാജ്യത്തിന്റെ ഉദയം ഈ ഉപഭൂഖണ്ഡത്തെ അടിച്ചമർത്തി ഭരിച്ച ഒരു വൈദേശിക ശക്തിക്കെതിരെയുള്ള മഹത്തായ പ്രതിരോധത്തിൽ നിന്നാണ്. രാഷട്രീയമായും ഭാഷാപരമായും ജനിതകപരമായുമൊക്കെ നാനാവിധത്തിൽ വിഘടിച്ചു കിടന്നിരുന്ന നമ്മെ ഇന്ത്യക്കാരാക്കിയത് ബ്രിട്ടീഷുകാർക്കെതിരെ രൂപപ്പെട്ട ദേശീയ പ്രതിരോധമായിരുന്നു. അതിനു മുമ്പ് വിദേശികൾ മാത്രമാണ് നമ്മെ ഇന്ത്യക്കാർ എന്ന് വിളിച്ചുവന്നത്. നമ്മെ സംബന്ധിച്ചിടത്തോളം നാം മഗധരും കലിംഗരും വംഗദേശക്കാരും തിരുവിതാംകൂറുകാരും കൊച്ചിക്കാരുമൊക്കെയായിരുന്നു. ഒന്നിപ്പിക്കുവാൻ ഒരു പൊതുഭാഷപോലും ഇല്ലാതിരുന്നിട്ടും നാം ഒന്നായി സാമ്രാജ്യത്വത്തിനെതിരെ ആ ധീരമായ പ്രതിരോധം തീർത്തു. ഇന്ന് നാം രാഷ്ട്രീയമായി തീർത്തും സ്വതന്ത്രരാണ്. പക്ഷേ, രാഷ്ട്രീയ സ്വാതന്ത്ര്യം മാത്രമല്ല ഒരു ജനതയെ സംബന്ധിച്ചിടത്തോളം ആത്യന്തിക സ്വാതന്ത്ര്യം. നാം ബ്രിട്ടീഷ് ഇന്ത്യയിൽ അനുഭവിച്ചതിലുമേറെ അസമത്വങ്ങളും അസ്വാതന്ത്ര്യങ്ങളും ഇന്നും അനുഭവിക്കുന്നുണ്ട്. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം അസ്വതന്ത്ര ഇന്ത്യയെക്കാൾ സ്വതന്ത്ര ഇന്ത്യയിൽ ഏറെയാണ്.

പഴയൊരു കഥയുണ്ട്. ഒരു കൊല്ലപ്പുരയും തട്ടാപ്പുരയും അടുത്തടുത്തായുള്ള ഒരിടം. അവിടെയൊരുദിവസം സ്വർണ്ണപ്പണിക്കാരന്റെ പുരയിൽ സ്വർണ്ണം ഇരുമ്പിനോട് ഇങ്ങനെ ചോദിച്ചത്രേ, ചുറ്റിക കൊണ്ടിടിക്കുമ്പോൾ നീയെന്തിനാ ഇങ്ങനെ ഉച്ചത്തിൽ അലറിക്കരയുന്നത്. കണ്ടില്ലേ നിന്നെപ്പോലെ തന്നെ കൂടം കൊണ്ടു തന്നെയല്ലേ എന്നെയും അടിക്കുന്നത്. ഇരുമ്പ് അതിന് കൊടുത്ത ഉത്തരം ഇതായിരുന്നു, സ്നേഹിതാ, നിന്നെ അടിക്കുന്നത് നിന്റെ സഹോദരനല്ലല്ലോ എന്നാൽ എന്നെ അടിക്കുന്നത് എന്റെ സ്വന്തം സഹോദരനാണ്. അതിന് വേദന ഏറും. നിനക്ക് അത് പറഞ്ഞാൽ മനസിലാവില്ല. അതേ, സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ നമ്മെ ഇന്ന് അടിക്കുന്നത് നാം തിരഞ്ഞെടുത്ത നമ്മുടെ സ്വന്തം ഭരണാധികാരികൾ തന്നെയാണ്. തീർച്ചയായും അതിന് വേദനയേറും.

ഒരു രാജ്യത്തെ നാം സ്വതന്ത്രപരമാധികാര രാഷ്ട്രം എന്നുവിളിക്കുന്നത് അതിന്റെ നയപരമായ തീരുമാനങ്ങൾ മറ്റൊരു ശക്തിയുടെയും സ്വാധീനത്തിനോ നിർബന്ധത്തിനോ വഴങ്ങി എടുക്കുന്നതല്ല എന്നുറപ്പുള്ളപ്പോഴാണ്. അങ്ങനെ നോക്കിയാൽ ഏതാനും പതിറ്റാണ്ടുകളായി ഇന്ത്യ ഒരു സ്വതന്ത്രപരമാധികാര റിപ്പബ്ലിക്ക് അല്ലാതായി എന്നുവേണം കരുതാൻ. വർഷങ്ങൾക്കു മുമ്പുതന്നെ നമ്മുടെ വ്യാപാരനയം തീരുമാനിക്കുവാനുള്ള അവകാശം നാം വിദേശശക്തികൾക്ക് തീറെഴുതിക്കഴിഞ്ഞിരുന്നു. ആഭ്യന്തരനയങ്ങൾ തീരുമാനിച്ചിരുന്നത് കുത്തകകളും. സാധാരണക്കാരന്റെ പിച്ചച്ചട്ടിയിൽ മണ്ണുവാരിയിടുന്ന നയവൈകല്യങ്ങളാണ് സ്വതന്ത്രഭാരതത്തിൽ പല കാലഘട്ടങ്ങളിലും നാം കണ്ടത്. മൂന്നാം പ്രാവശ്യവും അധികാരത്തിലേറിയിരിക്കുന്നവർ ഇത് തിരിച്ചറിയാതെ അല്ലെങ്കിൽ അറിഞ്ഞതായി ഭാവിക്കാതെ അതേ വികലനയങ്ങൾ തന്നെയാണ് പിന്തുടരുന്നത്. അതും പഴയതിനേക്കാൾ മനുഷ്യത്വരഹിതമായി.

പേജ് 3-ൽ തുടരുന്നു ▸

പേജ് 7 ▸ താമരശ്ശേരി രൂപതയുടെ മൂന്നാമത് എപ്പാർക്കിയൽ അസംബ്ലി വിശേഷങ്ങൾ

പേജ് 10 ▸ മിടുക്കർക്ക് കൈനിറയെ സ്കോളർഷിപ്പുകൾ

ജർമ്മൻ ഭാഷ പഠിക്കാൻ മാത്രമായി ഒരു സ്കൂൾ !



GERMAN

ജെറമിയ സൺറൈസിൽ പഠിക്കാം..
ജർമ്മനിയിലേക്ക് പറക്കാം..!!

പുതിയ ബാച്ചുകൾ എല്ലാമാസവും രണ്ടാംവാരം ആരംഭിക്കുന്നു.

JEREMIAH SUNRISE
GERMAN LANGUAGE SCHOOL
MAVOOR ROAD, KOZHIKODE

CALL NOW!
9895 636 188
8943 418 152

## എഡിറ്റോറിയൽ

● പുസ്തകം: 7 ● ലക്കം: 4

# സപ്തതികൾക്കുമപ്പുറം ഭാരതം

ഇന്ത്യ സ്വതന്ത്ര രാജ്യമായിട്ട് എഴുപത്തിയേഴു വർഷങ്ങൾ പിന്നിടുന്നു. വിദേശ ശക്തികളുടെ കയ്യിൽ നിന്നും നമ്മുടെ രാജ്യത്തെ മോചിപ്പിച്ച് സ്വതന്ത്ര ജനാധിപത്യ മതേതര രാജ്യമായി നിലനിർത്തുന്നതിൽ അനേകായിരങ്ങളുടെ ത്യാഗോജ്ജ്വലമായ ജീവിതസമർപ്പണമുണ്ട്. നൂറ്റാണ്ടിനപ്പുറത്തേക്ക് നീണ്ട സ്വാതന്ത്ര്യ സമര ചരിത്രം നമ്മുടെ മുന്നിലുണ്ട്. അവർ പോരാടിയതും ജീവൻ നൽകിയതും നമ്മുടെ രാജ്യം ലോകത്തിന്റെ മുന്നിൽ തല ഉയർത്തിപ്പിടിച്ച് നിൽക്കുവാനാണ്. ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടപ്പോൾ ഭരണഘടനയ്ക്ക് രൂപം കൊടുത്ത് രാജ്യം ഒരു സ്വതന്ത്രജനാധിപത്യ മതേതര രാജ്യമായി നിലവിൽ വന്നു. കാലാകാലങ്ങളിൽ ഇവിടെ അധികാരത്തിൽ വന്ന സർക്കാരുകളും നിയമനിർമ്മാണ സഭകളും നമ്മുടെ നീതിന്യായവ്യവസ്ഥിതിയെ ഒരുമിച്ച് നിന്ന് രാജ്യത്തെ അത് പ്രഖ്യാപിക്കുന്ന മൂല്യങ്ങളിൽ മുന്നോട്ടു കൊണ്ടുപോയി.

ഒരു രാജ്യത്തിന്റെ വികാസവും വളർച്ചയും നിർണയിക്കുന്നത് ഏറ്റവും അവസാനത്തെ ആളിൽ അത് എത്തുമ്പോഴാണ്. രാഷ്ട്രപിതാവായ മഹാത്മാഗാന്ധി വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്ത വികസന മന്ത്രമായിരുന്നു അത്. പരസ്പരം സഹിഷ്ണുതയിൽ ജീവിക്കുന്ന ഒരു സമൂഹത്തിന് മാത്രമേ രാജ്യത്തിന്റെ വികസനത്തിൽ പങ്കുവഹിക്കുവാൻ സാധിക്കുകയുള്ളു. ഇന്ത്യയുടെ ഭരണഘടന, ഇന്ത്യ ഒരു മതേതര രാജ്യമെന്ന് പ്രഖ്യാപിക്കുമ്പോൾ, ഈ രാജ്യത്ത് ജീവിക്കുന്ന ഓരോ ഇന്ത്യക്കാരനും ആ പ്രഖ്യാപനത്തോട് ചേർന്നു നിൽക്കുവാനും അതിനു വേണ്ടി പ്രവർത്തിക്കുവാനും ഉത്തരവാദിത്തമുണ്ട്.

പരസ്പരം സ്നേഹിക്കുകയും സഹകരിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തിൽ മാത്രമേ സ്വാതന്ത്ര്യവും ജനാധിപത്യവും നിലനിൽക്കുകയുള്ളൂ. സ്വതന്ത്ര ഇന്ത്യയുടെ ഭരണഘടന ഏവരെയും സർവാത്മനാ ഉൾക്കൊള്ളുന്ന വിശുദ്ധ സംരക്ഷണ കവചമായി പരിഗണിക്കപ്പെടുന്നതിനു കാരണം ഭാരതം തുടർന്നു വന്നിരുന്ന സർവ്വാശ്ലേഷിയായ മനോഭാവത്തിന്റെയും അതിന്റെ ഫലമായ സമീപനത്തിന്റെയും പേരിലാണ്. ഭാരതമെന്നും അടിസ്ഥാനപരമായി ഉയർത്തിപ്പിടിച്ചിരുന്ന ചില മൂല്യങ്ങളുണ്ട്. അതിന്റെ സജീവമായ പ്രതിഫലനങ്ങളാണ് നമ്മുടെ ഇടയിൽ വ്യാപരിക്കുന്ന നിയമങ്ങളും വ്യവസ്ഥകളും സംസ്കാരിക രീതികളുമെല്ലാം. ഭാരതത്തെ നമ്മുടെ ഭാരതമാക്കി വളർത്തി വരുന്ന ഘടകങ്ങളെല്ലാം മാറ്റിവയ്ക്കാനാവാത്ത മൂല്യങ്ങളാണ്. നാം ആർജ്ജിച്ച സാംസ്ക്കാരികവും മതേതരവുമായ മൂല്യങ്ങളും മാനവികമായ ഔന്നിത്യങ്ങളും നഷ്ടപ്പെടാതെ കാത്തുസൂക്ഷിക്കേണ്ട കടമ ഓരോ പൗരന്റേതുമാണ്. നീതിയിൽ അധിഷ്ഠിതമായ ജനാധിപത്യവും മതേതരത്വവും അഭംഗുരം സംരക്ഷിക്കപ്പെടുന്ന മാതൃരാജ്യത്തിനായി നമുക്ക് കൈകോർക്കാം.

# സ്വാതന്ത്ര്യത്തിന്റെ ആകാശം

## ഇടയശബ്ദം



**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

*"സ്വാതന്ത്ര്യത്തിലേക്ക് ക്രിസ്തു നമ്മെ മോചിപ്പിച്ചു, അതുകൊണ്ട് നിങ്ങൾ സ്ഥിരതയോടെ നിൽക്കുക. അടിമത്തത്തിന്റെ നുകത്തിൽ നിങ്ങൾ വിധേയരാകരുത്" (ഗലാ. 5:1).*

ആഗസ്റ്റ് 15, ഓരോ ഭാരതീയ ക്രൈസ്തവനെ സംബന്ധിച്ചും അഭിമാനദിനമാണ്–രാജ്യത്തിന്റെ സ്വാതന്ത്ര്യദിനവും പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗാരോപണ തിരുനാളും.

ഭരണപരമായി സ്വാതന്ത്ര്യം നേടിയ നമ്മുടെ രാജ്യം എല്ലാ പൗരന്മാർക്കും ഭരണസ്വാതന്ത്ര്യത്തിന്റെ ഗുണപരമായ പങ്ക് നൽകുന്നതിന് പരിശ്രമിച്ചുകൊണ്ടിരിക്കണം. സമത്വവും സാഹോദര്യവും ഭരണപരമായ സ്വാതന്ത്ര്യത്തിന്റെ ദർശനഭാവങ്ങളാണ്. ഈ രാജ്യത്തിന്റെ ഐശ്വര്യത്തിന്റെ പങ്ക് സമത്വഭാവനയോടുകൂടി എല്ലാവർക്കും അനുഭവിക്കാൻ കഴിയുന്ന ഒരവസ്ഥയും ഈ രാജ്യത്തിന്റെ നന്മകളും സാധ്യതകളും എല്ലാവർക്കുമായി ഏകുന്ന നിശ്ചയദാർഢ്യവും ഭരണസ്വാതന്ത്ര്യത്തിന്റെ നേർക്കാഴ്ച്ചയാണ്.

ലോകരാഷ്ട്രങ്ങൾക്കിടയിൽ വൻശക്തിയാകുവാൻ ഭാരതം ശ്രമിക്കുന്നതിനിടയിൽ നമ്മുടെ സഹോദരങ്ങളെ, ജാതിയുടെയും മതത്തിന്റെയും നിറത്തിന്റെയും അടിസ്ഥാനത്തിൽ അകറ്റിനിറുത്തുന്നതും പീഢനത്തിന് വിധേയരാക്കുന്നതും നാടിന് തീരാകളങ്കമാണ്. നീതിന്യായ നിയമവ്യവസ്ഥകൾ അഭംഗുരം പാലിക്കപ്പെടണം. ഭരണഘടന അട്ടിമറിക്കപ്പെടരുത്. ഭരണസ്വാതന്ത്ര്യം ലഭിച്ച നമ്മുടെ നാട്ടിൽ പൂർവപിതാക്കന്മാർ ആലോചനയോടെ കുറിച്ചുവെച്ച വിശ്വപ്രസിദ്ധമായ ഇന്ത്യൻ ഭരണഘടനയിലെ മതസ്വാതന്ത്ര്യം അന്യൂനമായി പരിരക്ഷിക്കപ്പെടുന്നു എന്നുള്ളത് സ്വതന്ത്ര ഭാരതത്തിന്റെ വ്യക്തിത്വത്തെ വിളിച്ച് അറിയിക്കുന്ന സജീവ അടയാളമാണ്.

ഭാരതീയ സംസ്ക്കാരത്തിന് അടിത്തറ തന്നെ 'ലോകാഃ സമസ്താഃ സുഖിനോ ഭവന്തു' എന്ന ആത്മീയ ചിന്തയാണെന്ന് ഓർക്കാം. മതസൗഹാർദ്ദത്തിനും സഹിഷ്ണുതയ്ക്കും അഹിംസയ്ക്കും പ്രസിദ്ധമായ നമ്മുടെ മതേതരത്വത്തിന്റെ യശസ്സ് എന്നും വാനോളം ഉയരട്ടെ.

ആഗസ്റ്റ് 15–ന് പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗാരോപണ തിരുനാൾ കൂടി നാം ആഘോഷിക്കുന്നു. ഈ തിരുനാൾ 'ഇമ്മാനുവേൽ' അനുഭവത്തിന്റെ തുടർച്ചയാണ്. സ്വർഗ്ഗത്തിൽ തന്റെ പുത്രന്റെ സന്നിധിയിൽ നമുക്കായി ഒരുക്കപ്പെട്ടിരിക്കുന്ന വാസസ്ഥലത്ത് പരിശുദ്ധ അമ്മ രാജ്ഞിയായി അവരോധിക്കപ്പെട്ടിരിക്കുന്നു. ദൈവഹിതം അന്വേഷിച്ചും ദൈവഹിതത്തിന് വിധേയപ്പെട്ടും യഥാർത്ഥ സ്വാതന്ത്ര്യത്തിൽ ജീവിച്ച കന്യകാമറിയം നമ്മുടെ ക്രിസ്തീയജീവിതത്തിന് മാതൃകയും മധ്യസ്ഥയുമാണ്.

ആഗ്രഹവും പ്രാർത്ഥനയും പ്രവർത്തിയും തമ്മിലുണ്ടാകേണ്ട ഒരാത്മബന്ധത്തിന്റെ ആവശ്യകതയാണ് പരിശുദ്ധ അമ്മയുടെ ജീവിതം നമ്മുടെ മുമ്പിൽ വ്യക്തമാക്കുന്നത്. സ്വാതന്ത്ര്യത്തെക്കുറിച്ച് ഉദാത്തമായ സങ്കൽപ്പവും ജീവിതവിശുദ്ധിയെക്കുറിച്ച് നന്മനിറഞ്ഞ പ്രതീക്ഷയും ജ്വലിപ്പിച്ചുകൊണ്ടാണ് ഈ മാസങ്ങൾ കടന്നുപോകുന്നത്. തമോഗർത്തം പോലെ അസഹിഷ്ണുതയുടെ അന്ധകാരം ചുറ്റും വ്യാപിക്കുമ്പോൾ സ്വർഗാരോപിത രാജ്ഞിയിലേക്ക് നമുക്ക് കണ്ണുകളുയർത്താം.

*ഏവർക്കും സ്വാതന്ത്ര്യദിനത്തിന്റെയും പരിശുദ്ധ കന്യാമറിയത്തിന്റെ സ്വർഗാരോപണ തിരുനാളിന്റെയും ആശംസകൾ നേരുന്നു.*

# കേൾവിക്കാരെ ആവശ്യമുണ്ട്

## അകം പുറം



**കെ.എഫ്. ജോർജ്**

ആവശ്യക്കാർക്ക് കൂട്ടുപോകുന്നത് തൊഴിലായി സ്വീകരിച്ച ജപ്പാൻകാരനാണ് ഷോജി മോറിമോട്ടോ. വെറുതെയിരിക്കാൻ കൂട്ടുവേണമെങ്കിൽ അദ്ദേഹത്തെ ബന്ധപ്പെടാം. ഒരു പ്രാവശ്യത്തെ സേവനത്തിന് ശരാശരി 6000 രൂപ ഫീസ്. പുറമേ ഭക്ഷണ-യാത്രാ ചെലവും നൽകണം.

അവശ്യപ്പെടുന്ന സ്ഥലങ്ങളിലെല്ലാം അദ്ദേഹം കൂടെ വരും. നിങ്ങൾ പറയുന്നതെല്ലാം കേട്ടിരിക്കും. ആവശ്യപ്പെട്ടാൽ മാത്രമേ അദ്ദേഹം സംസാരിക്കൂ. അല്ലെങ്കിൽ മൗനം. 'വെറുതെയിരിക്കാൻ ഒരാൾ' എന്നാണ് അയാൾ സ്വയം വിശേഷിപ്പിക്കുന്നത്. 'ഒന്നും ചെയ്യാത്ത വാടകക്കാരൻ' എന്ന അദ്ദേഹത്തിന്റെ കഴിഞ്ഞ വർഷം ഇറങ്ങിയ ആത്മകഥ ബെസ്റ്റ് സെല്ലറായി തുടരുന്നു.

ഇപ്പോൾ 40 വയസുള്ള ഷോജി മോറിമോട്ടോ 2018–ലാണ് ഈ തൊഴിൽ ആരംഭിക്കുന്നത്. ഇതിനകം നാലായിരത്തോളം പേർക്ക് സേവനം നൽകിക്കഴിഞ്ഞു.

പലർക്കും ജീവിതപങ്കാളിയേക്കാൾ കൂട്ടിരിക്കാൻ ഇദ്ദേഹത്തെയാണിഷ്ടം. ഒരു അനിഷ്ടവുമില്ലാതെ പറയുന്നതെല്ലാം കേട്ടിരിക്കും. ആത്മഹത്യ ചെയ്ത ഒരാളുടെ ഓർമ്മ ദിവസം അവരുടെ ജീവിത പങ്കാളി കൂട്ടിനു ക്ഷണിച്ചു. മരിച്ചയാളുടെ വെള്ളത്തൊപ്പിയും ധരിച്ച് അവർ പറയുന്നതെല്ലാം ആർദ്രതയോടെ കേട്ടിരുന്ന അനുഭവം അദ്ദേഹം വിവരിക്കുന്നുണ്ട്.

മിണ്ടാനും പറയാനും വേദന പങ്കിടാനും ആരും ഇല്ലാത്തവരുടെ എണ്ണം വളരെ കൂടുതലാണെന്ന് അദ്ദേഹത്തിന്റെ അനുഭവ വിവരണങ്ങളിൽ നിന്ന് മനസിലാകും.

ജപ്പാൻകാരൻ തുടങ്ങിവച്ച തൊഴിലിന് വിദേശങ്ങളിൽ മാത്രമല്ല, നമ്മുടെ നാട്ടിലും വലിയ സാധ്യതയുണ്ടെന്നു തോന്നുന്നു. മനുഷ്യബന്ധങ്ങൾ അറുത്തുമാറ്റിയപ്പോൾ പട്ടിവളർത്തലിലും പൂച്ചവളർത്തലിലുമായി കമ്പം. ഇതു മടുക്കുമ്പോൾ മനുഷ്യക്കൂട്ട് തന്നെ വേണ്ടിവരും.

പണ്ടു പലചരക്കു കടകളുടെ വരാന്തയിൽ ഒരു ബെഞ്ചുണ്ടായിരുന്നു. സാധനങ്ങൾ വാങ്ങാൻ എത്തുന്നവരേക്കാൾ വർത്തമാനം പറയാൻ എത്തുന്നവർക്കുള്ളതാണ് കടക്കാരന്റെ ഈ സൗജന്യ ഇരിപ്പിടം.

പ്രായമായ അപ്പച്ചന്മാരും അമ്മച്ചിമാരും ഉച്ചകഴിഞ്ഞ് തിരക്കൊഴിയുംനേരം അയൽ വീടുകളിൽ എത്തും. വരാന്തയിൽ



ഇരുന്ന് വർത്തമാനവും മുറുക്കും കട്ടൻകാപ്പിയും കഴിഞ്ഞേ മടങ്ങിപ്പോകൂ. വലിയ വീടുകളും ബന്തവസുള്ള ഗേറ്റുമൊക്കെയായപ്പോൾ ഈ സൗഹൃദങ്ങൾ പഴങ്കഥകളായി.

വീടുകൾ തമ്മിലുള്ളവർ മാത്രമല്ല, വീടിനകത്തും മിണ്ടാട്ടം കുറഞ്ഞു. സ്കൂൾ കാലത്ത് വിശേഷങ്ങൾ പറഞ്ഞ് സ്വൈര്യം നൽകാതിരുന്ന കുട്ടികൾ വിദേശത്തെത്തിയപ്പോൾ വിളിക്കുന്നേയില്ലെന്ന് പല മാതാപിതാക്കൾക്കും പരാതി. ബന്ധങ്ങളിൽ നിന്ന് അകലം പാലിക്കാൻ അവർ ശ്രമിക്കുന്നു.

'നസ്രത്തിൽ നിന്ന് എന്തെങ്കിലും നന്മയുണ്ടാകുമോ?' എന്നു നഥാനിയേൽ പീലിപ്പോസിനോടു ചോദിച്ച രീതിയിലാണ് കുടുംബബന്ധങ്ങളിൽ മുൻവിധികൾ രൂപമെടുക്കുന്നത്. പിന്നീട് വഴക്കുകളും മൗനമതിലുകളും അവിടെ ഉയരുന്നു.

സംസാരം തലച്ചോറിന്റെ ശക്തി വർധിപ്പിക്കും. പക്ഷിക്കുഞ്ഞുങ്ങൾ അമ്മക്കിളികളുടെ മുമ്പിൽ എപ്പോഴും ചിലച്ചുകൊണ്ടിരിക്കുന്നത് അവരുടെ പാടാനുള്ള ശേഷിയേയും തലച്ചോറിന്റെ ശക്തിയേയും വർധിപ്പിക്കാനാണെന്ന് പഠനങ്ങൾ പറയുന്നു. അധികം സംസാരിക്കാത്ത വീടുകളിലെ കുട്ടികൾക്ക് ഭാഷാശേഷി കുറയും.

ഉള്ളിൽ തിക്കുമുട്ടുണ്ടാകുമ്പോൾ കരഞ്ഞും പറഞ്ഞും പങ്കിട്ടുമാണ് മനസ്സെന്ന പ്രഷർകുക്കറിൽ കുമിഞ്ഞു കൂടുന്ന സമ്മർദ്ദം ചീറ്റിപ്പോകുന്നത്. ഇതിനുള്ള അവസരമാണ് സംസാരം നിലയ്ക്കുമ്പോൾ നഷ്ടപ്പെടുത്തുന്നത്.

അപ്രതീക്ഷിതമായി ഇണ മരണപ്പെടുമ്പോഴും മാതാപിതാക്കളും സഹോദരങ്ങളും നഷ്ടപ്പെടുമ്പോഴുമാണ് അവർ തനിക്ക് ആരായിരുന്നുവെന്ന് ശരിക്കും ബോധ്യപ്പെടുക. അവരോടു കുറച്ചുകൂടി അലിവും സ്നേഹവും കാണിക്കാമായിരുന്നുവെന്ന ചിന്ത പിൽക്കാലത്ത് നീറ്റലായി ഉള്ളിൽ പുകഞ്ഞ് കിടക്കും.

മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ലെന്ന് കണ്ടാണ് ദൈവം അവന് ഇണയെ നൽകിയത്. അതിലൂടെ പ്രതിസന്ധികളെ തരണം ചെയ്യാൻ ബന്ധങ്ങളുടെ ശക്തി ലഭിച്ചു. എന്നാൽ ഈ സൗഭാഗ്യത്തെ തിരസ്ക്കരിച്ച് ഒറ്റപ്പെടുന്നവർ പുറത്തു കൂട്ടുതേടി അലയുന്നു.

# പൗരന്മാരുടെ ജാഗ്രത പ്രധാനം

▸ പേജ് ഒന്നിൽ നിന്ന് തുടർച്ച

നയവൈകല്യത്തിന് ഉദാഹരണമായി മീനകുമാരി കമ്മീഷന്റെയും സൈദാറാവു ഗോപാലകൃഷ്ണന്റെയുമൊക്കെ റിപ്പോർട്ടുകളുടെ മറവിൽ തീരദേശജനതയുടെ അന്നം മുട്ടിക്കാനുള്ള കേന്ദ്രനീക്കം മാത്രമെടുത്താൽ മതി നിജസ്ഥിതി വ്യക്തമാകാൻ. കസ്തൂരിരംഗൻ, ഗാഡ്ഗിൽ വിഷയങ്ങൾ കണ്ണീരിലാഴ്ത്തുന്നത് ഇവിടുത്തെ സാധാരണ കർഷകരുടെ ജീവിതമാണ്. വ്യവസായ സംരംഭങ്ങൾക്കായി വനഭൂമി വെട്ടിത്തെളിക്കാൻ അനുമതി നൽകുന്നതിലൂടെ ശുഷ്ക്കമായിക്കൊണ്ടിരിക്കുന്ന ഇന്ത്യൻ വനമേഖല ഏതാണ്ട് പൂർണ്ണമായി ഇല്ലാതാകുവാൻ കാരണമാകും. ഇത്രയും കാലം ആദിവാസികളുടെ അവകാശങ്ങൾ പരിമിതമായ തോതിൽ സംരക്ഷിച്ചുപോന്ന വന അവകാശനിയമം റദ്ദ് ചെയ്യപ്പെടുന്നതോടെ അവരെ കാടുകളിൽനിന്ന് കുടിയൊഴിപ്പിക്കുക ഏറെ എളുപ്പമാകും. കൽക്കരിയും ചെമ്പും മാംഗനീസും യുറേനീയവും വിളയുന്ന ജാർഖണ്ഡിലെയും മധ്യപ്രദേശിലെയും ആദിവാസി മേഖലകളിലെ ഖനികൾ ഇവിടുത്തെ ഖനനമാഫിയകളുടെ സ്വന്തമാവുകയും ചെയ്യും.

ആദിവാസി മേഖലകളിൽ നിന്ന് ആക്ടിവിസ്റ്റുകളെ പാടേ തുടച്ചുനീക്കുവാനുള്ള ഭരണകൂട വ്യഗ്രതയും നാമിതിനോടു ചേർത്തുവായിക്കേണ്ടതാണ്. അസംഘടിതരായ ആദിവാസികളെ അവരുടെ വാസസ്ഥലങ്ങളിൽ നിന്ന് ആട്ടിപ്പായിക്കുവാൻ വളരെ എളുപ്പമാണ് എന്ന ലളിതയുക്തിയാണ് ഈ ശ്രമത്തിന് പിന്നിൽ. അല്ലാതെ മതതീവ്രവാദികൾക്ക് ഒരു സംസ്ഥാനം ഭരിക്കാൻ ഒത്താശചെയ്യുന്ന ഭരണപക്ഷത്തിന് ദേശസുരക്ഷയ്ക്ക് താൽക്കാലികമെങ്കിലും അവരോളം ഭീഷണിയില്ലാത്ത, കൃത്യമായ ഏകോപനമില്ലാതെ ചിതറിക്കിടക്കുന്ന, ഇത്തരം ഗ്രൂപ്പുകളെ ഇല്ലായ്മ ചെയ്യാൻ ഇത്രയും പണത്തിന്റെയും മനുഷ്യശക്തിയുടെയും ആവശ്യമെന്ത്?

ഇന്ത്യ ഇനി ആരുഭരിച്ചാലും നയപരമായ കാര്യങ്ങൾ തീരുമാനിക്കപ്പെടുന്നത് കോർപ്പറേറ്റുകളുടെ കാര്യാലയങ്ങളിൽ വച്ചാകും. കുത്തനെ ഉയരുന്ന തിരഞ്ഞെടുപ്പ് ചിലവുകൾ ഒരു ദുസ്സൂചനയായി നാം തിരിച്ചറിയേണ്ടതായിരുന്നു. മുഖ്യധാരാ പത്രങ്ങളിലെ മുഴുപേജു പരസ്യങ്ങളും ഇലക്ട്രോണിക് മാധ്യമങ്ങളുടെ ദൈർഘ്യമേറിയ പരസ്യചിത്രങ്ങളും ഇന്ത്യൻ ജനാധിപത്യത്തിന് ദോഷമേ ചെയ്യൂ. അതിനെതിരെ അന്നേ പ്രതിരോധം തീർക്കേണ്ടതായിരുന്നു. രാഷ്ട്രീയ പാർട്ടികളുടെ വർദ്ധിച്ചുവരുന്ന തിരഞ്ഞടുപ്പ് ചിലവുകൾ വഹിക്കുവാൻ തയ്യാറാകുന്ന കോർപ്പറേറ്റുകൾ വെറുതെ അത് ചെയ്യുമെന്ന് കരുതുന്നത് മഹാ അബദ്ധമാകും. അവർക്ക് അതിന്റെ പതിന്മടങ്ങ് തിരിച്ചുകൊടുക്കുവാൻ ഉതകുന്ന തരത്തിൽ നയപരമായ വിട്ടുവീഴ്ചകൾക്ക് തിരഞ്ഞെടുക്കപ്പെടുന്ന ഭരണകൂടം തയ്യാറാകേണ്ടിവരും.

അധികാരകേന്ദ്രങ്ങളോടുള്ള അതിരുകവിഞ്ഞ വിധേയത്വം ഒരുകാലത്ത് നമ്മുടെ അതിജീവനത്തിന് ഉതകിയിരുന്നു. എങ്കിലും ഇനി വരാനിരിക്കുന്ന നാളുകളിൽ അത് നമ്മെ സഹായിക്കുമെന്ന് കരുതാനാവില്ല. ഏത് ജനതയുടെ സമ്പത്താണോ കവർന്നത്, അതേ ജനത തന്നെ തങ്ങളുടെ അഴിമതിക്കാരായ ഭരണാധികാരികൾക്ക് ജയ് വിളിക്കുന്ന നാട്ടിൽ പ്രതിരോധം



എന്നത് വെള്ളം വീണ് കുതിർന്ന വിറകിൽ തീ പിടിപ്പിക്കുന്നതുപോലെ ദുഷ്ക്കരമാണ്. ഒട്ടൊക്കെ അസാധ്യവും. ശൂന്യതയാണ് നമ്മെ കാത്തിരിക്കുന്നതെങ്കിലും ആ ശൂന്യത നീതിയാവാതിരിക്കാൻ നമുക്ക് പരിശ്രമിക്കാം.

ഒരു ജനാധിപത്യ സമൂഹത്തിന്റെ നിലനിൽപ്പ് അതിലെ പൗരന്മാരുടെ ശ്രദ്ധയിലും ജാഗ്രതയിലുമാണ് അധിഷ്ഠിതമായിരിക്കുന്നത്. ജാഗരൂകരല്ലാത്ത പൗരന്മാരുടെ ജനാധിപത്യ സമൂഹം ആത്യന്തികമായി പരാജയപ്പെടുക തന്നെ ചെയ്യും. പൂർവീകർ തങ്ങളുടെ ജീവിതവും പലപ്പോഴും ജീവനും തന്നെ കൊടുത്തു നേടിത്തന്ന ജനാധിപത്യ വ്യവസ്ഥ അങ്ങനെയങ്ങ് നഷ്ടപ്പെടുത്താനുള്ളതാണോ? നമ്മുടെ വിയർപ്പും ചോരയും പുരളാത്തതിനാൽ നമുക്കീ ജനാധിപത്യഭരണം അത്രയൊന്നും മോഹിപ്പിക്കുന്നതായി ചിലപ്പോൾ തോന്നിയിരിക്കില്ല. വർത്തമാനകാല തലമുറ പലപ്പോഴും അതിന്റെ ഋണാത്മക വശങ്ങൾ മാത്രമായിരിക്കും പലപ്പോഴും കാണുന്നത്. പക്ഷേ, എന്തൊക്കെ വൈകല്യങ്ങൾ ഉണ്ടെങ്കിലും ഇന്നും ലോകം ഇതിനേക്കാൾ മെച്ചപ്പെട്ട ഭരണക്രമം ഇതുവരെ കണ്ടെത്തിയിട്ടില്ല എന്നതു മറക്കരുത്. ഏറ്റവും കുറഞ്ഞത് പ്രതിഷേധിക്കാനുള്ള അവകാശമെങ്കിലും അത് നമുക്ക് നേടിത്തരുന്നുണ്ടല്ലോ.

പഴയകാലത്തെ രാജാക്കന്മാരിൽ നിന്ന് പുതിയ രാഷ്ട്രീയ മേലാളന്മാർക്കുള്ള ഏറ്റവും വലിയ വ്യത്യാസം തങ്ങൾക്ക് വിധേയരായ ഒരു ജനതയിലേക്ക് അധികാരമെത്തിക്കുന്ന രീതിയിലാണ്. ജനതയെ തകർത്തുകളയുന്ന നയങ്ങൾപോലും അത് അവരുടെ ആത്യന്തികനന്മയ്ക്കാണ് എന്ന മട്ടിൽ അവതരിപ്പിക്കാൻ 'ആധുനിക രാജാക്കന്മാർക്ക്' അറിയാം. ഔഷധ സേവയ്ക്ക് മടിക്കുന്ന മാർജാരന്റെ വാലിൽ അത് പുരട്ടിക്കൊടുത്ത് അവനേക്കൊണ്ടു തന്നെ അത് നക്കി അകത്താക്കിക്കുന്ന തന്ത്രവിദ്യ ഇന്നിന്റെ ചാണക്യന്മാർക്ക് സ്വായത്തമാണ്. ദീർഘകാല അടിസ്ഥാനത്തിൽ ജനങ്ങൾക്ക് വിപൽക്കരമായി തീർന്നേക്കാവുന്ന കാര്യങ്ങൾ അവരുടെ ആവശ്യമായി ജനകീയ സമരങ്ങളിലൂടെ സാധിച്ചുകൊടുക്കുന്ന രീതിയിൽ അടിച്ചേൽപ്പിക്കുവാൻ ഭരണാധികാരികൾക്ക് അനിതരസാധരണമായ വൈദഗ്ധ്യമുണ്ട്. രാഷ്ട്രപുരോഗതി, വികസനം, സാമ്പത്തിക വളർച്ച എന്നൊക്കെ പറയുന്നത് ഇന്നത്തെ ഭരണാധികാരികളെ സംബന്ധിച്ചിടത്തോളം വ്യത്യസ്തങ്ങളായ ആട്ടിൻതോലുകൾ മാത്രം. ശക്തമായ രാഷ്ട്രീയ അവബോധം നിലനിർത്തുക എന്നതേ ഇതിനൊരു പരിഹാരമുള്ളൂ.

പേജ് 4-ൽ തുടരുന്നു ▸

START - LEARNING TODAY LEADING TOMORROW



രാജ്യത്തെ ഉദ്യോഗസ്ഥ-ഭരണ നയരൂപീകണ തലങ്ങളിലും ജുഡീഷ്യറിയിലും മാധ്യമരംഗത്തുമെല്ലാം ക്രൈസ്തവ മൂല്യബോധവും ആദർശനിഷ്ഠയും ആത്മീയ ശിക്ഷണവുമുള്ളവരെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെ താമരശ്ശേരി രൂപതയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച സ്ഥാപനമാണ് St. Thomas Academy for Research and Training (START). അഖിലേന്ത്യാടിസ്ഥാനത്തിൽ നടക്കുന്ന മത്സരപരീക്ഷകളെഴുതുവാൻ ധിഷണശാലികളായ കുട്ടികളെ പ്രാപ്തരാക്കുന്ന സ്റ്റാർട്ട് 19 വർഷം പൂർത്തിയാക്കി. ശരീരത്തിന്റെയും, മനസ്സിന്റെയും, ആത്മാവിന്റെയും സന്തുലിത വളർച്ച ലക്ഷ്യമാക്കിയാണ് സ്റ്റാർട്ട് പ്രവർത്തിക്കുന്നത്. ഓരോ വിദ്യാർത്ഥിയുടേയും ആധ്യാത്മിക മാനസിക സ്വഭാവരൂപീകരണം, നേതൃത്വഗുണം എന്നിവയ്ക്ക് ഊന്നൽ നൽകിയാണ് സ്റ്റാർട്ടിലെ പരിശീലനം ചിട്ടപ്പെടുത്തിയിരിക്കുന്നത്. ഇത് സ്റ്റാർട്ടിന്റെ ഓരോ വിദ്യാർത്ഥിയേയും രാജ്യത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നു പഠിച്ചിറങ്ങുന്ന മറ്റു വിദ്യാർത്ഥികളുമായി മത്സരിക്കുന്നതിനും ഉന്നത വിജയം നേടുന്നതിനും പ്രാപ്തരാക്കുന്നു.

## പഠന മേഖലകൾ

- നാഷണൽ ടെസ്റ്റിങ് ഏജൻസി (NTA) നടത്തുന്ന കോമൺ യൂണിവേഴ്സിറ്റി എൻട്രൻസ് ടെസ്റ്റ് (CUET), IPM, CLAT, NDA Technical and non-Technical, NID, JEE, KEAM, CUSAT CAT തുടങ്ങിയ പ്രവേശന പരീക്ഷക്കുള്ള പരിശീലനം. (After Plus Two)
- സിവിൽ സർവ്വീസ്, NET, SET, TET, UPSC, PSC തുടങ്ങിയ മത്സര പരീക്ഷകൾക്കുള്ള പരിശീലനം.
- മൂന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ പഠിക്കുന്ന കുട്ടികൾക്ക് അവധിക്കാലങ്ങളിൽ യുറേക്ക മൊമെന്റ് മിനി മാസ്റ്റർ, ARISE Basic, Classic, Advanced, Proficient Level English ട്രെയിനിങ്ങുകളിൽ പങ്കെടുക്കാം.
- ഈ അധ്യയന വർഷം മുതൽ ജർമ്മൻ, ഫ്രഞ്ച് ഉൾകൊള്ളുന്ന ഇന്റഗ്രേറ്റഡ് പ്ലസ്-ടൂ കോഴ്സ് ആരംഭിച്ചിരിക്കുന്നു.
- സ്റ്റാർട്ട് ഇന്റർനാഷണൽ കെയർ സർട്ടിഫിക്കറ്റ് കോഴ്സ്, AI & പൈത്തൺ കോഴ്സ് എന്നിവയും സ്റ്റാർട്ടിന്റെ പഠനപദ്ധതിയുടെ ഭാഗമാണ്.

## സ്റ്റാർട്ടിന്റെ വിജയഗാഥ

IIT Madras, TISS, NIMHANS Banglore, EFLU, Central University of Delhi, Hydrabad, Pondicherry etc..., CUSAT Cochi, LAW Colleges തുടങ്ങിയ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഡ്മിഷൻ നേടുന്നതിന് സ്റ്റാർട്ടിലെ പരിശീലനം വിദ്യാർഥികളെ സഹായിച്ചിട്ടുണ്ട്. കലാ, കായിക, സാംസ്കാരിക രംഗങ്ങളിലും, കേന്ദ്ര-സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥതലത്തിലും സ്റ്റാർട്ടിലെ പൂർവ്വ വിദ്യാർത്ഥികൾ ജോലി ചെയ്യുന്നു. നിരവധി വിദ്യാർത്ഥികൾ Ph.D പഠനം പൂർത്തിയാക്കി യൂണിവേഴ്സിറ്റി തലത്തിൽ പഠിപ്പിക്കുന്നു.



START
ST. THOMAS ACADEMY FOR RESEARCH AND TRAINING
Learning Today... Leading Tomorrow... Towards Excellence!
Netaji Nagar, Kottooli, Kozhikode – 16
+91 495 2357843 | +91 9037107843 | +91 9744458111 (Director)

## ഞങ്ങളുടെ പ്രത്യേകതകൾ

- ശാസ്ത്രീയമായ പഠനരീതികൾ, പൊതുവിജ്ഞാനം, സ്പോക്കൺ ഇംഗ്ലീഷ്, ക്രിസ്തീയ മൂല്യാധിഷ്ഠ ജീവിതശൈലി, ലോജിക്കൽ റീസണിങ്, ഇന്റർവ്യൂ പരിശീലനം തുടങ്ങി കുട്ടികളുടെ സമഗ്രവളർച്ചക്കാവശ്യമായ എല്ലാകാര്യങ്ങളും ഉൾക്കൊള്ളുന്ന പരിശീലന-പാഠ്യപദ്ധതിയാണ് സ്റ്റാർട്ടിൽ ആവിഷ്കരിച്ചിട്ടുള്ളത്.
- ശാസ്ത്രീയവും പ്രായോഗികവുമായ മാർഗ്ഗങ്ങളിലൂടെ സ്വന്തം അഭിരുചി കണ്ടെത്തി അതനുസരിച്ചു മാത്രം ഉപരിപഠനത്തിനായുള്ള വിഷയവും സ്ഥാപനവും തെരഞ്ഞെടുക്കാൻ സ്റ്റാർട്ട് കുട്ടികളെ സഹായിക്കുന്നു.
- നിത്യേനയുള്ള വിശുദ്ധ കുർബാന, മാസംതോറുമുള്ള വിശുദ്ധ കുമ്പസാരം, ആദ്ധ്യാത്മിക ശിക്ഷണം, മാനസിക ആരോഗ്യ രൂപീകരണം എന്നിവയും സ്റ്റാർട്ടിന്റെ പ്രത്യേകതകളാണ്.
- ക്രൈസ്തവ ചൈതന്യത്തിലും ധാർമ്മിക മൂല്യങ്ങളിലും അടിയുറച്ച് വളർന്നു വരാനുള്ള അന്തരീക്ഷം ഒരുക്കി പഠിപ്പിക്കുക എന്നത് സ്റ്റാർട്ടിന്റെ മാത്രം സവിശേഷതയാണ്.

# തകർക്കപ്പെടരുത് ജനാധിപത്യം

**ഇന്ത്യൻ ജനാധിപത്യം നേരിടുന്ന മറ്റൊരു ഭീഷണി അതിലെ പൗരന്മാരായ നാം കാണിക്കുന്ന നിഷ്ക്രിയത്വമാണ്. ഒന്നെങ്കിൽ നാം പലതും അറിയാതെ പോകുന്നു, അറിഞ്ഞാൽ തന്നെ നാം വരുന്നതുപോലെ വരട്ടെ എന്ന ഭാവത്തിൽ പ്രതികരിക്കാതിരിക്കുന്നു.**

▸ പേജ് മൂന്നിൽ നിന്ന് തുടർച്ച

പുതുതലമുറയിൽപ്പെട്ട പലരെ സംബന്ധിച്ചെടുത്തോളം തങ്ങൾക്ക് രാഷ്ട്രീയത്തിൽ താൽപര്യമില്ലെന്ന് പരസ്യമായി പ്രഖ്യാപിക്കുന്നതുപോലും ഫാഷനായി മാറിയിരിക്കുന്നു. തീരെ രാഷ്ട്രീയ അവബോധമില്ലാത്ത ഇക്കൂട്ടരും പൊതുതിരഞ്ഞെടുപ്പിൽ തങ്ങളുടെ സമ്മതിദാനം വിനിയോഗിക്കുന്നുണ്ട് എന്ന് ഓർക്കുക. അജ്ഞരായ ആൾക്കൂട്ടത്തിന്റെ ഭരണം എന്ന, നമുക്ക് ഓർക്കുവാൻ ഇഷ്ടമില്ലാത്ത ജനാധിപത്യത്തിന്റെ നിർവചനത്തിലെ അജ്ഞർ വിദ്യാഭ്യാസമില്ലാത്തവരല്ല, പ്രത്യുത രാഷ്ട്രീയ ബോധമില്ലാത്തവരാണ്.

രാഷ്ട്രീയ പ്രബുദ്ധതയിൽ അഹങ്കരിക്കുന്ന കേരളം പോലുള്ള സംസ്ഥാനങ്ങളിൽ പോലും ശരിയായ രാഷ്ട്രീയ അവബോധമുള്ളവർ വംശനാശം നേരിടുന്ന, തീരെ ചെറിയ ന്യൂനപക്ഷമാണ്. എവിടെയും ഏത് രാഷ്ട്രീയക്കാരുടെ ഒപ്പവും കൊടിപിടിക്കാൻ തയ്യാറാകുന്ന ഒരു പറ്റം ആളുകൾ കാണും. പക്ഷേ അവരിൽ എത്രപേർക്ക് തങ്ങൾ അംഗമായ പ്രസ്ഥാനത്തിന്റെ ജീർണ്ണതകളെക്കുറിച്ചും അപചയങ്ങളെക്കുറിച്ചും ശരിയായ അറിവുണ്ടാകും? സംശയമാണ്. അത്തരമൊരു സ്വയം വിമർശനാത്മകത പുലർത്തുന്ന ഇവരിലേറെപ്പേരെയും ഇപ്പറയുന്ന പ്രസ്ഥാനങ്ങളെപ്പോഴും പടിയടച്ച് പിണ്ഡം വച്ചിട്ടുണ്ടാകും. ഒരു കാലത്ത് ഏറ്റവും കൂടുതൽ രാഷ്ട്രീയ അവബോധമുള്ള അണികൾ ഉണ്ടായിരുന്ന കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം തന്നെ ഇതിന് ഏറ്റവും നല്ല ഉദാഹരണം.

യഥാർത്ഥത്തിൽ രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുന്നത് അതിന്റെ ഭാഗമായ വിമർശകരാണ്. അവരെ നിശബ്ദരാക്കിയാൽ എന്ത് സംഭവിക്കും എന്നതിനുള്ള ഉത്തമ ഉദാഹരണമാണ് പഴയ സോവിയറ്റ് യൂണിയന്റെ തകർച്ച. കേരളത്തിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ ഏറെയും ഇന്ന് ഈ രീതിയലുള്ള ജീർണ്ണത മാരകമായ അളവിൽ പ്രകടമാക്കുന്നുണ്ട്. ഒരു ജനതയുടെ ആത്യന്തികമായ നിലനിൽപ്പിനും അതിജീവനത്തിനും ഉതകുന്ന ഏതെങ്കിലുമൊരു കാര്യത്തിനുവേണ്ടി രാഷ്ട്രീയ പ്രസ്ഥാനങ്ങൾ സമരം ചെയ്തിട്ട് എത്രകാലമായി. പോകെപ്പോകേ ഭരണത്തിലിരിക്കുന്നവരെ വലിച്ചു താഴെയിടാൻ പോലും പ്രതിപക്ഷത്തിരിക്കുന്നവർക്ക് വയ്യാതായിരിക്കുന്നു. എന്തെങ്കിലും ഒരു മൂല്യബോധം കൊണ്ടല്ല ഇത് എന്നതാണ് വേദനിപ്പിക്കുന്ന സത്യം.

തങ്ങൾക്കിടയിലെ ശക്തനായ ഒരു വിമതൻ അധികാരത്തിൽ എത്തുന്നതിനേക്കാളും രാഷ്ട്രീയത്തിൽ ഇഷ്ടപ്പെടുന്നത്, എതിരാളികൾ തന്നെ ഭരിക്കുന്നതാണ്. എന്തായാലും, രാഷ്ട്രീയ പ്രബുദ്ധത ഉണ്ട് എന്ന് പൊങ്ങച്ചം പറയുന്ന ഒരു ജനതയെ സംബന്ധിച്ചിടത്തോളം ഭൂഷണമല്ല. അഞ്ചു കൊല്ലം അവന്മാർ എങ്ങനെയെങ്കിലുമൊക്കെ ഭരിക്കട്ടെ അതുകഴിയുമ്പോൾ എന്തായാലും അത് ഞങ്ങൾക്കുള്ളതല്ലേ എന്ന് കരുതുന്നവർ അരാഷ്ട്രീയരേക്കാളും ഒരു ജനാധിപത്യവ്യവസ്ഥിതിയെ സംബന്ധിച്ചിടത്തോളം ആപത്ക്കാരികളാണ്. ഇവരെ നാം തിരിച്ചറിയേണ്ടിയിരിക്കുന്നു.



**എത്രമാത്രം ന്യൂനതകളുണ്ടെങ്കിലും ജനാധിപത്യത്തേക്കാൾ മികച്ച രാഷ്ട്രീയ സംവിധാനമില്ല. അതിന്റെ തകർച്ച ഇന്ത്യ എന്ന മഹാരാജ്യത്തിന്റെ തകർച്ചയായിരിക്കും. ഈ മഹാവൃക്ഷത്തിന്റെ ചില്ലകളിൽ ചേക്കേറിയിരിക്കുന്ന നമുക്ക് അതിന്റെ തകർച്ച നോക്കിയിരിക്കാനാകുമോ?**

മനുഷ്യൻ ആത്യന്തികമായി രാഷ്ട്രീയ ജീവിയാണ്. നേരിട്ടു നിങ്ങൾ രാഷ്ട്രീയ പ്രവർത്തനത്തിൽ പങ്കെടുത്താലും ഇല്ലെങ്കിലും അത് നിഷേധിക്കാനാവാത്ത വസ്തുതയാണ്. സംഘമായി ജീവിക്കുവാനുള്ള പ്രേരണ ജനിതകമായി നമ്മിൽ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നിടത്തോളം കാലം അത് അങ്ങനെയല്ല അത് വരാനും ന്യായമില്ല. മനുഷ്യൻ ജനിതകമായി പേറുന്ന രാഷ്ട്രീയത്തിന്റെ ആത്യന്തിക പരിണിതിയാണ് ജനാധിപത്യം. അതിൽ നിങ്ങൾ വിശ്വസിക്കുന്നിടത്തോളം കാലം ഉണർന്നിരുന്നേ പറ്റൂ. അതൊരു ജനാധിപത്യ രാഷ്ട്രത്തിലെ പൗരന്മാർ എന്ന രീതിയിൽ നമ്മുടെ കടമയാണ്. ആ നിതാന്ത ശ്രദ്ധയാണ് ജനാധിപത്യ വ്യവസ്ഥിതിയിലെ നെടുംതൂൺ. അതിലുണ്ടാകുന്ന ഏത് ജീർണ്ണതയും ആ ഭരണക്രമത്തിന്റെ ആത്യന്തിക നാശത്തിലേക്കായിരിക്കും നയിക്കുക. ഭരണം കൈപ്പിടിയിലൊതുക്കാൻ ക്ഷമയോടെ കാത്തിരിക്കുന്ന ഏകാധിപതികളോ സർവാധിപതികളോ അവസരം പാഴാക്കാതെ ചാടിവീഴുകയും ചെയ്യും. പിന്നെ ഖേദിച്ചിട്ടു കാര്യമില്ല. പലപ്പോഴും ജനാധിപത്യത്തിനെതിരായ ആക്രമണം തുടങ്ങുന്നത് വളരെ മൃദുവായ രീതിയിലായിരിക്കും. അത് ബാഹ്യശക്തികളെക്കാൾ ആന്തരിക ശക്തികളായിരിക്കും ഒരു ജനാധിപത്യ വ്യവസ്ഥിതിയെ ആത്യന്തികമായി തകർക്കുക. പുറത്തുനിന്നുള്ള ആക്രമണം മുൻകൂട്ടിക്കണ്ട് ബലപ്പെടുത്തിയ ഏത് കോട്ടയും അകത്തുനിന്ന് തകർക്കാൻ വളരെ എളുപ്പമാണ്. അതിനാൽ ജനാധിപത്യ രാഷ്ട്രത്തിലെ പൗരന്മാരായി നാം ഇത്തരം ആന്തരിക ഛിദ്രശക്തികളുടെ ആക്രമണത്തിനെതിരെ സദാ ജാഗരൂഗരായിരിക്കണം.

ഒരു ജനാധിപത്യ വ്യവസ്ഥയുടെ ആണിക്കല്ല് അതിന്റെ മതനിരപേക്ഷതയാണ്. അതിനെ തകർക്കുന്നതോടെ ആ ജനാധിപത്യവ്യൂഹം എത്ര ചെറുതോ വലുതോ ആയിക്കോട്ടെ വൈകാതെ തകർന്നടിഞ്ഞു പോകും. ഘർവാപസിയോ, നിർബന്ധിത മതപരിവർത്തനമോ, കടലാസു നോട്ടു പരിഷ്ക്കരണമോ, നാടുനീളെ ഗോഡ്സെയുടെ പ്രതിമ സ്ഥാപിക്കലോ, സർദാർ വല്ലഭായ് പട്ടേലിനെ ആനുപാതികമല്ലാതെ ആഘോഷിക്കുന്നതോ എന്തുമാവട്ടെ, അത് കാലക്രമത്തിൽ ഒട്ടേറെ പേർ തങ്ങളുടെ ജീവനും ജീവിതവും കൊടുത്ത് നേടിയ ഇന്ത്യൻ ജനാധിപത്യത്തിന്റെ ആത്യന്തിക നാശത്തിലേക്കേ നയിക്കൂ.

ഒരു ജനാധിപത്യവ്യവസ്ഥിതിയെ നിലനിർത്തുന്നതിൽ മുഖ്യപങ്ക് വഹിക്കുന്നത് അതിന്റെ ബഹുസ്വരതയാണ്. അതില്ലാതാക്കുന്നതെന്തും ആ വ്യവസ്ഥയെ ഉള്ളിൽ നിന്ന് തീർച്ചയായും അതിനെ അസ്ഥിരപ്പെടുത്തും. ഏകതാനതയെ പരിപോഷിപ്പിക്കുന്ന എന്തിനെതിരെയും ഒരു ജനാധിപത്യ രാഷ്ട്രത്തിലെ പൗരന്മാർ ശ്രദ്ധാലുക്കളായിരിക്കണം.

ഒരു ജനായത്ത വ്യവസ്ഥയെ ഉള്ളിൽ നിന്ന് തകർക്കുന്ന മറ്റൊരു സുപ്രധാന ഘടകം അതിലെ പൗരന്മാരുടെ അസംതൃപ്തിയാണ്. ഇന്ത്യൻ ജനാധിപത്യം നേരിടുന്ന മറ്റൊരു ഭീക്ഷണി അതിലെ പൗരന്മാരായ നാം കാണിക്കുന്ന നിഷ്ക്രിയത്വമാണ്. ഒന്നെങ്കിൽ നാം പലതും അറിയാതെ പോകുന്നു, അറിഞ്ഞാൽ തന്നെ നാം വരുന്നതുപോലെ വരട്ടെ എന്ന ഭാവത്തിൽ പ്രതികരിക്കാതെ ഇരിക്കുന്നു. യഥാസമയം പ്രതികരിച്ചിരുന്ന പലരും മുൻ അനുഭവങ്ങളിൽ മനംനൊന്ത് പ്രതികരിക്കാതായിരിക്കുന്നു. അതിലേറെപേർ സഹസ്രാബ്ദങ്ങളായി ഇവിടെ നിലവിൽ നിന്ന ജാതിവ്യവസ്ഥ സൃഷ്ടിച്ച സഹിക്കാനും വഴങ്ങാനുമുള്ള പ്രവണതയിൽ നിത്യമായി അഭയം തേടിയിരിക്കുന്നു. ഇങ്ങനെ എത്രകാലം നമുക്ക് മുന്നോട്ടുപോകാനാകും? മതപരമായ കാര്യങ്ങളിൽ മാത്രമാണ് ഇന്ന് ശരാശരി ഇന്ത്യൻ പൗരന്മാർ പ്രതികരണശേഷി നിലനിർത്തുന്നത്. ഇതാണെങ്കിൽ ആനുപാതികമല്ലാത്തവണ്ണം കൂടുതലാണുതാനും. ഇങ്ങനെ നമുക്ക് അധികകാലം മുന്നോട്ടുപോകുവാനാകില്ല. എണ്ണിയാൽ ഒടുങ്ങാത്ത ഭാഷകളുള്ള, നൂറുകണക്കിന് സംസ്കൃതികളുടെ, അതിലേറെ, വിശ്വാസങ്ങളുടെ പ്രാദേശികതകളുടെ കോക്ക്ടെയ്‌ലായ നമ്മുടെ ഈ സംസ്കാരത്തിന് എത്രമാത്രം ന്യൂനതകളുണ്ടെങ്കിലും ജനാധിപത്യത്തേക്കാൾ മികച്ച രാഷത്രീയ സംവിധാനമില്ല. അതിന്റെ തകർച്ച ഇന്ത്യ എന്ന മഹാരാജ്യത്തിന്റെ തകർച്ചയായിരിക്കും. ഈ മഹാവൃക്ഷത്തിന്റെ ചില്ലകളിൽ ചേക്കേറിയിരിക്കുന്ന നമുക്ക് അതിന്റെ തകർച്ച നോക്കിയിരിക്കാനാകുമോ? കുറേ ചില്ലകൾ മുറിച്ചുമാറ്റിക്കഴിഞ്ഞുവെങ്കിലും അതിന്റെ വേരുകൾ ഇന്നും ഭദ്രമാണ്.

നമ്മുടെ അയൽനാടുകൾ പലതും അനവധി തവണ പട്ടാളഭരണത്തിലേക്ക് വഴുതിയിട്ടും ഇന്നും നമ്മുടെ നാട് അതിന്റെ ജനാധിപത്യശീലങ്ങൾ തുടരുന്നുണ്ട്. എന്നുവെച്ചാൽ നാം ഒരുപാടു വൈകിയിട്ടില്ല എന്നു ചുരുക്കം. അതിനെ നിലനിർത്താൻ നാം ചെയ്യേണ്ടത് ഇത്രയേയുള്ളൂ, പണ്ട് കാനനവാസികളായിരുന്നപ്പോൾ ഓരോ ചുവടിലും പുലർത്തിയിരുന്ന ശ്രദ്ധ നാം തിരിച്ചുപിടിക്കുക. പിന്നിൽ നിന്ന് ഉയരുന്ന ഓരോ ഇലയനക്കങ്ങൾക്കും ചെവിയോർക്കുക. ഒരു ജനാധിപത്യ സംവിധാനത്തിൽ ഭീക്ഷണിയാകാൻ ഇടമുള്ള എന്തിനെതിരെയും പ്രതിരോധം തീർക്കുക. പ്രതീക്ഷയ്ക്ക് ഇനിയും വകയുണ്ട്.

*പ്രമുഖ എഴുത്തുകാരനും ആക്ടിവിസ്റ്റും ചിന്തകനുമാണ് ലേഖകൻ*

**സ്വർഗ്ഗവാസത്തിന്റെ 11-ാം വർഷം (17–06–2024)**



**മേരി ജോൺ ആരനോലിക്കൽ**

കുണ്ടായിത്തോട്, കോഴിക്കോട്

പ്രാർത്ഥനകളോടെ ഭർത്താവ് എ.ജെ. ജോൺ, മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ


Success Garten®
14 Years of Linguistic Odyssey
Mathichiparambil Edifice, Thiruvambady. Mob : 9447814774, 8590038240
Official partner of :
CAMBRIDGE UNIVERSITY PRESS
idp IELTS
BRITISH COUNCIL
ETS TOEFL
Pearson Test of English
Founder, Director cum Chief Trainer
CHINTU M. RAJU
[MFSc(CIFT), MBA(UGC-NET), MA English, PGDTRM, PGDTM(XLRi)]
Success Garten continues its legacy in IELTS, OET, PTE & TOEFL
EXCITING RESULTS OF FIRST HALF OF 2024!
Garten IELTS
GARTEN IELTS RUBY CLUB
Overall 8 band with an enviable individual split up of minimum 7!
Alwin Joseph Stanley, Venappara, L-9, R-8, W-7, S-7
Aneesha Joys, Vettilappara, L-8.5, R-8.5, W-7, S-7.5
Enjoy Mrithun, Chundale, L-8.5, R-8, W-7.5, S-7.5
Sera Dominic, Kodenchery, L-8.5, R-9, W-7, S-7
Harshit R.K., Kasargodu, L-9, R-9, W-7, S-7
Meryl John, Koodaranhi, L-9, R-7.5, W-7.5, S-7
GARTEN NURSES' IRELAND CLUB
Dona Thomas, Pulpally, Overall-7, L-7, R-7, W-7, S-6.5
Joslin Jose, Kasargode, Overall-7.5, L-8.5, R-7.5, W-7, S-6.5
GARTEN NURSES' UK CLUB
Dona Benny, Kasargode, Overall-7, L-7.5, R-7, W-6.5, S-7
Don Joseph, Chembukadav, Overall-7.5, L-7.5, R-8, W-6.5, S-7
GARTEN SAPPHIRE 7.5 BAND CLUB
Ashil V. Jamsh, Calicut, L-8.5, R-7.5, W-7, S-7.5
Blesitta Susan Varghese, Kambalakad, L-8, R-8, W-7, S-7.5
Jerit K. Saji, Pulpally, L-8, R-8, W-7, S-7
Alaka Theres Babu, Kodenchery, L-8.5, R-7, W-7.5, S-7
Aleena Joseph, Koodaranji, L-8.5, R-7.5, W-7, S-7
Ayana Kuruvila, Chakkittapara, L-7.5, R-8, W-7, S-7
Emil John, Koodaranji, L-8.5, R-7, W-7, S-7
Thafseela Koya, Manassery, L-8, R-8, W-7, S-7
Garten TOEFL
Overall- 101
Steve Benny Joseph, Calicut, R-27, L- 23, S-27, W-24
Success Garten leads the IELTS market with maximum overall 8.5 bands, 8 bands and 7.5 bands; Come & feel the unparalleled training programmes prepared by the chief trainer Mr Chintu M. Raju who celebrates 20 years of his experience in IELTS!
Garten PTE
GARTEN PTE : CITADEL CLUB (+70)
PINNACLE CLUB (+80)
Mariya Emmanuval, Thaliparamba, Overall-81, L-85, R-79, S-81, W-84
Aiswaria Joseph, Koorachundu, Overall-71, L-67, R-76, S-65, W-76
Gifty Anna Varghese, Mananthavady, Overall-79, L-80, R-79, S-83, W-81
Jophin Raju, Mukkam, Overall-79, L-83, R-80, S-88, W-74
Shilpa Karunakaran, Kalpetta, Overall-78, L-84, R-79, S-82, W-74
Suvimary Sebastian, Maruthomkara, Overall-77, L-82, R-83, S-85, W-72
Tess Joseph, Ernakulam, Overall-77, L-79, R-75, S-90, W-76
Abhinand E., Mananthavady, Overall-74, L-77, R-69, S-90, W-70
Akhith Raj, Omassery, Overall-74, L-75, R-78, , S-84, W-72
Cinta Treesa Sooraj, Thiruvambady, Overall-73, L-71, R-79, S-87, W-68
Neil Pradeep, Chathamangalam, Overall-71, L-72, R-68,S-83, W-67
Rinsha Shahanas, Nilambur, Overall-76, L-79, R-73, S-89, W-76
Shemin Mary Mathew, Kodenchery, Overall -72, L-68, R-73, S-70, W-72
CASTLE CLUB (+65)
Aleena P.S., Nilambur, Overall-67, L-66, R-65, S-67, W-72
Aniya Wilson, Mananthavady, Overall-67, L-69, R-64, S-76, W-61
Anu Maria Jose, Mananthavady, Overall-67, L-67, R-68, S-67, W-69
Biba T.S., Palaghat, Overall-65, L-62, R-63, S-59, W-67
Divya Tom, Iritty, Overall-65, L-69, R-64, S-66, W-68
Joel Benny, Cherupuzha, Overall-67, L-66, R-70, S-70, W-71
Johnwin Joby, Kalpetta, Overall-69, L-65, R-74, S-85, W-62
Linet Joseph, Chembukadavu, Overall-66, L-65, R-63, S-58, W-75
Oliviya Maria Smile, Maruthomkara, Overall-66, L-64, R-66, S-74, W-64
Garten OET
PERFECT B CLUB
ANU M.P., Koodaranji, L-B, R-B, W-B, S-B
Ashlin Jose, Thiruvambady, L-B, R-B, W-B, S-B
Aswathi K.Sudheer, Nilambur, L-B, R-B, W-B, S-B
Joicy Kurian, Mannarkad, L-B, R-B, W-B, S-B
Irene Treesa Jose, Thiruvambady, L-B, R-B, W-B, S-B
Megha Lal, Kannur, L-B, R-B, W-B, S-B
Nessy Mathew, Kodenchery, L-B, R-B, W-B, S-B
Aksa Merin Saji, Thekkumkutti, L-B, R-B, W-B, S-B
Angel Blessy George,Pulpally, L-B, R-B, W-B, S-B
Ashly Abraham, Sulthan Bathery, L-B, R-B, W-B, S-B
Amala Mathew, Thaliparamba, L-B, R-B, W-B, S-B
Jilu Vijayan, Koduvally, L-B, R-B, W-B, S-B
Dona V. Tom, Kudiyanmala, L-B, R-B, W-B, S-B
Sandra Prince, Pulluramparа, L-B, R-B, W-B, S-B
Delna Thomas, Pulpally, L-B, R-B, W-B, S-B
Anvin Shaju, Mananthavady, L-B, R-B, W-B, S-B
Blessna Joshy, Alakkode, L-B, R-B, W-B, S-B
Teena Cyriac, Anakkampoyil, L-A, R-B, W-B, S-B
UK CLUB
Aksa T. Antony, Mananthavady, L-B, R-B, W-C+, S-B
Reeya Johny, Santhinagar, L-B, R-B, W-C+, S-B
Lito Tiju, Chembukadav, L-B, R-B, W-C+, S-B
Sony Abraham, Kodenchery, L-B, R-B, W-C+, S-B
Anna Abina Saji, Chittarickal, L-B, R-B, W-C+, S-B
Nidhila Johny, Ambalavayal, L-B, R-B, W-C+, S-B
Riya Babu, Sulthan Bathery, L-B, R-B, W-C+, S-B
MEDICINE
Dr Dilshana Parveen, NIT, L-B, R-B, W-B, S-B
IRELAND CLUB
Arya Girish P. K., Thiruvambady, L-B, R-B, W-B, S-C+
Chaithanya S., Mananthavady, L-B, R-C+, W-B, S-B
Megha Lal, Kannur, L-B, R-B, W-B, S-C+
Silpa Sunny, Malappuram, L-B, R-C+, W-B, S-B
Amitha George, Alakkode, L-C+, R-B, W-B, S-B
Jyothika Vinod, Kodenchery, L-C+, R-B, W-B, S-B
Sangeetha George, Maranchatty, L-B, R-C+, W-B, S-B
Blessy Wilson, Thiruvambady, L-B, R-C+, W-B, S-B
Athira C. M., Punnackal, L-B, R-C+, W-B, S-B

# 'അനന്തമായ അന്തസ്സ്': ഇന്ത്യൻ സാമൂഹിക രാഷ്ട്രീയ പശ്ചാത്തലത്തിൽ

**വിശ്വാസ തിരുസംഘം പ്രസിദ്ധീകരിച്ച 'അനന്തമായ അന്തസ്സ്' എന്ന പ്രബോധനരേഖ സമകാലിക ഇന്ത്യൻ പശ്ചാത്തലത്തിൽ വിശകലനം ചെയ്യുന്നു**



സ്പെഷ്യൽ സ്റ്റോറി

റവ. ഡോ. ഷിബി കാട്ടിക്കുളക്കാട്ട് MCBS

2024 ഏപ്രിൽ എട്ടിന് വിശ്വാസ തിരുസംഘം പ്രസിദ്ധീകരിച്ച 'അനന്തമായ അന്തസ്സ്' (DIGNITAS INFINITA) എന്ന പ്രബോധനരേഖ മനുഷ്യജീവന്റെ മഹത്വത്തെ പ്രതിപാദിക്കുന്നു. കത്തോലിക്കാസഭയുടെ സാമൂഹിക പ്രബോധനങ്ങൾക്ക് അടിസ്ഥാനമായ മനുഷ്യ മഹത്വം എന്ന വിഷയത്തെ കഴിഞ്ഞ കാലങ്ങളിൽ കത്തോലിക്കാസഭ വിശകലനം ചെയ്യുകയും പഠിപ്പിക്കുകയും ചെയ്തതിന്റെ തുടർച്ചയായിട്ടാണ് 'അനന്തമായ അന്തസ്സ്' എന്ന പ്രബോധനത്തെ കാണാൻ.

## അനിഷേധ്യവും അനന്തവുമായ മഹത്വം

ഒരു മനുഷ്യന് ഏത് പരിതാപകരവും ദൗർഭാഗ്യകരവുമായ സാഹചര്യത്തിൽ ജീവിക്കേണ്ടിവന്നാലും അനന്തവും അനിഷേധ്യവുമായ മഹത്വം അഥവാ അന്തസ്സുണ്ടെന്ന് ഈ ഡോക്യുമെന്റ് പ്രസ്താവിക്കുന്നു. കാരണം, ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ സത്തയിൽ തന്നെ അന്തർലീനമായിരിക്കുന്നതാണ് ഈ മഹത്വം. അനീതിയെ വെറുക്കുന്ന, പാവങ്ങളുടെയും അവഗണിക്കപ്പെടുന്നവരുടെയും പക്ഷം ചേരുന്ന, പരസ്പരമുള്ള പങ്കുവയ്ക്കലിനെയും കരുതലിനെയും വിലമതിക്കുന്ന, മനുഷ്യരുടെ നന്മയ്ക്കനുസൃതം അന്ത്യവിധി നടത്തുന്ന ദൈവം മനുഷ്യനോട് കാണിക്കുന്ന സ്നേഹമാണ് മനുഷ്യന്റെ അന്തസ്സിന്റെ അടിസ്ഥാനം. ഇത് ആരുടെയും ഔദാര്യമല്ല, ദൈവത്തിന്റെ ദാനം മാത്രമാണ്.

ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെടുകയും ക്രിസ്തുവിനാൽ മനുഷ്യാവതാരത്തിലൂടെ പുതുസൃഷ്ടിയാക്കപ്പെടുകയും ചെയ്ത മനുഷ്യൻ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട് പിതാവിന്റെ മഹത്വം പ്രതിഫലിപ്പിച്ച് നിത്യജീവിതത്തിൽ എത്താൻ വിളിക്കപ്പെട്ടിരിക്കുന്നു. നമ്മിൽ അന്തർലീനമായിരിക്കുന്ന മഹത്വം നമ്മുടെ സ്വതന്ത്രവും ഉത്തരവാദിത്വപൂർണ്ണവുമായ നന്മയുടെ തെരഞ്ഞെടുപ്പ് ആശ്രയിച്ചാണ് ഇരിക്കുന്നത്.

## പ്രതീക്ഷയുടെ പുതിയ ഇന്ത്യ

കഴിഞ്ഞ രണ്ട് പൊതു തെരഞ്ഞെടുപ്പുകളിലെ ഭാരതീയ ജനതാ പാർട്ടിയുടെ വലിയ വിജയങ്ങൾക്ക് ശേഷം ഇത്തവണ സഖ്യസർക്കാർ നിലവിൽ വന്നപ്പോൾ ഇന്ത്യൻ തിയോളജിക്കൽ അസോസിയേഷൻ (ITA) അതിനെ സ്വാഗതം ചെയ്തുകൊണ്ട് ഒരു പ്രസ്താവന ഇറക്കി. സാഹചര്യങ്ങളെ വികാരങ്ങൾക്ക് അപ്പുറം യാഥാർത്ഥ്യബോധത്തോടെ കാണുകയും നാനാത്വത്തിൽ ഏകത്വം എന്ന ഇന്ത്യയുടെ അടിസ്ഥാന തത്വത്തെ ഭൂരിപക്ഷം ജനങ്ങളും അടിവരയിടുകയും ചെയ്തത് രാജ്യത്തിന്റെ പ്രത്യേക രാഷ്ട്രീയ സാഹചര്യത്തിലെ നിർണായക നിമിഷമായി ITA വിലയിരുത്തി. കാരണം, കഴിഞ്ഞ സർക്കാരിന്റെ ശ്രദ്ധക്കുറവ് സാധാരണക്കാരായ മനുഷ്യരുടെ ജീവിതത്തിൽ, പ്രത്യേകിച്ച് കർഷകരുടെയും തൊഴിലാളികളുടെയും ഇടയിൽ ഉണ്ടാക്കിയ ആഘാതവും ഭരണപക്ഷത്തിന് വെറുക്കപ്പെട്ടവരുടെമേൽ പൊതുഏജൻസികളെ ഉപയോഗപ്പെടുത്തി നടത്തിയ പീഡനങ്ങളും ചെറുതല്ലെന്ന് പ്രസ്താവിക്കുന്നു.

എല്ലാവരുടെയും ഗവൺമെന്റ് എന്ന ഒരു പൊതുബോധം വീണ്ടെടുക്കപ്പെടേണ്ടത് ഇന്നിന്റെ ആവശ്യമാണ്. അല്ലെങ്കിൽ വിഭജന രാഷ്ട്രീയം മതത്തിന്റെയും വർഗീയതയുടെയും പ്രാദേശികതയുടെയും വിഷവിത്തുകൾ വിതച്ച് രാഷ്ട്രീയനേട്ടം കൊയ്യാൻ എന്നും അധ്വാനിച്ചുകൊണ്ടിരിക്കും. ഇന്ത്യ എന്റെ രാജ്യമാണ് എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ് എന്ന ബോധ്യമുള്ളിടത്ത് മാത്രമേ മനുഷ്യ അന്തസ്സ് എന്ന ചിന്തയ്ക്ക് തന്നെ അർത്ഥമുള്ളൂ. വികസന രാഷ്ട്രീയത്തെ മുറുകെ പിടിക്കുന്നതിനും വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും രാഷ്ട്രീയത്തെ അവസാനിപ്പിക്കുന്നതിനും ഉള്ള നാളുകൾ അതിക്രമിച്ചിരിക്കുന്നു. അപ്രിയ സത്യങ്ങൾ വിളിച്ചു പറയുന്നവരെ എതിരാളികൾ മാത്രമായി കണ്ടു പീഡിപ്പിക്കുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനും പകരം, അവയിലെ നന്മയുടെ വശങ്ങൾ ഉൾക്കൊള്ളുന്നതിനുള്ള വിവേകവും തുറവിയും ഉള്ളിടത്തെ നല്ല സമൂഹങ്ങൾ വളരുകയും മനുഷ്യാന്തസ്സ് വിലമതിക്കപ്പെടുകയും ചെയ്യുകയുള്ളൂ. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യം എന്ന പേര് നിലനിൽക്കുമ്പോഴും വലിയ ഒരു സാമ്പത്തിക ശക്തിയായി നമ്മുടെ രാജ്യം വളരുമ്പോഴും ജനാധിപത്യ മൂല്യങ്ങളുടെ ധ്വംസനം ലോക രാജ്യങ്ങളുടെ മുന്നിൽ കഴിഞ്ഞ 10 വർഷങ്ങളിൽ പലയാവർത്തി നമുക്ക് തലകുനിച്ചു നിൽക്കേണ്ട സാഹചര്യം ഉണ്ടാക്കി.




ഇവയ്ക്ക് വിപരീതമായി, ജനാധിപത്യ മൂല്യങ്ങൾ നഷ്ടപ്പെടുത്താതെ മുന്നേറാൻ, രാജ്യത്തിന്റെ അഖണ്ഡതയ്ക്കും ജനങ്ങളുടെ സ്വാതന്ത്ര്യത്തിനും വില നൽകാൻ, അതിലൂടെ എല്ലാ മനുഷ്യരുടെയും അന്തസ്സ് ഉയർത്തിപ്പിടിക്കാൻ ഭരണനേതൃത്വത്തിന് വലിയ ഉത്തരവാദിത്വമുണ്ട്. പുതിയ രാഷ്ട്രീയ സാഹചര്യത്തിൽ ഓരോ പൗരന്റെയും പ്രതീക്ഷയാണ് ഇത്.

## വിപത്തുകളും വെല്ലുവിളികളും

മനുഷ്യ മഹത്വത്തിന് തടസവും മാനവസമൂഹത്തിന് ഭീഷണിയുമായിരിക്കുന്ന ഇന്നത്തെ ഏതാനും വിപത്തുകളെ ഈ പ്രബോധനം വളരെ വ്യക്തമായി പരാമർശിക്കുന്നുണ്ട്. ദാരിദ്ര്യം, യുദ്ധം, കുടിയേറ്റം, മനുഷ്യക്കടത്ത്, ലൈംഗിക തിന്മകൾ, സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ, ഗർഭച്ഛിദ്രം, വാടക ഗർഭധാരണം, ദയാവധം, പ്രേരിതാത്മഹത്യ, ശാരീരിക വൈകല്യങ്ങൾ ഉള്ളവരോടുള്ള അവഗണന, ലിംഗതത്വങ്ങൾ, ലിംഗമാറ്റം, ഡിജിറ്റൽ അക്രമങ്ങൾ തുടങ്ങിയവയാണവ. ആഗോളതലത്തിൽ ഇവയുടെ പരിണിതഫലങ്ങൾ വിവിധ രാജ്യങ്ങൾ വിവിധ രീതിയിലാണ് അനുഭവിക്കുന്നത്. ഇക്കാര്യത്തിൽ ഓരോ രാജ്യത്തിലേയും ഭരണസംവിധാനങ്ങൾക്ക് നിയമനിർമ്മാണത്തിലൂടെയും അവയുടെ നിർവഹണത്തിലൂടെയും വളരെയധികം കാര്യങ്ങൾ ചെയ്യാനുണ്ട്. ഇന്ത്യയിലെ പുതിയ സാഹചര്യത്തിൽ ഓരോ പൗരന്റെയും പ്രതീക്ഷയും ഒപ്പം ആകുലതയും ആണിത്.

കുടിയേറ്റവും മനുഷ്യക്കടത്തും ഇന്ന് ഇന്ത്യ അഭിമുഖീകരിക്കുന്ന രണ്ട് വലിയ പ്രശ്നങ്ങളാണ്. ദാരിദ്ര്യമാണിതിന് കാരണമെന്ന് പറയാനാവില്ലെങ്കിലും സാമ്പത്തിക ഭദ്രതയില്ലായ്മയും തൊഴിലില്ലായ്മയും ചെന്നെത്തുന്നിടത്തെ ഉയർന്ന ജീവിത സാധ്യതകളും ഇവയിൽ പ്രധാന പങ്കുവഹിക്കുന്നു. അതിനാൽ വിദ്യാസമ്പന്നരായവർപോലും പിറന്ന നാടിനോടും സമൂഹത്തോടും വിടപറയാൻ ഒരു മടിയും ഇല്ലാത്ത സാഹചര്യം കേരളം പോലുള്ള സംസ്ഥാനങ്ങളിൽ സാധാരണമായിരിക്കുന്നു.

ഇന്ത്യയിലെ ദരിദ്രരുടെ ശതമാനത്തിൽ കുറവുണ്ടാകുന്നുണ്ടെങ്കിലും സംഖ്യ എന്നും ഏറിവരികയാണ്. 2023–ലെ ബഹുമുഖ ദാരിദ്ര്യ സൂചിക പ്രകാരം ലോകത്തിലുള്ള ദരിദ്രരുടെ 40 ശതമാനവും വസിക്കുന്നത് ഇന്ത്യയിലാണ്. കഴിഞ്ഞ രണ്ട് ഭരണത്തിൻ കീഴിൽ ഇവിടെയുള്ള സമ്പന്നർ അതിസമ്പന്നരും ദരിദ്രർ അതിദരിദ്രരുമായി മാറുന്നതിന്റെ കണക്കുകൾ ആണ് കാണാൻ കഴിയുക. ഇത് നൽകുന്ന സൂചന മനുഷ്യന്റെ അനന്തമായ അന്തസ്സ് ഇന്ത്യയുടെ സാഹചര്യത്തിൽ തിരിച്ചറിയപ്പെടാനും പരിപോഷിപ്പിക്കപ്പെടാനും വിഘാതമായി നിൽക്കുന്ന കാര്യങ്ങൾ ഉണ്ടെന്നു തന്നെയാണ്.

മനുഷ്യമഹത്വത്തെക്കുറിച്ച് ലോകരാജ്യങ്ങളും യുഎന്നും വാചാലമാകുമ്പോഴും യുദ്ധങ്ങളും അതുണ്ടാക്കുന്ന പ്രതിസന്ധികളും ഓരോ ദിവസവും ഏറിവരുകയാണ്. പ്രത്യക്ഷമായ യുദ്ധത്തിൽ ഏർപ്പെടുന്നില്ലെങ്കിലും ആയുധങ്ങളുടെ വിൽപ്പനയിലും വാങ്ങലിലും കഴിഞ്ഞ കാലങ്ങളിൽ ഒന്നുമില്ലാത്ത വർദ്ധനവ് 'അഹിംസ'യുടെ നാട്ടിൽ ഉണ്ടായിട്ടുണ്ട്. മാത്രമല്ല, അതിർത്തി പ്രശ്നങ്ങളും, ആഭ്യന്തര സംഘടിത വർഗീയ കലാപങ്ങളും വംശീയ ഏറ്റുമുട്ടലുകളും വിരളമല്ല.

കഴിഞ്ഞ സർക്കാരിന്റെ കീഴിൽ ന്യൂനപക്ഷങ്ങൾ സുരക്ഷിതരല്ല എന്ന് കഴിഞ്ഞ നാളുകളിലെ സംഭവവികാസങ്ങൾ തന്നെ തെളിയിച്ചതാണ്. രാഷ്ട്രീയ പകപോക്കലിന്റെ ഭാഗമായി എൻഫോഴ്സമെന്റ് ഡയറക്ടറേറ്റിനെ ഉപയോഗപ്പെടുത്തി തടവിൽ ആക്കിയതും വ്യക്തിഹത്യകൾ ചെയ്തതുമെല്ലാം വ്യക്തിസ്വാതന്ത്ര്യത്തിന്റെ മേലുള്ള കടന്നുകയറ്റവും മനുഷ്യാന്തസ്സിന് എതിരായ തിന്മയുമായിരുന്നു. കഴിഞ്ഞ നാളുകളിൽ ന്യൂനപക്ഷങ്ങൾക്കും മറ്റ് അവഗണിക്കപ്പെട്ടവർക്കും രാഷ്ട്രീയ പകപോക്കലിന് ഇരയാക്കപ്പെട്ടവർക്കും ഉണ്ടായിട്ടുള്ള അകൽച്ചകൾ പരിഹരിക്കേണ്ടത് ഉത്തമ ധാർമിക ബോധമുള്ള ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്.

ലൈംഗിക തിന്മകളേയും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളേയും പ്രതിരോധിക്കുന്നതിനുള്ള നിയമങ്ങൾ ശക്തമാകുന്നുണ്ടെങ്കിലും കുറയുന്നില്ല എന്നത് ഇന്ത്യ ഇനിയും മാറേണ്ടിയിരിക്കുന്നു എന്നാണ് കാണിക്കുന്നത്. പുതിയ ഭരണത്തിൽ വനിതാ മന്ത്രിമാരുടെ സാന്നിധ്യം 10% പോലും ഉറപ്പാക്കാത്തതും നേതൃത്വത്തിന്റെ ഈ മേഖലയിലെ ശ്രദ്ധക്കുറവിനെയാണ് കാണിക്കുന്നത്.

വ്യക്തിസ്വാതന്ത്ര്യത്തിന്റെ പേരിൽ എല്ലാവിധത്തിലുള്ള ലൈംഗിക തിന്മകളുടെ പുറകെ ലോകം പായുമ്പോൾ കൂടെ ഓടാൻ വെമ്പുന്ന ഇന്ത്യയ്ക്ക് *"Dignitas Infinita'* ഒരു ഓർമ്മപ്പെടുത്തൽ ആണ്. സെക്ഷ്വൽ ഓറിയന്റേഷന്റെ പേരിൽ വ്യക്തികളെ അവഗണിക്കരുത്, എന്നാൽ ലൈംഗിക വ്യത്യാസങ്ങളെ തെറ്റായി കാണുകയും അവഗണിക്കുകയും ചെയ്യരുത്. കാരണം, ഇവിടെ സ്വയം തീരുമാനമെടുക്കുന്ന മനുഷ്യൻ സ്വയം ദൈവത്തിന്റെ സ്ഥാനത്ത് നിർത്തുകയും അവിടുത്തെ ദാനമായ ജീവനെയും സൃഷ്ടികർമ്മത്തെ തന്നെയും തള്ളിക്കളയുകയും ചെയ്യുന്നു. ലിംഗ വ്യത്യാസത്തെ അംഗീകരിക്കുന്നിടത്താണ് വ്യക്തികൾ സ്വന്തം മഹത്വവും അനന്യതയും തിരിച്ചറിയുന്നത്.

ചില പ്രത്യേക സാഹചര്യങ്ങളിൽ മാത്രമാണ് ഇന്ത്യയിൽ ഭ്രൂണഹത്യ അനുവദനീയമായിരിക്കുന്നതെങ്കിലും ഇങ്ങനെ ഒരു വർഷം കൊലചെയ്യപ്പെടുന്ന കുഞ്ഞുങ്ങളുടെ എണ്ണം ചില രാജ്യങ്ങളിലെ ജനസംഖ്യയെക്കാൾ വലുതായി വരുന്നത് മനുഷ്യന്റെ അനന്തമായ അന്തസ്സിനോടുള്ള മറുതലിപ്പിന്റെ അടയാളമാണ്.

ഇന്ന് ഇന്ത്യ എല്ലായിടങ്ങളിലും അഭിമുഖീകരിക്കുന്ന ഒരു പ്രശ്നമാണ് ഡിജിറ്റൽ ക്രൈം. സത്യത്തെ വളച്ചൊടിക്കുകയും സ്വന്തം താൽപര്യങ്ങൾക്കായി ഒരു മടിയും കൂടാതെ നുണകൾ പ്രചരിപ്പിക്കുകയും ചെയ്യുന്ന പ്രവണത ഇന്ത്യൻ രാഷ്ട്രീയ ഭൂമികയിൽ ഈ നാളുകളിൽ കടന്നുകൂടിയ വലിയൊരു തിന്മയാണ്. പ്രതിപക്ഷത്തെയും എതിർ ശബ്ദങ്ങളെയും ഇല്ലായ്മ ചെയ്യാൻ ഭരണനേതൃത്വത്തിൽ ഉള്ളവർ എല്ലാവിധ സാധ്യതകളെയും സംഘടിതമായി ഒരു സങ്കോചവും കൂടാതെ ഉപയോഗിക്കുന്ന രീതി കഴിഞ്ഞ നാളുകളിൽ ഏറിയിട്ടുണ്ട്. ബോധപൂർവം സത്യത്തെ തമസ്കരിക്കുകയും കൊലചെയ്യുകയും ചരിത്രത്തെ പോലും വളച്ചൊടിക്കുകയും ചെയ്യാൻ ഡിജിറ്റൽ സാങ്കേതികവിദ്യകൾ പോലും ഉപയോഗപ്പെടുത്തുന്നത് സാധാരണമായിരിക്കുന്നു എന്ന് പറയേണ്ടിയിരിക്കുന്നു. ഇത് നീതിന്യായ സംവിധാനങ്ങളെവരെ പലപ്പോഴും കാഴ്ചക്കാരാക്കുന്നു. മനുഷ്യനെ മനുഷ്യനായി കാണാനും മാനുഷിക മൂല്യങ്ങളെ വിലമതിക്കാനും സാധിച്ചെങ്കിൽ മാത്രമേ ഗാന്ധിജിയുടെ പിന്മുറക്കാരായ നമുക്ക് നമ്മുടെ നാട്ടിൽ സത്യത്തിന്റെയും നീതിയുടെയും പേരിനു കോടാലി വയ്ക്കപ്പെട്ടിട്ടില്ല എന്ന് ലോകത്തോട് വിളിച്ചു പറയാനാവൂ.

മനുഷ്യന്റെ അനന്തമായ അന്തസ്സ് അതിന്റെ പൂർണ്ണതയിൽ മനസ്സിലാക്കുകയും ജീവിക്കുകയും ചെയ്തത് മനുഷ്യനായി അവതരിച്ച ക്രിസ്തുവാണ്. ജീവിതം ക്രിസ്തുവാകുന്ന, ക്രിസ്തുവിലാക്കുന്ന യാഥാർത്ഥവിശ്വാസിക്ക് ഈ അന്തസ്സ് മനസ്സിലാക്കുകയും ജീവിക്കുകയും ചെയ്യുക പ്രയാസമല്ല. ദൈവത്തിൽ അടിസ്ഥാനമിട്ട മനുഷ്യന്റെ അന്തസ്സിന്റെ അപരിമേയത്വം ദൈവത്തോട് കൂടെ മാത്രമേ അനുഭവിക്കാനാവൂ. അത് തിരിച്ചറിയുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന കുടുംബങ്ങളിലും സമൂഹങ്ങളിലും രാജ്യങ്ങളിലും മാത്രമേ മനുഷ്യൻ ശരിക്കും മനുഷ്യൻ ആകുന്നുള്ളൂ, മനുഷ്യന്റെ അന്തസ്സ് അനന്തമാകുന്നുള്ളൂ.

*സനാതന ദിവ്യകാരുണ്യ വിദ്യാപീഠം,*
*എംസിബിഎസ് മേജർ സെമിനാരി അധ്യാപകനാണ് ലേഖകൻ*

# ഉണർന്ന് പ്രശോഭിക്കാം

**പുല്ലൂരാംപാറ ബഥാനിയ റിന്യൂവൽ സെന്ററിൽ മൂന്ന് ദിവസങ്ങളിലായി നടന്ന താമരശ്ശേരി രൂപതയുടെ മൂന്നാമത് എപ്പാർക്കിയൽ അസംബ്ലി വിശേഷങ്ങൾ**



ചരിത്രത്തെക്കുറിച്ചുള്ള അവബോധം സമുദായ വളർച്ചയ്ക്ക് ആവശ്യമാണ്. യുവതലമുറ സഭയെ സ്നേഹിക്കണമെങ്കിൽ സഭയുടെ ചരിത്രം അവർക്ക് പകർന്നുകൊടുക്കണം. അതിനുള്ള കർമ്മപദ്ധതികൾ രൂപപ്പെടുത്തണം. ഭിന്നത ക്രൈസ്തവ സമുദായത്തിന്റെ വളർച്ചയ്ക്ക് അപകടമാണ്. കൂട്ടായ്മയെക്കുറിച്ച് ഗൗരവമായി ചിന്തിക്കേണ്ട സമയമാണിത്.

**– മാർ ജോസഫ് പാംപ്ലാനി**
**(തലശ്ശേരി അതിരൂപത ആർച്ച് ബിഷപ് )**



വിശുദ്ധരെയല്ല, വിശുദ്ധിയിലേക്കാണ് യേശു വിളിക്കുന്നത്. സുവിശേഷത്തിന്റെ പ്രതിനിധികളാകണമെങ്കിൽ ക്രിസ്തുവിന്റെ മുറിവുകൾ കാണണം. വിശ്വാസ ജീവിതത്തിൽ ഉണ്ടാകുന്ന അപചയങ്ങളാണ് കുടുംബങ്ങളുടെ തകർച്ചയ്ക്ക് കാരണം. കുടുംബവും സമുദായവും അനുഗ്രഹിക്കപ്പെടേണ്ടത് നമ്മളിലൂടെയാണ്.

**– ഗീവർഗീസ് മാർ പക്കോമിയോസ്**
**(മലങ്കര ഓർത്തഡോക്സ് സഭ മലബാർ ഭദ്രാസനാധിപൻ)**



പ്രത്യാശയുടെ കിരണങ്ങളാണ് എപ്പാർക്കിയൽ അസംബ്ലി മുന്നോട്ടുവയ്ക്കുന്നത്. സമാനതകളില്ലാത്ത വെല്ലുവിളികളിലൂടെയാണ് നാം കടന്നു പോകുന്നത്. വെല്ലുവിളികൾ സഭാചരിത്രത്തിൽ എപ്പോഴും ഉണ്ടായിട്ടുണ്ട്. ദൈവവിശ്വാസത്തിൽ ആശ്രയിച്ചാണ് എല്ലാ വെല്ലുവിളികളെയും നേരിടേണ്ടത്.

**– മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
**(താമരശ്ശേരി ബിഷപ്)**

താമരശ്ശേരി രൂപതയുടെ അജപാലനപ്രവർത്തനങ്ങൾക്ക് പുതിയ ദിശാബോധം നൽകാൻ ഉതകുന്ന ആശയ സംവേദനത്തിനാണ് 2024 മെയ് 20 മുതൽ 22 വരെ പുല്ലൂരാംപാറ ബഥാനിയ നവീകരണ കേന്ദ്രത്തിൽ നടന്ന എപ്പാർക്കിയൽ അസംബ്ലി വേദിയായത്. കുടുംബകൂട്ടായ്മകളിലും ഫൊറോന അസംബ്ലികളിലും നടത്തിയ ചർച്ചകളിൽ രൂപീകരിക്കപ്പെട്ട ചിന്തകളുടെ സൂക്ഷ്മ വിശകലനവും പ്രായോഗിക നിർദേശങ്ങളുടെ ക്രോഡീകരണവുമാണ് അസംബ്ലിയിൽ നടന്നത്.

മെയ് 20–ന് രാവിലെ തലശ്ശേരി അതിരൂപത മുൻ ആർച്ച് ബിഷപ് മാർ ജോർജ് ഞെരളക്കാട്ട് അസംബ്ലി ഉദ്ഘാടനം ചെയ്തു. ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ അധ്യക്ഷത വഹിച്ചു. വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ, ഫാ. ജോൺ ഒറവുങ്കര, സിസ്റ്റർ ടീന എസ്കെഡി, സ്വപ്ന ഗിരീഷ്, വിശാഖ് തോമസ്, ബെന്നി ലൂക്കോസ് എന്നിവർ പ്രസംഗിച്ചു. ഫാ. തോമസ് ചിലമ്പിക്കുന്നേൽ അസംബ്ലിയുടെ നടപടിക്രമങ്ങൾ വിശദീകരിച്ചു.

വിശ്വാസം മുഖ്യവിഷയമായ ആദ്യ സെഷനിൽ ഫാ. മാത്യു ഓലിക്കൽ എംസിബിഎസ് വിഷയാവതരണം നടത്തി. ഫാ. ജോസഫ് വടക്കേൽ, പി. ഡി. അബ്രാഹം പിണക്കാട്ട്, ഡോ. ഷാന്റി ജോസ് എന്നിവർ കാഴ്ചപ്പാടുകൾ പങ്കുവച്ചു. തുടർന്ന് ഗ്രൂപ്പ് ചർച്ചകൾ നടന്നു. ഫാ. ജോൺ പള്ളിക്കാവയലിൽ, സന്തോഷ് മാത്യു എന്നിവർ പ്രോജക്ടുകൾ അവതരിപ്പിച്ചു. തുടർന്നു നടന്ന പൊതുചർച്ചയിൽ ഫാ. തോമസ് തെക്കേൽ സിഎംഐ മോഡറേറ്ററായിരുന്നു. റിപ്പോർട്ട് അവതരണവും പൊതുചർച്ചയും നടന്നു.

രണ്ടാം സെഷനിലെ മുഖ്യവിഷയം കുടുംബമായിരുന്നു. ഡോ. ചാക്കോ കാളംപറമ്പിൽ വിഷയാവതരണം നടത്തി. സജീവ് പുരയിടത്തിൽ, സിസ എം. ജോർജ് എന്നിവർ കാഴ്ചപ്പാടുകൾ പങ്കുവച്ചു. തുടർന്ന് ഗ്രൂപ്പ് ചർച്ച നടന്നു. ഫാ. മാത്യു കുളത്തിങ്കൽ, ടി. ജെ. വിൽസൺ എന്നിവർ പ്രോജക്ടുകൾ അവതരിപ്പിച്ചു. തുടർന്നു നടന്ന പൊതുചർച്ചയിൽ ഷിബു എടാട്ട് മോഡറേറ്ററായിരുന്നു. റിപ്പോർട്ട് അവതരണവും പൊതുചർച്ചയും നടന്നു.

മൂന്നാം സെഷനിലെ മുഖ്യ പ്രതിപാദ്യ വിഷയം സമുദായമായിരുന്നു. ഫാ. ജോർജ് മുണ്ടനാട്ട് വിഷയാവതരണം നടത്തി. ഡോ. ജോൺ ജോസഫ് താമരക്കാട്ട്, റിച്ചാഡ് ജോൺ എന്നിവർ കാഴ്ചപ്പാടുകൾ പങ്കുവച്ചു. തുടർന്ന് ഗ്രൂപ്പ് ചർച്ച. ഫാ. ജോസഫ് പാലക്കാട്ട്, ബെന്നി പുളിക്കേക്കര എന്നിവർ പ്രോജക്ടുകൾ അവതരിപ്പിച്ചു. തുടർന്നു നടന്ന പൊതുചർച്ചയിൽ സിസ്റ്റർ പവിത്രാ സിഎംസി മോഡറേറ്ററായി. റിപ്പോർട്ട് അവതരണവും പൊതുചർച്ചയും നടന്നു.

അവസാന ദിവസം നടന്ന നാലാം സെഷനിൽ ഫാ. അബ്രഹാം കാവിൽപുരയിടത്തിൽ മോഡറേറ്ററായി. സമാപന സമ്മേളനത്തിൽ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ അധ്യക്ഷത വഹിച്ചു. തലശ്ശേരി അതിരൂപത ആർച്ച് ബിഷപ് മാർ ജോസഫ് പാംപ്ലാനി മുഖ്യപ്രഭാഷണം നടത്തി. മലങ്കര ഓർത്തഡോക്സ് സിറിയൻ സഭ മലബാർ ഭദ്രാസനാധിപൻ ഗീവർഗീസ് മാർ പക്കോമിയോസ് അനുഗ്രഹപ്രഭാഷണം നടത്തി. ഫാ. മാത്യു കുളത്തിങ്കൽ അസംബ്ലിയുടെ കരടുരേഖ അവതരിപ്പിച്ചു. മോൺ. അബ്രഹാം വയലിൽ, ഫാ. ബിജു ജോൺ വെള്ളക്കട സിഎംഐ, സിസ്റ്റർ എൽസീന എസ്എച്ച്, ട്രീസ ഞെരളക്കാട്ട്, ഫാ. തോമസ് ചിലമ്പിക്കുന്നേൽ എന്നിവർ പ്രസംഗിച്ചു.



പുതിയ തലമുറയിലേക്ക് വിശ്വാസ ചൈതന്യം പകരാൻ സാധ്യമായ എല്ലാ മാർഗ്ഗങ്ങളും പ്രയോജനപ്പെടുത്തണം. കുടുംബങ്ങൾ പഠനക്കളരികളാണ്. വിശ്വാസവും പരസ്നേഹവും വ്യക്തിത്വവികാസവും സംഭവിക്കുന്നത് കുടുംബങ്ങളിൽ നിന്നാണ്. എന്നാൽ ഇന്ന് കുട്ടികളെ എങ്ങനെ പരിശീലിപ്പിക്കണം എന്ന് അറിയാത്ത മാതാപിതാക്കളുടെ എണ്ണം വർധിക്കുകയാണ്. ആചാരങ്ങളും അനുഷ്ഠാനങ്ങളും പാലിച്ച് പുതിയ തലമുറയിലേക്ക് അവ പകരാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം.

**– മാർ ജോർജ് ഞെരളക്കാട്ട്**
**(തലശ്ശേരി അതിരൂപത മുൻ ആർച്ച് ബിഷപ് )**

## എപ്പാർക്കിയൽ അസംബ്ലി പ്രസ്താവനയുടെ പ്രസക്ത ഭാഗങ്ങൾ

● ദൈവികദാനമായ വിശ്വാസം പ്രവൃത്തികളിലൂടെ പ്രഘോഷിപ്പിക്കപ്പെടണം. അതിനായി വിശ്വാസജീവിത പരിശീലനക്കളരികളായ കുടുംബം, ഇടവക എന്നീ അടിസ്ഥാന സംവിധാനങ്ങളെ വിശ്വാസപരിശീലന ദൗത്യം നിർവഹിക്കാൻ കൂടുതൽ ശാക്തീകരിക്കണം.

● 'ക്രിസ്തുകേന്ദ്രീകൃതമായ കുടുംബജീവിതം' യാഥാർത്ഥ്യമാക്കാൻ വിവാഹത്തെ ശ്രേഷ്ഠമായ ഒരു ദൈവവിളിയായി കണക്കാക്കി കാലഘട്ടത്തിന്റെ വെല്ലുവിളികളെ അതിജീവിക്കാൻ കുടുംബങ്ങളെ സജ്ജമാക്കണം.

● 'കുടുംബഭദ്രതാവർഷം' പ്രഖ്യാപിച്ച് കുടുംബനവീകരണത്തിലേക്കുള്ള പുത്തൻ വാതായനങ്ങൾ തുറക്കണം.

● വൈവാഹിക പ്രതിസന്ധികൾ നേരിടാനും ഉത്തരവാദിത്വപൂർണമായ പേരന്റിങ്ങ് (മാതൃത്വവും പിതൃത്വവും) നിർവഹിക്കാനും അസംബ്ലി മാതാപിതാക്കളോട് ആഹ്വാനം ചെയ്യുന്നു.

● കുടുംബങ്ങളുടെ സമഗ്ര സുരക്ഷയ്ക്കും വളർച്ചയ്ക്കും ആവശ്യമായവിധത്തിൽ ദീർഘകാലാടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കണം.

● ക്രൈസ്തവ സമുദായം പൊതുസമൂഹത്തിന് നൽകിയ സംഭാവനകളെക്കുറിച്ച് പുതുതലമുറയെ അവബോധമുള്ളവരാക്കാൻ ഗൗരവകരമായ ചരിത്രപഠനത്തിനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടണം.

● കാർഷികസംസ്കാരത്തിൽ അധിഷ്ഠിതമായ സമുദായത്തിന്റെ ഭൗതിക ഉന്നമനത്തിനുതകുന്ന കർമപദ്ധതികൾ വിഭാവനം ചെയ്യേണ്ടതാണ്.

● തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും സ്വയം സംരംഭകത്വവും പ്രോത്സാഹിപ്പിച്ച് ദേശാന്തര കുടിയേറ്റങ്ങളെ നിയന്ത്രിക്കണം.

● രാഷ്ട്രീയ–തൊഴിൽ–ഭരണമേഖലകളിൽ അന്യവത്ക്കരിക്കപ്പെടുന്ന ക്രൈസ്തവ സമുദായത്തെ പുനരുദ്ധരിക്കാൻ ബോധപൂർവമായ ഇടപെടലുകൾ നടത്തണം.

● വിഷയാധിഷ്ഠിത രാഷ്ട്രീയ നിലപാടുകളിലൂടെ നീതിയുടെ പക്ഷത്തു നിലയുറപ്പിച്ച് രാഷ്ട്രസേവനദൗത്യം സമുദായം നിർവഹിക്കണം.

ഓർമ്മകളിൽ മായാതെ...



രൂപതയുടെ പ്രഥമ മെത്രാൻ മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരിയുടെ 30-ാം ചരമ വാർഷികത്തോടനുബന്ധിച്ച് താമരശ്ശേരി മേരി മാതാ കത്തീഡ്രലിൽ നടന്ന അനുസ്മരണ ശുശ്രൂഷ. വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ ദിവ്യബലിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഫാ. മാത്യു പുളിമൂട്ടിൽ, ഫാ. കുര്യാക്കോസ് ഐക്കൊളമ്പിൽ എന്നിവർ സഹകാർമ്മികരായിരുന്നു.

## പുല്ലൂരാംപാറ ബഥാനിയായിൽ

# അഖണ്ഡജപമാല സമർപ്പണം ജൂലൈ 18ന് ആരംഭിക്കും

**പുല്ലൂരാംപാറ** ● താമരശ്ശേരി രൂപതയുടെ ആത്മീയ നവീകരണ കേന്ദ്രമായ ബഥാനിയ റിന്യൂവൽ സെന്ററിൽ ദിവ്യകാരുണ്യ ആരാധനയും അഖണ്ഡജപമാല സമർപ്പണവും ജൂലൈ 18-ന് ആരംഭിക്കും. 101 ദിവസങ്ങൾ നീളുന്ന ദിവ്യകാരുണ്യ ആരാധനയും അഖണ്ഡജപമാല സമർപ്പണവും ഒക്ടോബർ 26-ന് സമാപിക്കും.

24 മണിക്കൂറും ആരാധനയും ഞായറൊഴികെ എല്ലാ ദിവസവും രാവിലെ ആറിനും ഉച്ചയ്ക്ക് 12-നും വൈകിട്ട് ഏഴിനും ദിവ്യബലിയുമുണ്ടായിരിക്കും. ഉച്ചയ്ക്ക് 12-നുള്ള ദിവ്യബലിയോടനുബന്ധിച്ച് വചനപ്രഘോഷണവും രോഗശാന്തി ശുശ്രൂഷയുമുണ്ടാകും. എല്ലാ ദിവസവും കുമ്പസാരത്തിനും കൗൺസലിങ്ങിനുമുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. കൂടാതെ ഉച്ചകഴിഞ്ഞ് മൂന്ന് മണിക്കും പുലർച്ചെ മൂന്ന് മണിക്കും കുരിശിന്റെ വഴിയും കരുണക്കൊന്തയും നടത്തും.

# കെസിവൈഎം മേഖല യൂത്ത് കോൺഫറൻസുകൾ സമാപിച്ചു

**താമരശ്ശേരി** ● കെസിവൈഎം താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ രൂപതയിലെ 11 മേഖലകളിലായി നടത്തിയ മേഖല യൂത്ത് കോൺഫറൻസുകൾ (എം.വൈ.സി.) സമാപിച്ചു. തിരുവമ്പാടി മേഖലയുടെ ആതിഥേയത്വത്തിൽ അൽഫോൻസാ കോളജിൽ നടന്ന സമാപന സമ്മേളനം കോഴിക്കോട് കോർപ്പറേഷൻ മേയർ ഡോ. ബീന ഫിലിപ്പ് ഉദ്ഘാടനം ചെയ്തു.

ക്രൈസ്തവ യുവത്വം സമൂഹത്തിന്റെ പ്രതീക്ഷയാണെന്നും കാലഘട്ടത്തിനനുസരിച്ച മാറ്റങ്ങളുടെ വക്താക്കളാണെന്നും ഡോ. ബീന ഫിലിപ്പ് അഭിപ്രായപ്പെട്ടു.

രൂപത പ്രസിഡന്റ് റിച്ചാഡ് ജോൺ അധ്യക്ഷത വഹിച്ചു. രൂപത ഡയറക്ടർ ഫാ. മാത്യു തെക്കേക്കരമറ്റത്തിൽ, ജനറൽ സെക്രട്ടറി അലീന മാത്യൂ, മേഖല ഡയറക്ടർ ഫാ. ആൽബിൻ വിലങ്ങുപാറ, ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ, മേഖല പ്രസിഡന്റ് അജിത്ത്, എൽ ഡി എസ് പ്രതിനിധി ആൽബിൻ സഖറിയാസ്, വൈസ് പ്രസിഡന്റ് അലോണ ജോൺസൺ എന്നിവർ സംസാരിച്ചു. ഏപ്രിൽ 6-ന് പാറോപ്പടിയിൽ ആരംഭിച്ച മേഖല യൂത്ത് കോൺഫറൻസിൽ 11 മേഖലകളിലായി 1500-ലധികം യൂണിറ്റ് നേതാക്കളാണ് പങ്കെടുത്തത്.

6 വർഷം കെസിവൈഎം താമരശ്ശേരി രൂപതാ ഡയറക്ടറായിരുന്ന ഫാ. ജോർജ് വെള്ളക്കാക്കുടിയിലിന് യാത്രയയപ്പു നൽകി.

# സെന്റ് ജോസഫ് ക്ലോയിസ്റ്റേഡ് മൊണാസ്ട്രി വെഞ്ചരിച്ചു

**താമരശ്ശേരി** ● ഈരൂടിൽ സ്ഥാപിതമായ സെന്റ് ജോസഫ് ക്ലോയിസ്റ്റേഡ് മൊണാസ്ട്രിയുടെ വെഞ്ചരിപ്പും ദേവാലയ പ്രതിഷ്ഠയും ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിർവഹിച്ചു. മിണ്ടാമഠമെന്ന് പൊതുവെ അറിയപ്പെടുന്ന നിഷ്പാദുക കർമ്മലീത്താ സന്യാസിനി സമൂഹത്തിന്റെ (Order of Discalced Carmelite Nuns) മലബാറിലെ ആദ്യ ശാഖാ ഭവനമാണിത്.

ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിലിന്റെ ക്ഷണപ്രകാരമാണ് നിഷ്പാദുക കർമ്മലീത്താ സന്യാസിനി സമൂഹം താമരശ്ശേരി രൂപതയിൽ ശാഖാ ഭവനം സ്ഥാപിച്ചത്. 'പ്രാർത്ഥനാജീവിതം വ്രതമാക്കിയ സന്യാസിനി സമൂഹമാണ് ലോകമെങ്ങും ശാഖകളുള്ള ക്ലോയിസ്റ്റേഡ് കാർമ്മൽ സിസ്റ്റേഴ്സ്. മലബാറിലെ ശാഖാ ഭവനം താമരശ്ശേരി രൂപതയിലാണെന്നത് സന്തോഷം നൽകുന്നു. ഈ സഹോദരിമാരുടെ പ്രാർത്ഥനകൾ താമരശ്ശേരി രൂപതയ്ക്കും സഭയ്ക്കും വലിയ മുതൽക്കൂട്ടാകും." ബിഷപ് പറഞ്ഞു.

102 രാജ്യങ്ങളിൽ 830 മഠങ്ങളിലായി 12,000-ത്തോളം സന്യാസിനികൾ നിഷ്പാദുക കർമ്മലീത്താ സന്യാസിനി സമൂഹത്തിലെ അംഗങ്ങളാണ്. കേരളത്തിലെ ആദ്യത്തെ ക്ലോയിസ്റ്റേഡ് കോൺവെന്റ് ആരംഭിക്കുന്നത് 1933-ൽ കോട്ടയം വിജയപുരം രൂപതയിലാണ്. സീറോ മലബാർ സഭയിലെ ആദ്യത്തെ മിണ്ടാമഠം 2009-ൽ മലയാറ്റൂരിൽ സ്ഥാപിതമായി.

2019-ൽ കക്കാടംപൊയിലിൽ ക്രിസ്തുദാസി സന്യാസിനി സമൂഹം താൽക്കാലികമായി വിട്ടുനൽകിയ കെട്ടിടത്തിലാണ് നിഷ്പാദുക കർമ്മലീത്താ സന്യാസിനികൾ താമരശ്ശേരി രൂപതയിലെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. തുടർന്ന് ഒസിഡി സഭയുടെ മലബാർ പ്രൊവിൻസിന്റെ ഉടമസ്ഥതയിൽ ഈരൂടിൽ സൗജന്യമായി നൽകിയ രണ്ട് ഏക്കർ സ്ഥലത്താണ് പുതിയ മൊണാസ്ട്രി നിർമ്മിച്ചിരിക്കുന്നത്.

## ആൽഫയിൽ സൗജന്യ ജർമൻ ഭാഷാ പരിശീലനം

**കുന്നമംഗലം** ● ജർമ്മനിയിൽ നഴ്സിങ് ജോലി ആഗ്രഹിക്കുന്നവർക്ക് സൗജന്യമായി ജർമ്മൻ ഭാഷ പരിശീലത്തിന്റെ A1, A2, B1, B2-വിന്റെ പുതിയ ബാച്ചുകളും, B2-വിന് മുന്നോടിയായുള്ള പ്രിപ്പറേഷൻ കോഴ്സുകളും കുന്നമംഗലം ആൽഫ മരിയ അക്കാദമിയിൽ ആരംഭിച്ചു. ബിഎസ്സി, ജിഎൻഎം നഴ്സുമാർക്കാണ് പരിശീലനം നൽകുന്നത്. പഠനശേഷം ജർമ്മനിയിൽ ജോലിയും ഉറപ്പു നൽകുന്നു. ഓൺലൈൻ, ഓഫ്ലൈൻ ക്ലാസുകൾ ലഭ്യമാണ്. പ്രത്യേക ഹോസ്റ്റൽ സൗകര്യമുണ്ട്.

വിവരങ്ങൾക്ക് : 9497567689, 8157044071

## മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു

**തോട്ടുമുക്കം** ● കത്തോലിക്ക കോൺഗ്രസ്, സെന്റ് അൽഫോൻസ പാലീയേറ്റിവ് കെയർ യൂണിറ്റുകളുടെ സംയുക്ത ആഭിമുഖ്യത്തിൽ കാൻസർ ബോധവത്കരണവും മെഡിക്കൽ ക്യാമ്പും സംഘടിപ്പിച്ചു. കോഴിക്കോട് എംവിആർ ഹോസ്പിറ്റലിലെ ഡോ. ഷഫിക് ഷംസുദിൻ ക്ലാസെടുത്തു. അരീക്കോട് മദർ ഹോസ്പിറ്റലിലെ ഡോക്ടർമാർ മെഡിക്കൽ ക്യാമ്പിന് നേതൃത്വം നൽകി. കൊടിയത്തൂർ പഞ്ചായത്ത് പ്രസിഡന്റ് ദിവ്യ ഷിബു മെഡിക്കൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഫൊറോന വികാരി ഫാ. ബെന്നി കാരക്കാട്ട് അധ്യക്ഷതവഹിച്ചു. സിജി കുറ്റിക്കൊമ്പിൽ, തോമസ് മുണ്ടപ്ലാക്കൽ, ജിയോ വെട്ടുകാട്ടിൽ, സാബു വടക്കേപടവിൽ, ഫാ. ജിതിൻ തളിയൻ, ജിജി തൈപ്പറമ്പിൽ, ചിന്നമ്മ തറപ്പുതൊട്ടിയിൽ എന്നിവർ പ്രസംഗിച്ചു.

## ഫോളിയ 2.0: പ്രകൃതി പഠന ക്യാമ്പ്

**പൂഴിത്തോട്** ● കെസിവൈഎം താമരശ്ശേരി രൂപത ഒരുക്കിയ ത്രിദിന പ്രകൃതി പഠന ക്യാമ്പ് 'ഫോളിയ 2.0' പ്രകൃതിയോടൊപ്പമുള്ള യാത്രയായിരുന്നെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു.

മരുതോങ്കര മേഖലയുടെ ആതിഥേയത്വത്തിൽ സംഘടിപ്പിച്ച ക്യാമ്പ് കോഴിക്കോട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ യു. ആഷിഖ് അലി ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് റിച്ചാഡ് ജോൺ അധ്യക്ഷനായിരുന്നു.

രൂപത ഡയറക്ടർ ഫാ. ജോബിൻ തെക്കേക്കരമറ്റത്തിൽ, പൂഴിത്തോട് വികാരി ഫാ. മാത്യു ചെറുവേലിൽ, ഫോറസ്റ്റ് ഓഫീസർ പ്രഭീഷ്, സിസ്റ്റർ റൊസീൻ എസ്എബിഎസ്, അലീന മാത്യു, വിശാഖ് തോമസ്, അബിൻ ആൻഡ്രൂസ്, അലൻ ബിജു എന്നിവർ പ്രസംഗിച്ചു.

ക്യാമ്പിൽ രൂപതയിലെ 11 മേഖലകളിൽ നിന്നുമുള്ള തെരഞ്ഞെടുക്കപ്പെട്ട യുവജന പ്രതിനിധികൾ പങ്കെടുത്തു.



മലങ്കര ഓർത്തഡോക്സ് സിറിയൻ സഭ മലബാർ ഭദ്രാസനാധിപൻ ഗീവർഗീസ് മാർ പക്കോമിയോസ്, തലശ്ശേരി അതിരൂപത ആർച്ച് ബിഷപ് മാർ ജോസഫ് പാംബ്ലാനി, ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ എന്നിവരോടൊപ്പം മൂന്നാമത് എപ്പാർക്കിയൽ അസംബ്ലി അംഗങ്ങൾ

# ഭാവിയിലേക്ക് വഴികാട്ടാൻ എയ്ഡർ എജ്യൂകെയർ ഫ്യൂച്ചറിസ്റ്റിക് എജ്യൂക്കേഷൻ പ്രൊജക്റ്റ്

**ഒൻപതാം ക്ലാസ് മുതൽ പ്ലസ്ടു വരെയുള്ള മുഴുവൻ വിദ്യാർത്ഥികളെയും വരും വർഷങ്ങളിൽ വ്യക്തിപരമായി പഠിച്ച് മികച്ച ഭാവിയിലേക്ക് അവരെ നയിക്കുന്ന പദ്ധതിയാണ് ഫ്യൂച്ചറിസ്റ്റിക് എജ്യൂക്കേഷൻ പ്രൊജക്ട്**




**തലശ്ശേരി അതിരൂപത ആർച്ച് ബിഷപ് മാർ ജോസഫ് പാംബ്ലാനി വിദ്യാർത്ഥികൾക്ക് ലോഗോ കൈമാറി ഫ്യൂച്ചറിസ്റ്റിക് എജ്യൂക്കേഷൻ പ്രൊജക്ട് ഉദ്ഘാടനം ചെയ്യുന്നു. ഫാ. അഭിലാഷ് ചിലമ്പിക്കുന്നേൽ, ഗീവർഗീസ് മാർ പക്കോമിയോസ്, മാർ റെമീജിയോസ് ഇഞ്ചനാനിയിൽ, മോൺ. അബ്രഹാം വയലിൽ, ഫാ. ജോർജ് വെള്ളയ്ക്കാക്കുടിയിൽ എന്നിവർ സമീപം**

Aider Foundation
Accompany and Inform by a Dynamic and Encompassing Relationship

**പുല്ലൂരാംപാറ●** തൊഴിൽ സാധ്യതകളും വ്യക്തിത്വഗുണങ്ങളും പരിഗണിച്ച് വിദ്യാഭ്യാസമേഖലകൾ നിശ്ചയിക്കാനും മികച്ച സ്ഥാപനങ്ങൾ തിരഞ്ഞെടുക്കാനും പ്രവേശന പരീക്ഷകൾ എഴുതാനും വിദ്യാർത്ഥികളെ ഒരുക്കുന്ന എയ്ഡർ എജ്യൂകെയർ ഫ്യൂച്ചറിസ്റ്റിക് എജ്യൂക്കേഷൻ പ്രൊജക്റ്റ് ഉദ്ഘാടനം ചെയ്തു. എപ്പാർക്കിയൽ അസംബ്ലി സമാപന സമ്മേളനത്തിൽ തലശ്ശേരി അതിരൂപത ആർച്ച് ബിഷപ് മാർ ജോസഫ് പാംബ്ലാനി വിദ്യാർത്ഥികൾക്ക് ലോഗോ കൈമാറിയാണ് പ്രൊജക്ട് ഉദ്ഘാടനം ചെയ്തത്.

താമരശ്ശേരി രൂപതയിലെ ഒൻപതാം ക്ലാസ് മുതൽ പ്ലസ്ടു വരെയുള്ള മുഴുവൻ വിദ്യാർത്ഥികളെയും വരും വർഷങ്ങളിൽ നേരിട്ടും ഓൺലൈൻ മുഖേനയും ബന്ധപ്പെടുകയും ഒരു വർഷത്തോളം അവരെ വ്യക്തിപരമായി പഠിച്ച് കഴിവുകൾ, ആപ്റ്റിറ്റ്യൂഡ്, താൽപര്യം, ആനുകൂല്യങ്ങൾക്കുള്ള അർഹത, കുടുംബ പശ്ചാത്തലം, വ്യക്തിപരമായ പ്രശ്നങ്ങൾ എന്നിവ മനസിലാക്കി കുട്ടികൾക്ക് ഭാവിയിലേക്കുള്ള വഴിതെളിക്കുന്ന പദ്ധതിയാണ് എയ്ഡർ എജ്യൂകെയർ ഫ്യൂച്ചറിസ്റ്റിക് എജ്യൂക്കേഷൻ പ്രൊജക്ട്.

വിദ്യാപീഠം, എയ്ഡർ എജ്യൂകണക്ട് എന്നീ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ ഈ പ്രൊജക്ടിന്റെ ഭാഗമായി ഉപയോഗപ്പെടുത്തി വരുന്നു. ചെറുപ്പത്തിൽ തന്നെ തൊഴിൽ ബന്ധിതമായ കരിക്കുലം വീത്തേ വിദ്യാപീഠം മുഖേന നിർമ്മിച്ച് സൂക്ഷിക്കാനും അഭിരുചികൾക്കനുസരിച്ച ആഡ് ഓൺ കോഴ്സുകൾ ചെയ്യാനും കുട്ടികൾക്ക് സാധിക്കും.

ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ, മലങ്കര ഓർത്തഡോക്സ് സിറിയൻ സഭ മലബാർ ഭദ്രാസനാധിപൻ ഗീവർഗീസ് മാർ പക്കോമിയോസ്, മോൺ. അബ്രഹാം വയലിൽ, എയ്ഡർ ഫൗണ്ടേഷൻ ഡയറക്ടർ ഫാ. സബിൻ തൂമുള്ളിൽ, എയ്ഡർ എജ്യൂകെയർ ഡയറക്ടർ ഫാ. ജോർജ് വെള്ളയ്ക്കാക്കുടിയിൽ, ഫാ. അഭിലാഷ് ചിലമ്പിക്കുന്നേൽ എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു ഉദ്ഘാടന ചടങ്ങുകൾ.

എജ്യൂകെയർ മെന്റർമാരായ സിസ്റ്റർ സജിനി ജോർജ്, സിസ്റ്റർ റ്റിസി ജോസ്, സിസ്റ്റർ സ്നേഹ മെറിൻ, സിസ്റ്റർ സോന മരിയ, സിസ്റ്റർ ടെസ്ന ജോർജ്, സിസ്റ്റർ ക്രിസ്റ്റീന റോസ് എന്നിവരും വേദിയിൽ സന്നിഹിതരായിരുന്നു.

# ഭവന രഹിതർക്ക് വീണ്ടും വിലങ്ങാട് ഫൊറോന പള്ളിയുടെ കൈത്താങ്ങ്

**വിലങ്ങാട്●** ആറു കുടുംബങ്ങൾക്കു കൂടി വീടുകൾ നിർമിച്ചു നൽകി വിലങ്ങാട് സെന്റ് ജോർജ് ഫൊറോന ഇടവക. ആറു വീടുകളുടെയും വെഞ്ചരിപ്പു കർമവും താക്കോൽ ദാനവും ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിർവഹിച്ചു. താമരശ്ശേരി രൂപതയുടെ റൂബി ജൂബിലിയോടനുബന്ധിച്ച് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിലിന്റെയും ഇടവകാംഗങ്ങളുടെയും വിദേശങ്ങളിലുള്ള ഇടവകക്കാരുടെയും സാമ്പത്തിക സഹായത്തോടെയാണ് വീടുകൾ നിർമിച്ചത്. ഇടവകയിലെ ആരാധനാ മഠത്തിന്റെ നേതൃത്വത്തിൽ ഒരു വീടിന്റെ നിർമാണം പൂർത്തീകരിച്ചു.

വിലങ്ങാട് വികാരി ഫാ. ബെന്നി കാരക്കാട്ടിന്റെ നേതൃത്വത്തിൽ പി. എ. ജോൺ, ഷിജോ കരുമത്തിയിൽ, രാജു ചൂരപൊയ്കയിൽ, ദേവസ്യ കണ്ണമ്പുഴ, ടോസ് പാംബ്ലാനിയിൽ, ജോയി വെട്ടുകല്ലേൽ, ഒ. എം. ആന്റണി, ജോൺസൺ എടാട്ട് എന്നിവരടങ്ങിയ കമ്മറ്റിയാണ് നിർമാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്. ഉരുൾ പൊട്ടലിൽ വീടു നഷ്ടപ്പെട്ടവർക്ക് 11 വീടുകൾ പണിതു നൽകിയതടക്കം 20 വീടുകളാണ് ഇതോടെ ഇടവകയുടെ നേതൃത്വത്തിൽ നിർമിച്ചു നൽകിയത്.

വിലങ്ങാട് സെന്റ് ജോർജ് ഹൈസ്കൂൾ പരിസരത്ത് നിർമ്മിച്ച ഗ്രോട്ടോയുടെയും നവീകരിച്ച ജയ്റാണി നഴ്സറി സ്കൂൾ കെട്ടിടത്തിന്റെയും കിഡ്സ് പാർക്കിന്റെയും ഫാ. മാത്യു തകിടിയേൽ മെമ്മോറിയൽ ഹാളിന്റെയും വെഞ്ചരിപ്പു കർമ്മവും ഉദ്ഘാടനവും ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിർവഹിച്ചു. മുൻ വികാരിയും സെന്റ് ജോർജ് ഹൈസ്കൂൾ മാനേജരുമായിരുന്ന ഫാ. മാത്യു തകിടിയേലിന്റെ സ്മരണാർത്ഥം അനുസ്മരണ യോഗം ഇതോടനുബന്ധിച്ച് സംഘടിപ്പിച്ചു.

ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ, വികാരി ഫാ. ബെന്നി കാരക്കാട്ട്, ഹെഡ്മാസ്റ്റർ ബിനു ജോർജ്, അധ്യാപക പ്രതിനിധികളായ ബിജു മാത്യു, ഷിൻസ് തോമസ് എന്നിവർ അനുസ്മരണ പ്രഭാഷണം നടത്തി.



**വിലങ്ങാട് സെന്റ് ജോർജ് ഹൈസ്കൂൾ പരിസരത്ത് നിർമ്മിച്ച ഗ്രോട്ടോ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ വെഞ്ചരിക്കുന്നു. വികാരി ഫാ. ബെന്നി കാരക്കാട്ട് സമീപം**

# കത്തോലിക്ക കോൺഗ്രസിന് പുതിയ സാരഥികൾ

**താമരശ്ശേരി●** കത്തോലിക്ക കോൺഗ്രസ് താമരശ്ശേരി രൂപതാ പ്രസിഡന്റായി ഡോ. ചാക്കോ കാളംപറമ്പിലും ജനറൽ സെക്രട്ടറിയായി ഷാജി കണ്ടത്തിലും ട്രഷററായി സജി കരോട്ടും തെരഞ്ഞെടുക്കപ്പെട്ടു.

മറ്റു ഭാരവാഹികൾ: ഷാന്റോ തകിടിയേൽ, അനീഷ് വടക്കേൽ, വി. അൽഫോൻസ, ഷില്ലി സെബാസ്റ്റ്യൻ (വൈസ് പ്രസിഡന്റുമാർ).

പ്രിൻസ് തിനംപറമ്പിൽ, സാബു വടക്കേപടവിൽ, തേജസ് മാത്യു കറുകയിൽ, ജോൺസൺ കക്കയം, ഡോ. ജോൺ കട്ടക്കയം (സെക്രട്ടറിമാർ). ബേബി കിഴക്കുംഭാഗം (ഗ്ലോബൽ പ്രതിനിധി)

തിരഞ്ഞെടുപ്പിനും സത്യപ്രതിജ്ഞക്കും ശേഷം നടന്ന പൊതുസമ്മേളനത്തിൽ ഡോ. ചാക്കോ കാളംപറമ്പിൽ അധ്യക്ഷത വഹിച്ചു. കത്തോലിക്ക കോൺഗ്രസ് ബിഷപ് ലെഗേറ്റ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ മുഖ്യപ്രഭാഷണം നടത്തി. രൂപതാ ഡയറക്ടർ ഫാ. സബിൻ തൂമുള്ളിൽ, ഷാജി കണ്ടത്തിൽ, അഡ്വ. ജിമ്മി ജോർജ്, ട്രീസ ഞെരളക്കാട്ട് എന്നിവർ പ്രസംഗിച്ചു.



**ഡോ. ചാക്കോ കാളംപറമ്പിൽ**



**ഷാജി കണ്ടത്തിൽ**

പാവന സ്മരണയ്ക്ക്



സേവ്യർ ജോസഫ്
കാഞ്ഞിരത്തിങ്കൽ
ജനനം: 23-08-1954
മരണം: 30-12-2018



ജോസഫ് പി. ജെ. &
അന്നമ്മ ജോസഫ്
കാഞ്ഞിരത്തിങ്കൽ
ജനനം: 14-05-1916 ജനനം: 09-10-1920
മരണം: 02-08-2019 മരണം: 27-11-2012



കെ.ജെ. ജോസഫ്
കാഞ്ഞിരത്തിങ്കൽ
ജനനം: 22-08-1946
മരണം: 23-05-2021

പ്രാർത്ഥനയോടെ,
കാഞ്ഞിരത്തിങ്കൽ ഫാമിലി, മരുതോങ്കര

# മിടുക്കർക്ക് കൈനിറയെ സ്കോളർഷിപ്പുകൾ



വിദ്യാധനം

പ്രഫ. ചാർലി കട്ടക്കയം

പഠനത്തിൽ മുൻപന്തിയിൽ നിൽക്കുന്നവർക്കായി നിരവധി സ്കോളർഷിപ്പുകൾ ലഭ്യമാണ്. ഓൺലൈനായി അപേക്ഷ നൽകണം. സ്കൂൾ തലത്തിൽ അധ്യാപകരുടെ സേവനം ലഭിക്കുമെങ്കിലും കോളജ് തലത്തിൽ ഇത് ലഭിച്ചെന്ന് വരില്ല. അർഹതയുള്ളവർ താൽപര്യമെടുത്ത് ഓൺലൈൻ അപേക്ഷ പൂരിപ്പിച്ച് ആവശ്യമായ രേഖകൾ സഹിതം സ്ഥാപന മേധാവി വഴി അപേക്ഷിക്കണം. സ്കൂൾതലം മുതൽ ലഭ്യമാകുന്ന വിവിധ സ്കോളർഷിപ്പുകൾ പരിചയപ്പെടാം

## ഇൻസ്പയർ

● പ്ലസ്ടുവിൽ ഏറ്റവും ഉയർന്ന മാർക്ക് ലഭിക്കുന്ന രാജ്യത്തെ പതിനായിരത്തോളം പേർക്ക് സയൻസിൽ ബിരുദ പഠനത്തിന് മാത്രം. തുടർന്ന് സയൻസിൽ പിജി പഠനത്തിനും ലഭിക്കും. വരുമാന പരിധിയോ മറ്റ് നിബന്ധനകളോ ഇല്ല. കേന്ദ്രസർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് സയൻസ് ആന്റ് ടെക്നോളജിയുടെതാണ് സ്കോളർഷിപ്പ്. വർഷം 80,000രൂപ.
www.inspiredst.gov.in

## ഹയർ എജ്യുക്കേഷൻ

● പ്ലസ്ടു മാർക്കിന്റെ അടിസ്ഥാനത്തിൽ വരുമാന പരിധിയില്ലാതെ ഡിഗ്രി പഠനത്തിനും തുടർന്ന് പിജി പഠനത്തിനും. എല്ലാ ഡിഗ്രി കോഴ്സുകൾക്കും ബാധകം. 50 ശതമാനം പൊതുവിഭാഗത്തിനും ബാക്കി 50 ശതമാനം മറ്റ് വിഭാഗക്കാർക്കുമായി നൽകുന്നു. ഹയർ എജ്യുക്കേഷൻ ഡിപ്പാർട്ട്മെന്റാണ് സ്കോളർഷിപ്പ് നൽകുന്നത്. ഡിഗ്രി ഒന്നാം വർഷം 12000, രണ്ടാം വർഷം 18000, മൂന്നാം വർഷം 24000, പിജി ഒന്നാം വർഷം 40000, രണ്ടാം വർഷം 60000 എന്നിങ്ങനെയാണ് സ്കോളർഷിപ്പ് തുക.
www.dcescholarship.kerala.gov.in

## പ്രതിഭ

● പ്ലസ്ടുവിന് 90 ശതമാനത്തിന് മുകളിൽ മാർക്ക് നേടി ഡിഗ്രിക്ക് സയൻസ് വിഷയങ്ങളിൽ ചേരുന്നവർക്ക് അപേക്ഷിക്കാം. വരുമാന പരിധിയില്ല. ഈ സ്കോളർഷിപ്പ് ലഭിക്കുന്നവർക്ക് മറ്റ് സ്കോളർഷിപ്പുകൾ ലഭിക്കില്ല. കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ആന്റ് ടെക്നോളജി ആണ് സ്കോളർഷിപ്പ് നൽകുന്നത്. ഡിഗ്രി ഒന്നാം വർഷം 12000, രണ്ടാം വർഷം 18000, മൂന്നാം വർഷം 24000, പിജി ഒന്നാം വർഷം 40000, രണ്ടാം വർഷം 60000.
www.kscstc.kerala.gov.in

## സെൻട്രൽ സെക്ടർ

● പ്ലസ്ടു മാർക്കിന്റെ അടിസ്ഥാനത്തിൽ ഡിഗ്രി കോഴ്സിനും പ്രൊഫഷണൽ കോഴ്സുകൾക്കും പഠിക്കുന്നവർക്ക് അപേക്ഷിക്കാം. വാർഷിക വരുമാനം എട്ടു ലക്ഷം രൂപയിൽ താഴെ ആയിരിക്കണം. 50 ശതമാനം സ്കോളർഷിപ്പ് പെൺകുട്ടികൾക്ക്. കേന്ദ്ര മാനവ വിഭവശേഷി വകുപ്പാണ് സ്കോളർഷിപ്പ് നൽകുന്നത്. ഓരോ വർഷവും ഒരു ലക്ഷത്തോളം പേർക്ക് നൽകുന്നു. ഡിഗ്രിക്ക് എല്ലാ വർഷവും 12,000 രൂപയും പിജി പഠനകാലത്ത് 20,000 രൂപയും ലഭിക്കും.
www.dcescholarship.kerala.gov.in

## മെറിറ്റ് കം മീൻസ്

● മെറിറ്റ് അടിസ്ഥാനത്തിൽ രാജ്യത്തെ ന്യൂനപക്ഷ ഡിഗ്രി, പിജി വിദ്യാർഥികൾക്ക്. വാർഷിക വരുമാനം രണ്ടര ലക്ഷം രൂപയിൽ താഴെ. നൽകുന്നത് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം. കേരളത്തിൽ 5000 പേർക്ക് സ്കോളർഷിപ്പ് ലഭിക്കും.
www.dtc.kerala.gov

## സ്റ്റേറ്റ് മെറിറ്റ്

● പ്ലസ്ടു മാർക്കിന്റെ അടിസ്ഥാനത്തിൽ ബിരുദ/പിജി പഠനത്തിന്. വാർഷിക വരുമാനം ഒരുലക്ഷം രൂപയിൽ താഴെയായിരിക്കണം. സ്റ്റേറ്റ് ഹയർ എജ്യുക്കേഷൻ ഡിപ്പാർട്ട്മെന്റാണ് സ്കോളർഷിപ്പ് നൽകുന്നത്. ഡിഗ്രിക്ക് വർഷംതോറും 10000 രൂപയും പിജിക്ക് 18000 രൂപയും ലഭിക്കും.
www.dcescholarship.kerala.gov.in

## സുവർണ ജൂബിലി

● ബിപിഎൽ വിഭാഗക്കാർക്ക് മാത്രം. ഗവൺമെന്റ്/എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന എല്ലാ ഡിഗ്രി/പിജി വിഷയക്കാർക്കും അപേക്ഷിക്കാം. ഓരോ സ്ഥാപനത്തിനും നിശ്ചിത എണ്ണം സ്കോളർഷിപ്പ് മാറ്റിവച്ചിരിക്കുന്നു. മെറിറ്റ് അടിസ്ഥാനത്തിൽ കേരളത്തിൽ 10000 പേർക്ക് സ്കോളർഷിപ്പ് നൽകുന്നു. ഡയറക്ടറേറ്റ് ഓഫ് കോളജ് എജ്യുക്കേഷൻ ആണ് സ്കോളർഷിപ്പ് നൽകുന്നത്. ഓരോ വർഷവും 10000 രൂപ ലഭിക്കും.
www.dcescholarship.kerala.gov.in

## പോസ്റ്റ് മെട്രിക്

● സംസ്ഥാനത്തെ ന്യൂനപക്ഷ വിദ്യാർഥികൾക്ക് മാത്രം. വാർഷിക വരുമാനം രണ്ടര ലക്ഷം രൂപയിൽ താഴെയായിരിക്കണം. പ്ലസ്ടു, ഡിഗ്രി, പിജി, പിഎച്ച്ഡി തുടങ്ങി എല്ലാ കോഴ്സുകാർക്കും അപേക്ഷിക്കാം. അംഗീകൃത അൺഎയ്ഡഡ് സ്ഥാപനങ്ങളിലെ കുട്ടികളെയും പരിഗണിക്കും. സംസ്ഥാന സർക്കാരാണ് സ്കോളർഷിപ്പ് നൽകുന്നത്. മാസംതോറും 1000 രൂപയും കോഴ്സ് ഫീസും ലഭിക്കും.
www.dcescholarship.kerala.gov.in.

## റിസേർച്ച് അവാർഡ്

● പിജി, എംഫിൽ, പിഎച്ച്ഡി കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് ഹ്രസ്വകാല റിസർച്ച് പ്രൊജക്ട് ചെയ്യുന്നതിന് ലഭിക്കുന്ന സ്കോളർഷിപ്പ്. മറ്റ് നിബന്ധനകൾ ഇല്ല. പിജിക്കാർക്ക് 8000, എംഫിൽകാർക്ക് 10000, പിഎച്ച്ഡികാർക്ക് 32000 എന്ന ക്രമത്തിൽ ലഭിക്കും.
www.dcescholarship.kerala.gov.in

## വിദ്യാസമുന്നതി

● മുന്നോക്ക വിഭാഗങ്ങളിലെ, വാർഷിക വരുമാനം 2 ലക്ഷം രൂപയിൽ താഴെയുള്ളവർക്ക്. ഹൈസ്കൂൾ/പ്ലസ്ടു/ഡിഗ്രി/പിജി തലങ്ങളിൽ എല്ലാ വിഷയക്കാർക്കും അപേക്ഷിക്കാം. ഡിഗ്രി തലത്തിൽ 3000 പേർക്കും പിജി തലത്തിൽ 2000 പേർക്കും സ്കോളർഷിപ്പ് നൽകും. പ്ലസ്ടു തലത്തിൽ 14000 പേർക്കും ലഭിക്കും. ഹയർ സെക്കൻഡറി തലത്തിൽ വർഷം 3000 രൂപയും ഡിഗ്രിക്കാർക്ക് വർഷം 5000 രൂപയും പിജിക്കാർക്ക് വർഷം 6000 രൂപയും ലഭിക്കും. കേരള സ്റ്റേറ്റ് വെൽഫെയർ കോർപ്പറേഷൻ ഫോർ ഫോർവേഡ് കമ്മ്യൂണിറ്റീസ് നൽകുന്നത്.
www.kswcfc.org



## സ്നേഹപൂർവം

● മാതാപിതാക്കൾ ജീവിച്ചിരിപ്പില്ലാത്ത എൽപി, യുപി, ഹൈസ്ക്കൂൾ ക്ലാസുകാർക്ക് യഥാക്രമം 300, 500, 750 രൂപയും ഡിഗ്രി, പിജി വിദ്യാർത്ഥികൾക്ക് 1000 രൂപയും ഓരോ മാസവും ലഭിക്കും. മറ്റ് നിബന്ധനകൾ ഇല്ല. കേരള സർക്കാരിന്റെ സോഷ്യൽ വെൽഫെയർ ഡിപ്പാർട്ട്മെന്റാണ് സ്കോളർഷിപ്പ് നൽകുന്നത്.

## മദർ തെരേസ

● വാർഷിക വരുമാനം എട്ട് ലക്ഷം രൂപയിൽ താഴെയുള്ള ന്യൂനപക്ഷ വിഭാഗക്കാർക്ക് നേഴ്സിങ്/ പാരാമെഡിക്കൽ ഡിപ്ളോമാ കോഴ്സുകളിൽ പഠിക്കുന്നതിന് ലഭ്യമാണ്. വർഷം 15,000 രൂപ ലഭിക്കും.

## മൗലാനാ ആസാദ്

● മൗലാനാ ആസാദ് ഫൗണ്ടേഷൻ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഒൻപതാം ക്ലാസ് മുതൽ 12 വരെ പഠിക്കുന്ന, വാർഷിക വരുമാനം രണ്ടര ലക്ഷം രൂപയിൽ താഴെയുള്ള കുട്ടികൾക്ക് നല്കുന്നു. വർഷം 6000 രൂപ ലഭിക്കും.
www.maef.nic.in

## വികലാംഗർക്ക്

● ഗവൺമെന്റ്/എയ്ഡഡ് സ്ഥാപനങ്ങളിലെ അന്ധ-ബധിര-വികലാംഗ വിദ്യാർഥികൾക്ക് മാത്രം. വാർഷിക വരുമാനം രണ്ടര ലക്ഷത്തിൽ താഴെ ആയിരിക്കണം. അന്ധ വിദ്യാർഥികൾക്ക് ഇത് നാലര ലക്ഷം രൂപയാണ്. ഇ-ഗ്രാന്റ് ലഭിക്കുന്നവർക്ക് സ്കോളർഷിപ്പ് ലഭിക്കില്ല. പ്ലസ്ടു, ഡിഗ്രി, പിജി തലത്തിൽ ലഭ്യമാണ്. പഠന കാലത്തെ മുഴുവൻ ഫീസും ഹോസ്റ്റൽ ചെലവും ലഭിക്കും.
www.kswcfc.org

## പിജി ഒറ്റ പെൺകുട്ടി

● പിജി കോഴ്സിന് ചേരുന്ന, വീട്ടിലെ ഒറ്റ പെൺകുട്ടികൾക്ക് മാത്രം. സഹോദരനോ സഹോദരിയോ പാടില്ല. (ഇരട്ടകൾക്കും ലഭിക്കും). മറ്റ് നിബന്ധനകൾ ഇല്ല. യുജിസി നൽകുന്ന സ്കോളർഷിപ്പാണിത്. വർഷം 36200 രൂപ ലഭിക്കും.
www.ugc.ac.in

## മുണ്ടശേരി

● സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ നിന്ന് എസ്എസ്എൽസി/പ്ലസ്ടു പരീക്ഷകളിൽ മുഴുവൻ എ പ്ലസ് നേടിയ ന്യൂനപക്ഷ വിഭാഗങ്ങളിലെ, വാർഷിക വരുമാനം 8 ലക്ഷം രൂപയിൽ താഴെയുള്ളവർക്ക് അപേക്ഷിക്കാം. ഒരാൾക്ക് 10000 രൂപ ലഭിക്കും.
www.minoritywelfare.kerala.gov.in

## പ്രീ മെട്രിക്

● ഗവൺമെന്റ് അംഗീകൃത സ്കൂളുകളിൽ ഒന്നു മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിഭാഗക്കാർക്ക് അപേക്ഷിക്കാം. കുടുംബ വാർഷിക വരുമാനം രണ്ടരലക്ഷം രൂപയിൽ താഴെയായിരിക്കണം. പരീക്ഷകളിൽ 80 ശതമാനത്തിലധികം മാർക്കും ലഭിച്ചിരിക്കണം. സംസ്ഥാന സർക്കാരാണ് സ്കോളർഷിപ്പ് നൽകുന്നത്. ഒന്നു മുതൽ അഞ്ചുവരെ ക്ലാസുകാർക്ക് വർഷം 1000 രൂപയും ആറു മുതൽ 10 വരെ ക്ലാസുകാർക്ക് 5000 രൂപയും ലഭിക്കും.
www.scholarships.gov.in

## സി.എച്ച്. മുഹമ്മദ് കോയ

● ലാറ്റിൻ, പരിവർത്തിത ക്രിസ്ത്യൻ, മുസ്ലിം വിഭാഗങ്ങളിലെ കുട്ടികൾക്ക് ഡിഗ്രി/പിജി പഠനത്തിന്. വാർഷിക വരുമാനം ആറുലക്ഷം രൂപയിൽ താഴെയായിരിക്കണം.പഠനകാലത്ത് ഓരോ വർഷവും 5000 രൂപ ലഭിക്കും. ഹോസ്റ്റലിൽ താമസിക്കുന്നവരാണെങ്കിൽ സ്റ്റൈപന്റായി വർഷം 12000 രൂപ ലഭിക്കും.
www.dcescholarship.kerala.gov.in

## ഇ-ഗ്രാന്റ്

● പിന്നോക്ക വിഭാഗക്കാർക്കും ഒരു ലക്ഷം രൂപയിൽ താഴെ വരുമാനമുള്ള മുന്നോക്ക വിഭാഗക്കാർക്കും ഫീസ് കൺസക്ഷൻ ആയി നൽകിയിരുന്ന ഇ-ഗ്രാന്റ് 2023 മുതൽ ഇ-ഗ്രാൻറ് സ്കോളർഷിപ്പായി മാറ്റി. സ്കൂൾ/ കോളജ് ക്ലാസുകളിൽ ജനറൽ മെറിറ്റിൽ അഡ്മിഷൻ ലഭിക്കുന്ന എല്ലാ വിഭാഗം പിന്നോക്കക്കാർക്കും, ഒരു ലക്ഷം രൂപയിൽ താഴെ വരുമാനമുള്ള മുന്നോക്ക വിഭാഗക്കാർക്കും ലഭിക്കും. ട്യൂഷൻ ഫീസ്, പരീക്ഷാ ഫീസ് തുടങ്ങിയവയാണ് ലഭിക്കുക. ഇ-ഗ്രാന്റ് മേടിക്കുന്നവർക്ക് മറ്റ് സ്കോളർഷിപ്പുകൾ ലഭ്യമല്ല.

## കെവിപിവൈ

● അടിസ്ഥാന ശാസ്ത്ര വിഷയങ്ങളിലെ പ്ലസ് വൺ, പ്ലസ്ടു, ഡിഗ്രി/പിജി പഠനത്തിന്. കെവിപിവൈ പരീക്ഷ എഴുതി പാസാകണം. പ്ലസ്ടുവിന് 80 ശതമാനം മാർക്കും നേടണം. മറ്റ് നിബന്ധനകളില്ല. കിഷോർ വൈജ്ഞാനിക് പ്രോത്സാഹൻ യോജനയാണ് ഫെലോഷിപ്പ് നൽകുന്നത്. ഡിഗ്രി പഠനകാലത്ത് മാസം 5000 രൂപയും പിജി പഠന കാലത്ത് മാസം 7000 രൂപയും ലഭിക്കും. കൂടാതെ കണ്ടിജൻസി ഗ്രാന്റായി 25000 രൂപയും ലഭിക്കും. www.kvpy.org.in

## എ.പി.ജെ അബ്ദുൾ കലാം

● കേരള സ്റ്റേറ്റ് മൈനോറിറ്റി വെൽഫയർ ഡിപ്പാർട്ട്മെന്റ് നൽകുന്ന ഈ സ്കോളർഷിപ്പ് ഗവർമെന്റ് / എയ്ഡഡ് പോളിടെക്നിക്കുകളിൽ മൂന്ന് വർഷ ഡിപ്ളോമ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് ലഭ്യമാണ്. വരുമാന പരിധി എട്ട് ലക്ഷം. സ്കോളർഷിപ്പ് തുക പ്രതിവർഷം 6000 രൂപ.

# കണ്ണീരോർമ്മയായി ഫാ. മാത്യു മാവേലി

**2024 മെയ് ആറിന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട താമരശ്ശേരി രൂപതാ വൈദികൻ ഫാ. മാത്യു മാവേലിയെ അനുസ്മരിക്കുന്നു**



കുടിയേറ്റത്തിന്റെ ആദ്യനാളുകളിൽ അസൗകര്യങ്ങൾ മാത്രം കൈമുതലായുണ്ടായിരുന്ന ഇടവകകളിൽ ശക്തമായ നേതൃത്വവും കഠിനാദ്ധ്വാനവും കൊണ്ട് ഇടവകജനത്തെ മുന്നോട്ട് നയിച്ച അജപാലകനായിരുന്നു കഴിഞ്ഞ മെയ് ആറിന് അന്തരിച്ച ഫാ. മാത്യു മാവേലി. ലളിതജീവിതം നയിച്ച് ഏവർക്കും മാതൃകയായ വൈദികനായിരുന്നു ഫാ. മാത്യു മാവേലി.

താമരശ്ശേരി രൂപതയുടെ വികാരി ജനറൽ, കോർപ്പറേറ്റ് എജ്യുക്കേഷൻ ഏജൻസി മാനേജർ എന്നീ പദവികളിൽ സേവനം ചെയ്തിട്ടുണ്ട്. കല്ലുരുട്ടി സെന്റ് തോമസ് ഇടവകയുടെ വികാരിയായിരിക്കെയാണ് അപ്രതീക്ഷിത വിയോഗം. സ്വദേശമായ ആലപ്പുഴ കൈനകരിയിലേക്കുള്ള യാത്രാമധ്യേ ട്രെയിനിൽ വച്ച് ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ടതിനെ തുടർന്ന്, ആലുവ രാജഗിരി ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും മരണമടയുകയായിരുന്നു.

1949 ജൂൺ 19-ന് ചങ്ങനാശ്ശേരി അതിരൂപതയിലെ കൈനകരി ഇടവകയിലെ പരേതരായ മാവേലിൽ മാത്യു – അന്നമ്മ ദമ്പതികളുടെ അഞ്ചു മക്കളിൽ നാലാമനായാണ് ഫാ. മാത്യു മാവേലിയുടെ ജനനം. കൈനകരിയിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം 1964-ൽ തലശ്ശേരി രൂപത മൈനർ സെമിനാരിയിൽ വൈദിക പഠനം ആരംഭിച്ചു. കോട്ടയം വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ തത്വശാസ്ത്ര, ദൈവശാസ്ത്ര പഠനം നടത്തി. തലശ്ശേരി രൂപതയ്ക്കുവേണ്ടി 1973 ഡിസംബർ 18-ന് കൈനകരി സെന്റ് ഏലിയാസ് ആശ്രമത്തിൽ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയിൽ നിന്ന് വൈദികപട്ടം സ്വീകരിക്കുകയും പ്രഥമ ദിവ്യബലിയർപ്പിക്കുകയും ചെയ്തു.

1974-ൽ കൂടരഞ്ഞിയിൽ അസി. വികാരിയായി അജപാലന ദൗത്യം ആരംഭിച്ചു. പേരാവൂർ, ആലക്കോട് എന്നിവിടങ്ങളിലും അസി. വികാരിയായി. വാലില്ലാപ്പുഴ, തലയാട്-വയലിട, റയറോം, വിളക്കാംതോട്, തേക്കുംകുറ്റി, കൂമുള്ളി, ആനക്കാംപൊയിൽ, കൂരാച്ചുണ്ട്, താമരശ്ശേരി എന്നീ ഇടവകകളിൽ വികാരിയായി സേവനം ചെയ്തു. തലശ്ശേരി രൂപത മൈനർ സെമിനാരിയിൽ സ്പിരിച്ച്വൽ ഡയറക്ടറായും താമരശ്ശേരി രൂപത മൈനർ സെമിനാരിയിൽ റെക്ടറായും സ്പിരിച്ച്വൽ ഡയറക്ടറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1999 മുതൽ 2010 വരെ താമരശ്ശേരി രൂപതയുടെ കോർപ്പറേറ്റ് മാനേജരായി സേവനം ചെയ്തു. 2013 മുതൽ 2018 വരെ രൂപതയുടെ വികാരി ജനറലായിരുന്നു.

സഹോദരങ്ങൾ: പരേതനായ ജോസഫ് മാത്യു കൈതവന, പരേതനായ തോമസ് മാത്യു കൈനകരി, സഖറിയാസ് മാത്യു കൈനകരി, തങ്കമ്മ ജെയിംസ് കൂപ്ലിക്കാട്. മൃതസംസ്കാര ശുശ്രൂഷകൾക്ക് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ മുഖ്യകാർമികത്വം വഹിച്ചു. കൈനകരി സെന്റ് മേരീസ് ദേവാലയ സെമിത്തേരിയിലായിരുന്നു സംസ്കാരം.

# ദീപ്തസ്മരണയായി പൂക്കുളം അച്ചൻ

**2024 ജൂൺ 19 – ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട താമരശ്ശേരി രൂപതാ വൈദികൻ ഫാ. സെബാസ്റ്റ്യൻ പൂക്കുളത്തെ അനുസ്മരിക്കുന്നു**



'ദൈവജനത്തിനായ്' എന്ന ആപ്തവാക്യത്തിൽ അടിയുറച്ച് ജീവിച്ച വൈദികശ്രേഷ്ഠനാണ് ജൂൺ 19-ന് അന്തരിച്ച ഫാ. സെബാസ്റ്റ്യൻ പൂക്കുളം. കുടിയേറ്റനാളുകളിലെ കഷ്ടതകളിൽ ഇടവകജനത്തിന് ആശ്വാസം പകർന്ന് ശക്തമായ നേതൃത്വം നൽകാൻ പൂക്കുളം അച്ചനു സാധിച്ചു.

1967 ഡിസംബർ 17-ന് അഭിവന്ദ്യ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്ന് വൈദികപട്ടം സ്വീകരിക്കുകയും ഡിസംബർ 18-ന് കുളത്തുവയൽ ഇടവക ദേവാലയത്തിൽ പ്രഥമ ദിവ്യബലിയർപ്പിക്കുകയും ചെയ്തു. 1968-ൽ അവിഭക്ത തലശ്ശേരി അതിരൂപതയിലെ ആലക്കോട് ഇടവകയിൽ അസിസ്റ്റന്റ് വികാരിയായി അജപാലന ദൗത്യം ആരംഭിച്ചു. തുടർന്ന് ഈരൂട്, ഷീരാടി, മാടത്തിൽ, പൂഴിത്തോട്, കണ്ണിവയൽ, മാനടുക്കം, പടുപ്പ്, കല്ലാനോട്, കക്കയം, കട്ടിപ്പാറ, വിളക്കാംതോട്, കണ്ണോത്ത്, കൂരാച്ചുണ്ട്, കൂടരഞ്ഞി, തിരുവമ്പാടി, കോടഞ്ചേരി, മരിയാപുരം, മഞ്ഞുവയൽ, കുപ്പായക്കോട് എന്നീ ഇടവകകളിൽ വികാരിയായി സേവനം അനുഷ്ഠിച്ചു.

പേഴ്സണൽ ബോർഡ് അംഗം, കോർപ്പറേറ്റ് ഏജൻസി അഡ്വൈസറി ബോർഡ് അംഗം, കൺസൾട്ടർ, എപ്പാർക്കിയൽ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ അംഗം എന്നീ നിലകളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 2018-ൽ ഔദ്യോഗിക അജപാലന ജീവിതത്തിൽ നിന്ന് വിരമിച്ചു. തുടർന്ന് ഈരൂട് പ്രീസ്റ്റ്ഹോമിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്നു. കുറച്ചുകാലം മരഞ്ചാട്ടി ഇടവകയിൽ താത്ക്കാലിക വികാരിയായും സേവനം ചെയ്തു.

1940 ജൂലൈ 23-ന് പാലാ രൂപതയിലെ കൊഴുവനാൽ ഇടവകയിൽ പരേതരായ ജോൺ – അന്ന ദമ്പതികളുടെ അഞ്ചുമക്കളിൽ നാലാമനായാണ് ജനനം. കുളത്തുവയൽ എൽപി, യുപി, ഹൈസ്ക്കൂൾ എന്നിവിടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം തലശ്ശേരി രൂപതയുടെ സെന്റ് ജോസഫ്സ് മൈനർ സെമിനാരിയിൽ സെമിനാരി പഠനം ആരംഭിച്ചു. തുടർന്ന് ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ മേജർ സെമിനാരിയിൽ തത്വശാസ്ത്ര, ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി.

ഈരൂട് സെന്റ് ജോസഫ്സ് പള്ളിയിലും സെമിത്തേരിയിലുമായി നടന്ന സംസ്ക്കാര ശുശ്രൂഷകൾക്ക് തലശ്ശേരി രൂപതാ മുൻ അധ്യക്ഷന്മാരായ മാർ ജോർജ് വലിയമറ്റം, മാർ ജോർജ് ഞരളക്കാട്ട് എന്നിവർ മുഖ്യകാർമികത്വം വഹിച്ചു.

കണ്ടുമുട്ടുന്ന എല്ലാവരെയും സഹോദരനായും സഹോദരിയായും സുഹൃത്തായും നിറപുഞ്ചിരിയോടെ സ്വീകരിക്കുവാൻ അച്ചനു കഴിയുമായിരുന്നു. അച്ചന്റെ ശാന്തത അവസാന കാലം വരെയും മുഖത്ത് നിന്നും മാഞ്ഞിരുന്നില്ല. അച്ചന്റെ കൃത്യനിഷ്ഠയും ആദ്ധ്യാത്മിക കാര്യങ്ങളിലെ നേതൃത്വവും എല്ലാവരും സ്മരിക്കപ്പെടുന്ന ഒന്നാണ്.

# പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി യോജന

## പദ്ധതി പരിചയം



ഡോ. ഹിമ സുബിൻ കൂനംതടത്തിൽ

**സർക്കാർ പദ്ധതികളെ പരിചയപ്പെടുത്തുന്ന പുതിയ പംക്തി**

- **എല്ലാവർഷവും മൂന്നു ഗഡുക്കളിലായി 6000 രൂപ വീതം നേരിട്ട് കർഷകരിലേക്ക്**
- **2 ഹെക്ടർ ഭൂമിക്ക് താഴെയുള്ള എല്ലാ ചെറുകിട കർഷകരും അർഹർ**

മൂന്നാം വട്ടം പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത നരേന്ദ്ര മോദി ഒപ്പിട്ട ആദ്യ ഫയൽ പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി യോജനയുടേതായിരുന്നു. ഈ പദ്ധതിയുടെ പതിനേഴാം ഗഡു നൽകാനുള്ള ഫയലാണ് അദ്ദേഹം ഒപ്പിട്ടത്. ഈ ഗഡുവിലൂടെ ഇരുപതിനായിരം കോടി രൂപ 9.3 കോടി കർഷകുടുംബങ്ങൾക്ക് ലഭിക്കും.

### എന്താണ് പദ്ധതി?

എല്ലാവർഷവും മൂന്നു ഗഡുക്കളിലായി 6000 രൂപ വീതം നേരിട്ട് കർഷകരിലേക്ക് എത്തിക്കുന്നതാണ് ഈ പദ്ധതി. അതായത് എല്ലാ നാല് മാസത്തിൽ ഒരിക്കൽ 2000 രൂപ വീതം ലഭിക്കും

### ആർക്കൊക്കെയാണ് അർഹത?

രണ്ട് ഹെക്ടർ ഭൂമിക്ക് താഴെയുള്ള എല്ലാ ചെറുകിട കർഷകരും ഇതിന് അർഹരാണ്. സർക്കാർ, അർദ്ധസർക്കാർ ജീവനക്കാരും, പെൻഷൻകാരും, ഇൻകം ടാക്സ് റിട്ടേൺസ് ഫയൽ ചെയ്യുന്നവരും, 10,000 രൂപയ്ക്ക് മുകളിൽ സർക്കാർ ക്ഷേമ പദ്ധതി വാങ്ങുന്നവരും ഇതിന് യോഗ്യരല്ല

### പ്രത്യേകം ശ്രദ്ധിക്കുക

പതിനേഴാം ഗഡു മുതൽ ഇ-കെവൈസി (e-KYC) പൂർത്തിയാക്കിയവർക്ക് മാത്രമേ പണം ലഭിക്കുകയുള്ളൂ. pmkisan.gov.in വെബ്പോർട്ടലിൽ ആധാർ ലിങ്ക്ഡ് മൊബൈൽ വഴി e-KYC പൂർത്തിയാക്കാം. ഒടിപി നൽകുന്നതിലൂടെ വെരിഫിക്കേഷൻ പൂർത്തിയാകും. അല്ലെങ്കിൽ തൊട്ടടുത്ത അക്ഷയ കേന്ദ്രത്തിൽ പോയാൽ ബയോമെട്രിക് സംവിധാനത്തിലൂടെ പൂർത്തിയാക്കാം.

കേന്ദ്ര ബജറ്റിൽ ഏറ്റവും അധികം റവന്യൂ ചെലവഴിക്കുന്ന മേഖലയിൽ ഒന്നാണ് കൃഷി. പലപ്പോഴും സബ്സിഡികളും ആനുകൂല്യങ്ങളും കർഷകരിലേക്ക് എത്താതെ പോകുന്നത് തടയിടാനാണ് നേരിട്ട് കർഷകരിലേക്ക് പണം എത്തിക്കുന്ന ഇത്തരം പദ്ധതികൾ.



ഈ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ആയിരിക്കും തുടർന്ന് ഈ രീതിയിലുള്ള മറ്റ് ആനുകൂല്യങ്ങൾ ലഭിക്കുവാൻ ഇടയുള്ളത്. അതിനാൽ എല്ലാ കർഷകരും ഈ പദ്ധതിയുടെ ഭാഗമാകുന്നത് ഇനിയങ്ങോട്ടുള്ള സർക്കാർ പദ്ധതികളുടെ ഭാഗമായി മാറാൻ സഹായിക്കും.

*(കേന്ദ്ര കൃഷിവകുപ്പിൽ ശാസ്ത്രജ്ഞയാണ് ലേഖിക)*

# നടത്തുകൈക്കാരനും കൂട്ടുകൈക്കാരനും

## ചോദ്യം ഉത്തരം



റവ. ഡോ. ഏബ്രഹാം കാവിൽപുരയിടത്തിൽ

**?** ചില ഇടവകകളിൽ നടത്തുകൈക്കാരൻ ഇല്ല. എല്ലാ കൈക്കാരന്മാരും ഒന്നു ചേർന്നാണ് കാര്യങ്ങൾ നടത്തുന്നത്. നടത്തുകൈക്കാരൻ വേണമെന്ന് നിർബന്ധമുണ്ടോ? കൈക്കാരന്മാരെകുറിച്ചു നിയമം പറയുന്നതു വിശദമാക്കാമോ?

● മത്തായി നെടുംപുറത്ത്

വികാരിയച്ചന്മാരോടുചേർന്ന് ഇടവകയുടെ എല്ലാ പ്രവർത്തനങ്ങളിലും നേതൃത്വം കൊടുക്കുന്ന അല്മായരെയാണു കൈക്കാരൻമാർ എന്നു വിളിക്കുന്നത്. എല്ലാസഭകളിലും കൈക്കാരന്മാർ ഉണ്ടെങ്കിലും സീറോ മലബാർ, സീറോ മലങ്കര സഭകളുടെ പ്രത്യേക നിയമങ്ങളും ഈ വിഷയത്തിൽ കൃത്യമായ നിർദേശം നല്കുന്നുണ്ട്. ചോദ്യത്തിലെ ആദ്യഭാഗത്തിന്റെ ഉത്തരം പറയുന്നതിനുമുമ്പു കൈക്കാരന്മാരെക്കുറിച്ചുള്ള പൊതുവായ നിയമം ആദ്യം പറയാം. സീറോ മലബാർ സഭയുടെ പള്ളിയോഗ നടപടിക്രമങ്ങളുടെ നാലാം ഭാഗത്താണ് കൈക്കാരന്മാരുടെ തെരഞ്ഞെടുപ്പിനെക്കുറിച്ചും ഉത്തരവാദിത്തങ്ങളെക്കുറിച്ചും പ്രത്യേകമായി എടുത്തുപറയുന്ന നിയമങ്ങൾ നല്കിയിരിക്കുന്നത്. ഇത് സഭയുടെ പ്രത്യേകനിയമത്തിന്റെ ഭാഗമാണ്.

### കൈക്കാരൻമാരുടെ എണ്ണം, തെരഞ്ഞെടുപ്പ്

കൈക്കാരന്മാരെ തെരഞ്ഞെടുക്കുന്നത് ഇടവകയുടെ പൊതുയോഗമാണ്. രൂപതാനിയമാവലിക്കു വിധേയമായാണ് ഈ തെരഞ്ഞെടുപ്പ് നടക്കുന്നത് (പള്ളിയോഗ നടപടിക്രമങ്ങൾ, നമ്പർ 8.2). എത്ര കൈക്കാരന്മാർ ഒരു ഇടവകയിൽ വേണം എന്നത് ഇടവകയുടെ പൊതുയോഗമാണ് തീരുമാനിക്കുന്നത്. പരമാവധി എണ്ണം നിശ്ചയിച്ചിട്ടില്ല. എന്നാൽ ഏറ്റവും കുറഞ്ഞത് രണ്ടുപേർ ഉണ്ടായിരിക്കണമെന്നു നിയമം പറയുന്നു (നമ്പർ 42).

### യോഗ്യത

കൈക്കാരനായി തെരഞ്ഞെടുക്കപ്പെടാൻ 21 വയസ്സിനുമുകളിൽ പ്രായം ആവശ്യമാണ്. സ്ത്രീകളെയും കൈക്കാരസ്ഥാനത്തേക്കു തെരഞ്ഞെടുക്കാം. പുരുഷന്മാർക്കായി ഇതു സംവരണം ചെയ്തിട്ടില്ല. കൈക്കാരന്മാരായി തെരഞ്ഞെടുക്കപ്പെടുന്നവർ വിശ്വസ്തരും സത്യസന്ധരും കഴിവുറ്റവരും കാര്യപ്രാപ്തരും സേവനസന്നദ്ധരും ഇടവകക്കൂട്ടായ്മയുടെ ഇല്ലാത്തവരും രൂപത നിയമാവലിയിൽ പറഞ്ഞിട്ടുള്ള മറ്റു ഗുണവിശേഷങ്ങൾ ഉള്ളവരും ആയിരിക്കണം (നമ്പർ 43). അതേസമയം, സഭയുടെ പ്രബോധനങ്ങൾക്കു പരസ്യമായി എതിരുനില്ക്കുന്നവർ, സഭാപരമായ ശിക്ഷയിൽ ആയിരിക്കുന്നവർ, പരസ്യപാപികൾ, സന്മാർഗകുറ്റകൃത്യങ്ങൾക്കു ശിക്ഷിക്കപ്പെട്ടതിനുശേഷം ജീവിതനവീകരണം വരുത്തിയെന്നു വികാരി സാക്ഷ്യപ്പെടുത്താത്തവർ, വാർഷിക കുമ്പസാരം മുടക്കിയവർ, ബുദ്ധിമാന്ദ്യമുള്ളവർ, സഭാനിയമങ്ങൾ മനഃപ്പൂർവം ലംഘിക്കുന്നവർ, മദ്യപാനത്തിനും ലഹരിക്കും അടിമയായവർ തുടങ്ങിയ വ്യക്തികൾ കൈക്കാരസ്ഥാനത്തേക്കു തിരഞ്ഞെടുക്കപ്പെടുന്നതിന് അയോഗ്യരാണെന്ന് നിയമം വ്യക്തമാക്കുന്നു (നമ്പർ 6). ഇടവകയിലെ കപ്യാർ, അക്കൗണ്ടന്റ് എന്നീ തസ്തികകളിൽ ജോലി ചെയ്യുന്നവർ കൈക്കാരന്മാരായി തെരഞ്ഞെടുക്കപ്പെടുന്നതിന് നിയമവിലക്കുണ്ട് (നമ്പർ 43).

### സേവനദൈർഘ്യം, സ്ഥാനം ഏറ്റെടുക്കൽ

ഒരു വർഷത്തേക്കാണു കൈക്കാരന്മാർ തെരഞ്ഞെടുക്കപ്പെടുന്നത്. രണ്ടാമത് ഒരിക്കൽക്കൂടി തെരഞ്ഞെടുക്കപ്പെടാം. എന്നാൽ മൂന്നാമതും തെരഞ്ഞെടുക്കപ്പെടണമെങ്കിൽ രൂപതാമെത്രാന്റെ പ്രത്യേക അനുവാദം ആവശ്യമാണ് (നമ്പർ 44). പൊതുയോഗം തെരഞ്ഞെടുത്ത കൈക്കാരന്മാരെ രൂപതാധ്യക്ഷൻ സ്ഥിരീകരിക്കുന്നതോടെയാണ് അവർ നിയമിതരാകുന്നത്. മെത്രാന്റെ അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ സത്യപ്രതിജ്ഞക്കുശേഷം മദ്ബഹയുടെ പ്രവേശനകവാടത്തിന് അടുത്തുവച്ച് ഇടവക വികാരിയിൽനിന്ന് കൈക്കാരന്മാർ താക്കോൽസ്വീകരിച്ചു സ്ഥാനം ഏറ്റെടുക്കുന്നു. ഉത്തരവാദിത്വത്തിന്റെ കാലാവധി കഴിയുമ്പോൾ കണക്കുകളെല്ലാം ശരിയാക്കിയതിനുശേഷം അതേ സ്ഥലത്ത് താക്കോൽ വികാരിയെ തിരിച്ചേൽപ്പിക്കണം. (നമ്പർ 45).

### പ്രതിഫലം

കൈക്കാരന്മാർ അലവൻസോ പ്രതിഫലമോ സ്വീകരിക്കാൻ പാടില്ല. എന്നാൽ കൈക്കാരന്മാരുടെ സേവനം ഏറെ സമയത്തേക്കു ആവശ്യമുള്ള ദിവസങ്ങളിൽ വരുന്ന ചെലവുകൾ ഇടവകയുടെ ഫണ്ടിൽനിന്ന് കൊടുക്കേണ്ടതാണ്. അതിനായി ഇടവക ബജറ്റിൽ തുകയും നിശ്ചയിക്കാവുന്നതാണ്.

### സ്ഥാനം നഷ്ടപ്പെടൽ

കാലാവധി പൂർത്തിയാകുമ്പോഴാണ് സാധാരണഗതിയിൽ കൈക്കാരൻ സ്ഥാനം മാറുന്നത്. എന്നാൽ അടിയന്തരഘട്ടങ്ങളിൽ കൈക്കാരന്റെ രാജി സ്വീകരിക്കാനും ചുമതലകളിലെ വീഴ്ച, സത്യസന്ധതയില്ലായ്മ, കഴിവുകേട്, സാമ്പത്തികക്രമക്കേട് എന്നീ കാരണങ്ങളാൽ കൈക്കാരനു പറയാനുള്ളത് കേട്ടിട്ട് ആവശ്യമെങ്കിൽ കൈക്കാരസ്ഥാനത്തുനിന്നു മാറ്റാനും മെത്രാന് അധികാരമുണ്ട്.

### നടത്തുകൈക്കാരനും കൂട്ടുകൈക്കാരനും

കൈക്കാരന്മാരും വികാരിയുംകൂടി നിശ്ചയിക്കുന്ന യുക്തമായ ഒരു കാലത്തേക്കു, കൈക്കാരന്മാരായി തെരഞ്ഞെടുക്കപ്പെടുന്നവരിൽ ഒരാൾ കാര്യങ്ങൾ നടത്തുന്ന നടത്തുകൈക്കാരനായിരിക്കും. മറ്റുള്ള കൈക്കാരന്മാർ ആ സമയത്ത് കൂട്ടുകൈക്കാരന്മാർ എന്ന് അറിയപ്പെടും (നമ്പർ 41). എങ്ങനെയാണ് നടത്തുകൈക്കാരനെയും കൈക്കാരൻമാരിൽ ഓരോരുത്തർക്കുള്ള ക്രമവും കാലാവധിയും നിശ്ചയിക്കുന്നത്? കൈക്കാരന്മാരുടെ എണ്ണം അനുസരിച്ച് ഒരു വർഷത്തെ തുല്യഘട്ടങ്ങളായി തിരിച്ചതിനുശേഷം കൈക്കാരന്മാരുടെ മൂപ്പുമുറയോ സൗകര്യമോ അനുസരിച്ചു ഓരോരുത്തരും നടത്തുകൈക്കാരസ്ഥാനം ഏറ്റെടുക്കുന്നു (നമ്പർ 46).

### നടത്തുകൈക്കാരൻ ആവശ്യമുണ്ടോ?

എല്ലാ കൈക്കാരന്മാരുംകൂടി സഹകരിച്ച് ഇടവകഭരണത്തിൽ വികാരിയച്ചനെ സഹായിച്ചാൽ പോരേ എന്ന ചോദ്യം സ്വാഭാവികമാണ്. അത് പോരാ എന്നതാണ് ഉത്തരം. സീറോമലബാർസഭയുടെ പ്രത്യേകനിയമം നടത്തുകൈക്കാരൻ നിർവഹിക്കേണ്ട നിയമപരമായ ഉത്തരവാദിത്വങ്ങൾ എടുത്തുപറയുന്നുണ്ട്. ഉദാഹരണത്തിന്, ഇടവകയുടെ നേർച്ചപ്പെട്ടിയും ഭണ്ഡാരവും തുറന്നു തുക എണ്ണിത്തിട്ടപ്പെടുത്തേണ്ടത് വികാരിയുടെയോ കൂട്ടുകൈക്കാരന്റെയോ അല്ലെങ്കിൽ വികാരി നിശ്ചയിക്കുന്ന മറ്റൊരാളുടെയോ സാന്നിധ്യത്തിൽ, നടത്തുകൈക്കാരനാണ് (നമ്പർ 44). പള്ളിയുടെ അക്കൗണ്ടുകൾ വികാരിയുടെയും നടത്തുകൈക്കാരന്റെയും പേരിൽ ആയിരിക്കണമെന്നു നിയമം നിഷ്കർഷിക്കുന്നു (നമ്പർ 61). ഓരോരുത്തരുടെയും കാലഘട്ടത്തിൽ സംഭവിക്കുന്ന കാര്യങ്ങൾക്ക് അവരവർതന്നെ ഉത്തരം പറയേണ്ടതുണ്ട്.

### സീറോമലങ്കരസഭയുടെ പ്രത്യേകനിയമം

സീറോമലങ്കരസഭയുടെ പ്രത്യേകനിയമത്തിൽ പറയുന്ന പ്രധാനപ്പെട്ട കാര്യങ്ങൾ ഇവയാണ്: കൈക്കാരന്മാരെ തെരഞ്ഞെടുക്കുന്നത് പൊതുയോഗമാണ്. ഒരാളെ അടുപ്പിച്ച് മൂന്നുപ്രാവശ്യം പൊതുയോഗത്തിനു തെരഞ്ഞെടുക്കാം (കാനൻ 186). പള്ളിയുടെ അക്കൗണ്ട് വികാരിയച്ചന്റെയും കൈക്കാരന്റെയും പേരിൽ ആയിരിക്കണം (കാനൻ 189). നടത്തുകൈക്കാരൻ എന്ന് പ്രത്യേകം പറയുന്നില്ല. കൈക്കാരസ്ഥാനത്തു നിന്നു ഒരാളെ മാറ്റാൻ ഇടവക കമ്മിറ്റി മൂന്നിൽ രണ്ടു ഭൂരിപക്ഷത്തോടെ തീരുമാനിക്കുകയും തീരുമാനം രൂപതാധ്യക്ഷൻ അംഗീകരിക്കുകയും ചെയ്യണം (കാനൻ 194). സീറോമലങ്കരസഭയുടെ പ്രത്യേകനിയമത്തിൽ നടത്തുകൈക്കാരൻ, കൂട്ടുകൈക്കാരൻ എന്നീ വ്യത്യസ്ത പേരുകളും കൈക്കാരസ്ഥാനത്തേക്കു തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള പ്രായപരിധിയും കാണുന്നില്ല.

### ഉപസംഹരിക്കാം

ഇടവകയുടെ ഭരണത്തിൽ വികാരിയെ സഹായിക്കുന്ന കൈക്കാരൻ തന്റെ ഉത്തരവാദിത്ത നിർവഹണത്തിൽ മെത്രാനോടും വികാരിയോടും പൊതുയോഗത്തോടും പള്ളിക്കമ്മിറ്റിയോടും കണക്കുബോധിപ്പിക്കാൻ കടപ്പെട്ടിരിക്കുന്നു. നിയമം കൃത്യമായി പാലിക്കുന്നതിലെ വൈമുഖ്യവും കൃത്യതയില്ലായ്മയും പിന്നീടു വലിയ പ്രശ്നങ്ങൾ ചില സ്ഥലങ്ങളിലെങ്കിലും സൃഷ്ടിക്കുന്നുണ്ട്. അതിനാൽ, നിയമം നിഷ്കർഷിക്കുന്ന രീതിയിൽ ഉത്തരവാദിത്തം നിർവഹിക്കാൻ കൈക്കാരൻമാരും വികാരിയും ഇടവക കമ്മിറ്റിയും പൊതുയോഗവും ശ്രദ്ധിക്കുന്നത് ഉചിതമാണ്.

---

# കൃഷി വിജയത്തിന് ഫാമിലി ഫാമിങ്

## കൃഷിപാഠം

ജെകെവി

ഒരു കൊച്ചുകുടുംബത്തിന് ആവശ്യമായ പച്ചക്കറികൾ ഉണ്ടാക്കൽ, വീട്ടിൽ ഓരോ ദിവസവും ഉണ്ടാകുന്ന അടുക്കള മാലിന്യങ്ങളുടെ സംസ്കരണം, മലിന ജലത്തിന്റെ പുനരുപയോഗം ഇവയൊക്കെ ചിട്ടയോടെ ചെയ്യുന്നതു വഴി ലഭിക്കുന്ന വ്യായാമത്തിലൂടെയുള്ള ആരോഗ്യപരിപാലനം ഇവയെല്ലാം സംയോജിപ്പിച്ച് ഉണ്ടാക്കിയ സൂത്രവാക്യമാണ് ഫാമിലി ഫാമിങ്.

കേരള കാർഷിക സർവകലാശാലയുടെ തവനൂരിലെ കേളപ്പജി കോളജ് ഓഫ് അഗ്രികൾചറൽ എൻജിനീയറിങ് ആൻഡ് ടെക്നോളജിയിലെ ഇൻസ്ട്രക്ഷനൽ ഫാം ആണ് ഇത്തരമൊരു ആശയത്തെ യാഥാർഥ്യമാക്കി അവതരിപ്പിക്കുന്നത്.

ഇത്തിരി മുറ്റം മാത്രമുള്ള കൊച്ചുവീടിന്റെ പരിസരം തൊട്ട് അഞ്ചോ പത്തോ സെന്റ് സ്ഥലം ഉള്ളിടത്തോ ഒരു സ്ഥലവും ഇല്ലാത്ത ഫ്ളാറ്റിന്റെ മൂലയിലോ ഒക്കെ വിജയകരമായി നടത്തിക്കൊണ്ടുപോകാൻ പറ്റുന്ന ജൈവമാതൃകയാണിത്. ചെറിയ സ്ഥാപനങ്ങളിലും ഓഫിസുകളിലും വിദ്യാലയങ്ങളിലും ഒക്കെ ഇതിന്റെ വിപുലീകരിച്ച പ്ലാനുകൾ അവലംബിക്കാം.

സീറോ വേസ്റ്റ് സംസ്കാരം കൂടി പ്രോത്സാഹിപ്പിക്കുന്നതാണ് ഫാമിലി ഫാമിങ് പദ്ധതി. ഓരോ കുടുംബത്തിലെയും ആളുകളുടെ എണ്ണത്തിനനുസരിച്ച് ഗ്രോ ബാഗുകളുടെയും വിളകളുടെയും എണ്ണം കൂട്ടിയും സ്ഥലക്കുറവുള്ളിടത്ത് വെർട്ടിക്കൽ ഫാമിങ്, ടവർ രീതി പോലുള്ളവ പരീക്ഷിച്ചും ആവശ്യത്തിന് പച്ചക്കറികൾ ഉൽപാദിപ്പിച്ച് അടുക്കളയിലെ ആവശ്യങ്ങൾ നിറവേറ്റാം.

ആരോഗ്യമുള്ള ഒരു വ്യക്തി ദിവസം 500 ഗ്രാം പച്ചക്കറി ഭക്ഷണത്തിൽ ഉൾപ്പെടുത്തണം. ഇതിൽ 100 ഗ്രാം ഇലകളും 200 ഗ്രാം കിഴങ്ങുവർഗങ്ങളും 200 ഗ്രാം നാരുള്ള ഇനങ്ങളും ഉൾപ്പെടണം. നാലോ അഞ്ചോ ഗ്രോ ബാഗുകൾ അടങ്ങിയതാണ് ഫാമിലി ഫാമിങ്ങിന്റെ മൈക്രോ യൂണിറ്റ്. സൗകര്യത്തിനും കഴിവിനും അനുസരിച്ച് ഗ്രോ ബാഗുകളുടെ എണ്ണം കൂട്ടാം.

പച്ചമുളക്, പയർ, വെണ്ട, തക്കാളി, ചീര തുടങ്ങിയവ സൗകര്യത്തിനനുസരിച്ച് വളർത്താം. പച്ചക്കറികളുടെയും മീനിന്റെയും ഇറച്ചിയുടെയും അവശിഷ്ടങ്ങൾ, ഭക്ഷണാവശിഷ്ടങ്ങൾ തുടങ്ങിയവ സംസ്കരിച്ച് ജൈവവളമാക്കി ഈ യൂണിറ്റുകളിൽ ഉപയോഗിക്കുന്നതു വഴി കൃഷിച്ചെലവ് കുറയ്ക്കാമെന്ന നേട്ടവും മാലിന്യസംസ്കരണമെന്ന തലവേദന ഒഴിവാക്കാമെന്ന സൗകര്യവും ഉണ്ട്. വളപ്രയോഗം, കീടനിയന്ത്രണം, ജലസേചനം ഇവയിലൊക്കെ ശ്രദ്ധനൽകുന്നത് ഒരു വ്യായാമരീതി കൂടിയാണ്. വിത്തിടലിനും ജലസേചനത്തിനും കുട്ടികളുടെ പങ്കാളിത്തംകൂടി ഉറപ്പുവരുത്തുമ്പോഴാണ് ഇത് യഥാർഥ ഫാമിലി ഫാമിങ് ആയി മാറുന്നത്. തവനൂരിൽ കേളപ്പജി കോളജ് ഓഫ് അഗ്രികൾചറൽ എൻജിനീയറിങ് ആൻഡ് ടെക്നോളജിയിലെ ഇൻസ്ട്രക്ഷനൽ ഫാമിൽ ഫാമിലി ഫാമിങ്ങിന്റെ മാതൃകാ കൃഷി യൂണിറ്റ് പ്രദർശിപ്പിച്ചിട്ടുണ്ട്. സംശയങ്ങൾ 9447228022 എന്ന വാട്സാപ് നമ്പരിൽ മെസേജ് ആയി നൽകിയാൽ മറുപടി ലഭിക്കും.

# 'ഈശോയെ അങ്ങ് മാത്രം മതി'

**ഇന്ന് കുഞ്ഞുമാലാഖ ആരുടെ കഥയുമായിട്ടാണ് വന്നതെന്നറിയാമോ? ഉണ്ണീശോയുടെ വിശുദ്ധ റോസിന്റെ കഥ.**

## കുട്ടീസ് കോർണർ



**സിസ്റ്റർ ടെൽന SABS**

ഉണ്ണീശോയുടെ കുഞ്ഞുമക്കളേ, എല്ലാവർക്കും സുഖമാണോ? ഈശോയുടെ നല്ല മക്കളായി എല്ലാവരും നന്നായി പ്രാർത്ഥിക്കുകയും പഠിക്കുകയും ചെയ്യണം കേട്ടോ.

ഇന്ന് കുഞ്ഞുമാലാഖ ആരുടെ കഥയുമായിട്ടാണ് വന്നതെന്നറിയാമോ? ഉണ്ണീശോയുടെ വിശുദ്ധ റോസിന്റെ കഥ. റോസിന് പാവങ്ങളോട് വലിയ സ്നേഹമായിരുന്നു. മിഠായി വാങ്ങാൻ കിട്ടിയിരുന്ന ചില്ലറകൾ സൂക്ഷിച്ച് വച്ച് അവൾ പാവങ്ങൾക്ക് നൽകിയിരുന്നു. അങ്ങനെ കാത്തുകാത്തിരുന്ന് റോസിന്റെ ആദ്യകുർബാന സ്വീകരണം വന്നു. അത് ആഘോഷമാക്കണമെന്ന് മാതാപിതാക്കൾ തീരുമാനിച്ചു. എന്നാൽ റോസിന്റെ ചിന്ത അടുത്തുള്ള ഒരു പാവപ്പെട്ട കുട്ടിയെക്കുറിച്ചായിരുന്നു. കൂലിപ്പണിക്കാരനായ സാമുവേലിന്റെ മകൾ. അവളും റോസിനൊപ്പം ആദ്യകുർബാന സ്വീകരണത്തിനൊരുങ്ങുന്നുണ്ട്. തനിക്ക് വാങ്ങുന്നതുപോലെതന്നെ വസ്ത്രവും മുടിയും ആ കുട്ടിക്കും വാങ്ങിനൽകണമെന്ന് റോസ് തന്റെ മാതാപിതാക്കളോട് ആവശ്യപ്പെട്ടു. അങ്ങനെ ആ കുഞ്ഞിനും റോസിനുള്ളതുപോലെ വസ്ത്രവും മുടിയും വാങ്ങിച്ചുകൊടുത്തുകൊണ്ട് ആഘോഷമായി ആദ്യകുർബാന സ്വീകരണം നടത്തി. പാവപ്പെട്ടവർ വീട്ടിൽ വരുമ്പോൾ അവർക്കായി എല്ലാം ഒരുക്കി കൊടുത്ത് ഒരു ഉത്സവം പോലെ അവർ ആഘോഷിച്ചിരുന്നു. ക്രമേണ റോസിന്റെ വീടിന്റെ ഒരു ഭാഗം തന്നെ അഗതികൾക്കായി മാറ്റിവച്ചു. അവിടെ രോഗികളെ സ്വീകരിച്ച് അവർക്കുവേണ്ട എല്ലാ ശുശ്രൂഷകളും നൽകി. ഉണ്ണീശോയുടെ റോസ് ഉണ്ണീശോയുടെ രൂപമായി വന്ന് രോഗികളെ ശുശ്രൂഷിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. ഇങ്ങനെ പാവങ്ങളോട് പ്രത്യേക പരിഗണന ഉണ്ടായിരുന്ന റോസ് എപ്പോഴും തന്റെ ഹൃദയത്തിൽ ഉരുവിട്ടുകൊണ്ടിരുന്നത് എന്താണെന്നറിയാമോ? "ഈശോയെ അങ്ങ് മാത്രം മതി എനിക്ക്."

പ്രിയപ്പെട്ട കുഞ്ഞുമക്കളെ, റോസിനെപ്പോലെ നമുക്കും പറയാം, 'ഈശോയേ അങ്ങ് മാത്രം മതി എനിക്ക്.' പാവങ്ങളോടും രോഗികളോടും കരുതലും സ്നേഹവുമുള്ളവരായി മാറാം. നമ്മുടെ വീട്ടിലെ ആഘോഷങ്ങളിൽ അവരെയും നമുക്ക് ചേർത്തു നിർത്താം. എന്തുകൊണ്ടാണെന്നറിയാമോ പാവങ്ങളെ നമ്മൾ സൽക്കരിക്കുമ്പോൾ അവരിലുള്ള ഈശോയെയാണ് നമ്മൾ സൽക്കരിക്കുന്നത്. അപ്പോൾ നമ്മളും ഈശോയുടെ സ്വന്തമായി തീരും. ഇനി നിങ്ങളുടെ ജന്മദിനത്തിലും ആദ്യകുർബാന സ്വീകരണത്തിലും പാവങ്ങളെ മറക്കരുതേ...

## നേട്ടം



● കാലിക്കറ്റ് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് അംഗമായി തെരഞ്ഞെടുക്കപ്പെട്ട ടി. ജെ. മാർട്ടിൻ തച്ചിൽ. കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്നും അസിസ്റ്റന്റ് രജിസ്ട്രാറായി വിരമിച്ച അദ്ദേഹം മലപ്പുറം ഇടവകാംഗമാണ്. കാലിക്കറ്റ് സർവ്വകലാശാല ക്രിസ്ത്യൻ ചെയറിന്റെ ഗവേർണിങ് ബോഡി അംഗമാണ്.



● ജയ്പ്പൂർ നിംസ് യൂണിവേഴ്സിറ്റിയിൽ നിന്ന് ക്ലിനിക്കൽ സൈക്കോളജിയിൽ പിഎച്ച്ഡിയും ഹൈദരബാദ് ഒസ്മാനിയ യൂണിവേഴ്സിറ്റി നിന്നു RCI ലൈസൻസും നേടിയ സിസ്റ്റർ റോസ്ബെൽ (സിഎംസി തിരുവമ്പാടി സെന്റ് മേരീസ് പ്രൊവിൻസ്). മണാശ്ശേരി പെരികിലാമലയിൽ വർക്കിക്കുട്ടി – ആലീസ് ദമ്പതികളുടെ മകൾ.



● ദേവഗിരി സെന്റ് ജോസഫ് കോളജ് (കാലിക്കറ്റ് യൂണിവേഴ്സിറ്റി) നിന്നും കെമിസ്ട്രയിൽ പിഎച്ച്ഡി നേടിയ ആനി സ്റ്റെഫി. അശോകപുരം ഇൻഫന്റ് ജീസസ് ഇടവക ജോയ് വളവിൽ, സാലി ജോയ് എന്നിവരുടെ മകളാണ്. പിയർ റിവ്യൂ ചെയ്ത ജേർണലുകളിൽ മൂന്ന് അന്തർദേശീയ ഗവേഷണ പ്രസിദ്ധീകരണങ്ങൾ ആനിയുടെ പേരിൽ ഉണ്ട്.



● യുഎസിലെ സിയാറ്റിൽ നടന്ന മെറ്റീരിയൽ റിസർച്ച് സൊസൈറ്റിയുടെ അന്താരാഷ്ട്ര കോൺഫ്രൻസിൽ മികച്ച 10 പോസ്റ്ററുകളിൽ ഒന്നായി തെരഞ്ഞെടുക്കപ്പെട്ടത് ആൽവിൻ ജോസഫിന്റേതായിരുന്നു. പുല്ലൂരാംപാറ പുള്ളോലിൽ (തടിക്കൽ) ജോസഫ് – മേരിക്കുട്ടി ദമ്പതികളുടെ മകൻ. തിരുവനന്തപുരം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എജ്യുക്കേഷൻ ആൻഡ് റിസർച്ച് (IISER) അവസാന വർഷ ഗവേഷണ വിദ്യാർഥി.

## പുസ്തക പരിചയം

### ഉപബോധത്തിലെ ബോധ്യങ്ങൾ




● ഡോ. പി.എം. ആന്റണി സ്വന്തം ജീവിത പന്ഥാവിലെ അനുഭവങ്ങളെ താർക്കികമായി വിചിന്തനം ചെയ്ത് അവതരിപ്പിച്ചിരിക്കുന്ന ലേഖനങ്ങളുടെ സമാഹാരം. ജീവിത ദർശനങ്ങളെ ആധാരശിലയാക്കി സമകാലീന പ്രതിഭാസങ്ങളെ വിശകലനം ചെയ്യുന്ന വൈവിധ്യമാർന്ന ലേഖനങ്ങളാണ് ഈ സമാഹാരത്തിലുള്ളത്. ആത്മ ബുക്സ് പ്രസിദ്ധീകരിച്ചിരിക്കുന്നു. – വില 250 രൂപ. കോപ്പികൾക്ക്: **9746440800**

# ക്വിസ് കോർണർ 2024

## 2024 ജൂലൈ – ആഗസ്റ്റ് ചോദ്യങ്ങൾ

*2024 മേയ് – ജൂൺ ലക്കം വിജയികളായവർ:*

● ഒന്നാം സമ്മാനം, 1000 രൂപ
**ജോയസി അലക്സ്**
കോനിക്കര, വാണിയമ്പലം

● രണ്ടാം സമ്മാനം, 500 രൂപ
**ജെഫ്രിൻ തോമസ്**
തടത്തിൽ, മരുതോങ്കര

● മൂന്നാം സമ്മാനം, 250 രൂപ
**മിനി ബെന്നി**
തുണ്ടത്തിൽ, മരഞ്ചാട്ടി

ഉത്തരങ്ങൾ അയയ്ക്കേണ്ട വാട്സാപ്പ് നമ്പർ
**9744 99 5553**

**ഈ ലക്കത്തിൽ നിന്നുമാണ് ചോദ്യങ്ങൾ തയ്യാറാക്കിയിരിക്കുന്നത്**

1.പരസ്പരം സ്നേഹിക്കുകയും സഹകരിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തിൽ നിലനിൽക്കുന്നതെന്ത്?

2.ആവശ്യക്കാർക്ക് കൂട്ടുപോകുന്നത് തൊഴിലായി സ്വീകരിച്ച ജപ്പാൻകാരന്റെ പേര്?

3.വിശ്വാസതിരുസംഘം പ്രസിദ്ധീകരിച്ച മനുഷ്യജീവന്റെ മഹത്വത്തെ പ്രതിപാദിക്കുന്ന പ്രബോധനരേഖ ഏത്?

4.മാതാപിതാക്കൾ ജീവിച്ചിരിപ്പില്ലാത്ത വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പിന്റെ പേര്?

5.മൂന്നാംവട്ടം സത്യപ്രതിജ്ഞ ചെയ്ത പ്രധാനമന്ത്രി നരേന്ദ്ര മോദി ഒപ്പിട്ട ആദ്യ ഫയൽ ഏതു പദ്ധതിയുടേതാണ്?

6.വികാരിയച്ചനോടും ഇടവകയോടും ചേർന്ന് എല്ലാ പ്രവർത്തനങ്ങളിലും നേതൃത്വം നൽകുന്നവരെ വിളിക്കുന്നതെന്ത്?

7.ഒരു ജനാധിപത്യവ്യവസ്ഥയുടെ ആണിക്കല്ല് എന്ത്?

8.പ്ലസ്ടുവിൽ ഉയർന്ന മാർക്ക് ലഭിക്കുന്നവർക്ക് സയൻസിൽ ബിരുദ പഠനത്തിന് ലഭിക്കുന്ന സ്കോളർഷിപ്പിന്റെ പേര്?

9.കൈക്കാരന്മാരുടെ രാജി സ്വീകരിക്കുവാനും, കൈക്കാരസ്ഥാനത്തുനിന്ന് നീക്കുവാനും അധികാരമുള്ളതാർക്ക്?

10.'ഏവരും സോദരർ' എന്ന ചാക്രിക ലേഖനം എഴുതിയ മാർപാപ്പ ആര്?

**ഉത്തരങ്ങൾ 2024 ആഗസ്റ്റ് 18 ന് മുമ്പ് ലഭിക്കണം**

സമ്മാനങ്ങൾ സ്പോൺസർ ചെയ്യുന്നത്
**ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

### മേയ് – ജൂൺ ലക്കം ഉത്തരങ്ങൾ

1. സിദ്ധാർത്ഥ രാജകുമാരൻ 2. 6% 3. മൂല്യബോധമുള്ള തലമുറയെ വളർത്തിയെടുക്കുക 4. മൂന്ന് 5. റിവാർഡ് സർക്യൂട്ട് 6. 1987 7. സെന്റ് പീറ്റേഴ്സ് ബസിലിക്ക 8. മാർ പ്രിൻസ് പാണേങ്ങാടൻ 9. ഉണർന്നു പ്രശോഭിക്കുക 10. ഫാ. ജോമോൻ പാട്ടശ്ശേരി

### പൊതുനിർദ്ദേശങ്ങൾ

● പേജിന്റെ വലതു വശത്ത് നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരങ്ങൾ എഴുതി, പേരും വിലാസവും രേഖപ്പെടുത്തി അയയ്ക്കേണ്ടതാണ്.
● വാട്സാപ്പിലൂടെ ഉത്തരങ്ങൾ അയയ്ക്കുന്നവർ ഉത്തരങ്ങൾ രേഖപ്പെടുത്തിയ ക്വിസ് കോർണർ ഭാഗം മാത്രം ഫോട്ടോ എടുത്തോ സ്കാൻ ചെയ്തോ അയയ്ക്കണം. ഉത്തരങ്ങൾ വായിച്ചെടുക്കാൻ പാകത്തിനു വേണം ഫോട്ടോയെടുത്ത് അയയ്ക്കാൻ. അവ്യക്തമായ ഉത്തരങ്ങളുള്ളവ പരിഗണിക്കില്ല.
● പേപ്പറുകളിൽ എഴുതിയോ വാട്സാപ്പിൽ ടൈപ്പ് ചെയ്തോ അയയ്ക്കുന്ന ഉത്തരങ്ങൾ മത്സരത്തിനായി പരിഗണിക്കുന്നതല്ല.
● വിലാസം: എഡിറ്റർ, മലബാർ വിഷൻ, പിഎംഒസി, മേരിക്കുന്ന് പിഒ, കോഴിക്കോട് 673012. ● സംശയങ്ങൾക്ക് വിളിക്കുക: 97 44 99 5553

ഉത്തരങ്ങൾ ഇവിടെ എഴുതുക

1
2
3
4
5
6
7
8
9
10

പേര്: ..............................
വീട്ടുപേര്: ..............................
ഇടവക: ..............................
ഫോൺ: ..............................

ഇവിടെ മുറിക്കുക

# വിജയത്തിന്റെ രുചിക്കൂട്ടുമായി സഹോദരിമാർ

**അശോകപുരം ഇടവകാംഗങ്ങളായ ചിത്തിരയും ആതിരയും കോവിഡ് കാലത്ത് ആരംഭിച്ച 'മഡ്ക' റെസ്റ്റോറന്റിലെ രുചി വിശേഷങ്ങൾ**

## വിജയപാഠം



**ജിൽസൺ ജോസ്**

രുചിയേറും ഉത്തരേന്ത്യൻ വിഭവങ്ങൾ വർണ്ണാഭമായ അന്തരീക്ഷത്തിൽ ഭക്ഷണപ്രേമികളുടെ മുന്നിലെത്തിയാൽ എങ്ങനെയുണ്ടാകും? ചിത്തിരയുടെ ചോദ്യത്തിന് അനിയത്തി ആതിരയും ലൈക്കടിച്ചതോടെ അപ്പൻ എൻ. എം. ഷാജിയും അമ്മ റോസ്‌ലിയും എരഞ്ഞിപ്പാലം ജവഹർ നഗറിൽ വാടകക്കാരൊഴിഞ്ഞ തങ്ങളുടെ കെട്ടിടം മക്കളുടെ ആശയത്തിന് വിട്ടു. പതിനഞ്ചു പേർക്ക് ഇരുന്ന് ഭക്ഷണം കഴിക്കാവുന്ന കുഞ്ഞുറെസ്റ്റോറന്റായി ചിത്തിരയും ആതിരയും ആ ചുമരുകളെ മാറ്റി. റെസ്റ്റോറന്റിന് 'മഡ്ക'യെന്നവർ പേരിട്ടു. ചാട്സും വടാപാവും പാവ് ബാജിയും മോമോസും ലസിയുമൊക്കെ മേശയിൽ നിരന്നു. ചുരുങ്ങിയ നാളുകൊണ്ട് 'മഡ്ക' സൂപ്പർ ഹിറ്റ്!



ആതിരയും ചിത്തിരയും




### ഉത്തരേന്ത്യൻ ബന്ധം

'കോളജ് പഠനം കഴിഞ്ഞ് സ്വന്തമായി എന്തെങ്കിലും ചെയ്യണമെന്ന ആഗ്രഹമുണ്ടായിരുന്നു. കോവിഡ് കാലം ജോലി സാധ്യതകൾ കുറച്ചതോടെ ആ ആഗ്രഹം തീവ്രമായി. അപ്പനും അമ്മയും പഠിച്ചതും കുറേക്കാലം ജോലി ചെയ്തതും ഉത്തരേന്ത്യയിലായിരുന്നു. അവധിക്കാലങ്ങളിൽ ഞങ്ങൾ അങ്ങോട്ടു പോകും. അന്ന് പരിചയപ്പെട്ട രുചികളെ ഇവിടെ അവതരിപ്പിക്കാൻ കഴിഞ്ഞാൽ അത് വിജയിക്കുമെന്നു തോന്നി. ഉന്തുവണ്ടിയിലും മറ്റുമൊക്കെ ഉത്തരേന്ത്യൻ വിഭവങ്ങൾ ഇവിടെ ലഭിക്കുമെങ്കിലും വൃത്തിഹീനമായ ചുറ്റുപാടുകളിലായിരിക്കുമെന്നതിനാൽ പലർക്കും അതു പരീക്ഷിക്കുവാൻ പേടിയാണ്. ഞങ്ങൾ മുഖ്യമായും ലക്ഷ്യമിട്ടത് ഇവിടുത്തെ ഭക്ഷണ പ്രേമികളെ തന്നെയാണ്. പുതിയ വിഭവങ്ങൾ വരുമ്പോൾ അത് പരീക്ഷിക്കാൻ കോഴിക്കോട്ടുകാർക്ക് പ്രത്യേക താൽപ്പര്യമുണ്ട്. ഇവിടെ വരുന്നതിൽ അധികവും കുടുംബമായി ഭക്ഷണം കഴിക്കാൻ വരുന്നവരാണ്.' ചിത്തിര പറയുന്നു.

'മഡ്ക്ക'യിലെ ജോലിക്കാരെല്ലാം ഉത്തരേന്ത്യക്കാരാണ്. രാജസ്ഥാൻ, ഗുജറാത്ത്, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിൽ നിന്നാണ് ഇവരെ തെരഞ്ഞെടുത്തത്. ഷെഫും മറ്റു ജോലിക്കാരും മാറിക്കൊണ്ടിരിക്കുമ്പോൾ ഇവിടുത്തെ വിഭവങ്ങളുടെ രുചി മാറരുതെന്ന നിർബന്ധം ചിത്തിരയ്ക്കും ആതിരയ്ക്കുമുണ്ടായിരുന്നു. അതിനായി 'മഡ്ക്ക'യ്ക്കൊരു ഒരു പാചകക്കൂട്ട് അവർ രൂപീകരിച്ചു. അതിനൊരു മാസ്റ്റർ ഷെഫിന്റെ സഹായം തേടി.

പാനി പൂരി, ബേൽ പൂരി പോലുള്ള വിഭവങ്ങളായിരുന്നു ആദ്യം വിളമ്പിയിരുന്നത്. ആളുകളുടെ എണ്ണം കൂടിയതോടെ വിഭവങ്ങളുടെ എണ്ണവും കൂട്ടി. പാവ്ബാജി, ചീസ് പാവ്ബാജി, ആലുപൊറോട്ട തുടങ്ങിയവ കൂടി മെനുകാർഡിൽ ഇടംപിടിച്ചു. മോമോസ്, ലസി, മസാലചായ എന്നിവ കൂടിവന്നു. ചിക്കൻ മോമോസ്, ബീഫ് കീമ, കീമാ പാവ്, കീമാ പൊറോട്ട തുടങ്ങി നിരവധി നോൺ വെജ് വിഭവങ്ങളും ഇവിടെ തയ്യാറാക്കുന്നു.

### ഇന്റീരിയറിൽ രാജസ്ഥാൻ ടച്ച്

ഉത്തരേന്ത്യൻ ടച്ച് കാഴ്ചയിലുമുണ്ടാകണമെന്ന നിർബന്ധത്തോടെയാണ് ഇവർ മഡ്കയുടെ ഇന്റീരിയർ ഒരുക്കിയത്. നിറപ്പകിട്ടാർന്ന ഉത്തരേന്ത്യൻ ലോറിയുടെ ബോണറ്റ് ഗ്രിൽ മാതൃകയിലാണ് ക്യാഷ് കൗണ്ടർ രൂപകൽപന ചെയ്തിരിക്കുന്നത്. ചുമരുകളിൽ ട്രൈബൽ ആർട്ടുകൾ സ്ഥാനം പിടിച്ചിരിക്കുന്നു. പാനി പൂരി വിൽപ്പനക്കാരെ അനുസ്മരിപ്പിക്കുന്ന ഉന്തുവണ്ടിയുടെ മാതൃകയും ഒരുക്കി. ഉത്തരേന്ത്യൻ കരകൗശല വസ്തുക്കളും ഊഞ്ഞാലുകളും വർണ്ണച്ചില്ലുകളുമൊക്കെ 'മഡ്ക'യെ വ്യത്യസ്തമാക്കുന്നു. നിലവിൽ 50 പേർക്ക് ഇരുന്ന് ഭക്ഷണംകഴിക്കാൻ സൗകര്യമുണ്ട്.

### വിശ്വാസമാണ് ശക്തി

'ദൈവവിശ്വാസമാണ് എന്റെ ശക്തി. 'മഡ്ക' ആരംഭിക്കുമ്പോൾ മുതൽ ഓരോ സ്റ്റെപ്പ് വയ്ക്കുമ്പോഴും പ്രാർത്ഥനയായിരുന്നു പിൻബലം. ഇന്റീരിയർ വർക്കുകളും മറ്റും ഓരോന്നായി നടക്കുമ്പോൾ ഞാൻ ഇവിടെ എത്തി പ്രാർത്ഥിക്കുമായിരുന്നു. ജപമാലയും 91-ാം സങ്കീർത്തനവുമാണ് ഞാൻ മുറുകെ പിടിച്ചിരിക്കുന്നത്. 'മഡ്ക' എന്ന ആശയം എന്റെ മനസിലേക്ക് നിക്ഷേപിച്ചത് ദൈവം തന്നെയാണെന്ന് ഉറച്ച് വിശ്വസിക്കുന്നു. മിഷൻ ലീഗ്, കെസിവൈഎം സംഘടനകളിലെ പ്രവർത്തനം, നേതൃത്വഗുണം വളർത്താൻ ഉപകരിച്ചു. താമരശ്ശേരി രൂപതയ്ക്കു കീഴിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടിലെ ക്യാമ്പുകളിൽ ആറാം ക്ലാസ് മുതൽ പങ്കെടുത്തിരുന്നു. എന്നെ ഒരു ബിസിനസ് വുമണാക്കിയതിൽ അന്നത്തെ ക്യാമ്പുകൾക്ക് വലിയ പങ്കുണ്ടെന്ന് ഇപ്പോൾ തിരിച്ചറിയുന്നു. ഒരു ടീമിനെ വളർത്താനും മുന്നോട്ടു നയിക്കാനുമൊക്കെ സാധിച്ചത് സംഘടനാ പ്രവർത്തനങ്ങളിൽ നിന്നാർജ്ജിച്ച ഊർജ്ജം കൊണ്ടാണ്.' അശോകപുരം ഇടവകാംഗമായ ചിത്തിര പറയുന്നു.

### കുടുംബം തരുന്ന ഊർജ്ജം

'അപ്പന്റെയും അമ്മയുടെയും ഉറച്ച പിന്തുണയാണ് ഞങ്ങളുടെ ബലം. ഓരോ പ്രതിസന്ധികളുണ്ടാകുമ്പോഴും നിന്നുപോകാതെ ഞങ്ങളെ പ്രചോദിപ്പിച്ച് മുന്നോട്ടു കൊണ്ടുപോകാൻ അവർ ശ്രദ്ധിക്കുന്നു. പഠനം കഴിഞ്ഞ് ജോലി എന്ന പരമ്പരാഗത ചിന്തകളെ മാറ്റി ഒരു ബിസിനസ് ചെയ്യണമെന്ന് പറഞ്ഞപ്പോൾ അവർ കൂടെ നിന്നു. ഹിന്ദി അധികം അറിയില്ലായിരുന്നു. പക്ഷെ, അമ്മ ആ കുറവ് നികത്തി. ഞങ്ങളെ ഹിന്ദി പഠിപ്പിച്ചതും ജോലിക്കാരോട് നന്നായി ഹിന്ദി സംസാരിക്കാൻ ഞങ്ങളെ പ്രാപ്തരാക്കിയതും അമ്മയാണ്.'

### പുതിയ ബ്രാഞ്ചുകൾ ഉടൻ

'മഡ്ക്ക'യുടെ പുതിയ ബ്രാഞ്ചുകൾ തുടങ്ങുകയാണ് ഈ മിടുക്കികളുടെ അടുത്ത ലക്ഷ്യം. പല വൻകിട ഗ്രൂപ്പുകളിൽ നിന്നും അതിനുള്ള ക്ഷണം ലഭിച്ചിട്ടുണ്ടെന്ന് ഇവർ പറയുന്നു. ദേവഗിരി കോളജിൽ നിന്ന് കെമിസ്ട്രിയിൽ ബിരുദം പൂർത്തിയാക്കിയ ചിത്തിര ചെന്നൈ ലയോള കോളജിൽ നിന്ന് ഫുഡ് കെമിസ്ട്രിയിൽ ബിരുദാനന്തര ബിരുദം നേടി. ദേവഗിരി കോളജിൽ നിന്ന് ഇംഗ്ലീഷിൽ ബിരുദം നേടിയ ശേഷമാണ് ചേച്ചിക്കൊപ്പം ആതിര ബിസിനസ് രംഗത്തേക്ക് കടന്നത്. ഇപ്പോൾ ബാംഗ്ലൂർ ക്രൈസ്റ്റ് കോളജിൽ എംബിഎ പഠനത്തിനായി ചേർന്നു.

### പുതുമയിലാണ് കാര്യം

സ്വന്തമായൊരു സംരംഭം തുടങ്ങണമെന്ന് സ്വപ്നം കണ്ടു നടക്കുന്നവരാണ് പലരും. അത്തരക്കാരോട് ചിത്തിരയ്ക്ക് പറയാനുള്ളത് ഇതാണ്: 'ബിസിനസ് ഒരു ഞാണിന്മേൽ കളിയാണ്. പലപ്പോഴും നമ്മൾ പ്രതീക്ഷിച്ചതുപോലെ പോയി എന്നു വരില്ല. പുതിയ ആശയവും അതു നടപ്പിലാക്കാനുള്ള ആത്മവിശ്വാസവുമുണ്ടെങ്കിൽ വിജയിക്കും. മാറ്റങ്ങളെക്കുറിച്ച് പഠിക്കാനുള്ള മനസുണ്ടാകാണം. എന്തെങ്കിലും പുതുമയോടെ വേണം സംരംഭങ്ങൾ തുടങ്ങുവാൻ. ആളുകൾക്ക് ആവശ്യം പുതുമയാണ്.'





# എല്ലാ ക്രിസ്ത്യാനികളും രാഷ്ട്രീയക്കാരാകണം

## സമകാലികം



**അഡ്വ. ബീന ജോസഫ്**

ജനാധിപത്യസംവിധാനത്തിൽ പൗരന്മാർക്ക് രണ്ടു പ്രധാന ദൗത്യമുണ്ട്. ഒന്നാമതായി ഭരണഘടനയുടെ ആത്മാവിനെ സംരക്ഷിക്കുമെന്ന് ഉറപ്പുള്ളവരെ തെരഞ്ഞെടുക്കുക. രണ്ടാമതായി ഭരണഘടനയുടെ യഥാർത്ഥ സത്തയെ അട്ടിമറിക്കുന്ന സംഭവങ്ങൾ ഉണ്ടാകാതിരിക്കാനുള്ള ജാഗ്രതയാണ്.

ഇന്ത്യൻ ഭരണഘടനയുടെ പ്രധാന ഭാഗം മൗലിക അവകാശങ്ങളാണ്. ഇഷ്ടമുള്ള മതം സ്വീകരിക്കാനും സ്വന്തം മതം ഉപേക്ഷിക്കാനുമുള്ള സ്വാതന്ത്ര്യം, സ്വന്തം മതം പ്രചരിപ്പിക്കാനുള്ള അവകാശം മുതലായവ മൗലിക അവകാശങ്ങളുടെ ഭാഗമാണ്. ഇഷ്ടമുള്ള ജോലി ചെയ്യാനും സഞ്ചാര സ്വാതന്ത്ര്യവും വിദ്യനേടാനുള്ള സ്വാതന്ത്ര്യവുമെല്ലാം മൗലിക അവകാശങ്ങളുടെ ഭാഗമാണ്.

ഇന്ന് ഇന്ത്യയിൽ പലയിടത്തും ക്രൈസ്തവരുടെ സ്വാതന്ത്ര്യം നിഷേധിക്കപ്പെടുന്ന സംഭവങ്ങൾ അരങ്ങേറുന്നു. ഈ സ്വാതന്ത്ര്യ നിഷേധത്തെ പ്രോത്സാഹിപ്പിക്കുന്ന സംഘടനകളോ, രാഷ്ട്രീയ പാർട്ടികളോ അധികാരത്തിൽ എത്തിച്ചേരുന്നില്ലായെന്ന് പൗരന്മാർക്ക് ഉറപ്പു വരുത്തുവാൻ സാധിക്കുന്നുണ്ടോ?

### ക്രൈസ്തവരുടെ നിഷ്ക്രിയത്വം

ഒരു പൗരന്റെ രാഷ്ട്രീയ അവകാശത്തെ ഉപയോഗിക്കുന്നതിൽ ക്രൈസ്തവർ ജാഗ്രത പാലിക്കുന്നില്ല എന്ന വസ്തുത അപകടകരമാണ്. അതുകൊണ്ടുതന്നെ തെരഞ്ഞെടുക്കപ്പെടുന്ന ഭരണാധികാരികളുടെ എണ്ണത്തിൽ ക്രൈസ്തവ പ്രാധിനിത്യം കുറഞ്ഞുപോകുന്നു. അതുമൂലം ക്രൈസ്തവ സമുദായം നേരിടുന്ന പ്രശ്നങ്ങളെ പൊതുസമൂഹത്തിന്റെ മുമ്പിൽ അവതരിപ്പിക്കാനുള്ള സാധ്യത കുറയുന്നു.

നമ്മുടെ കർത്താവായ ഈശോ മിശിഹ നമ്മെ പഠിപ്പിച്ച പ്രാർത്ഥനയുടെ അന്തസത്ത സ്വർഗ്ഗത്തിലെ പോലെ ഭൂമിയിലും ആകണമേ എന്നാണ്. മറ്റൊരർത്ഥത്തിൽ ഭൂമി സ്വർഗ്ഗമാക്കുകയെന്നതാണ് ക്രൈസ്തവന്റെ ഏറ്റവും പ്രധാനപ്പെട്ട കടമ. ഈ കടമ നിർവഹിക്കാനുള്ള ഏറ്റവും ഫലപ്രദമായ മാർഗമാണ് രാഷ്ട്രീയ പ്രവർത്തനമെന്ന് ബെനഡിക്ട് പതിനാറാമൻ മാർപാപ്പയും ഫ്രാൻസിസ് മാർപാപ്പയും പഠിപ്പിക്കുന്നു. ഫ്രാൻസിസ് മാർപാപ്പയുടെ 'ഏവരും സോദരർ' എന്ന ചാക്രിക ലേഖനത്തിൽ ഇപ്രകാരം പറയുന്നു, രാഷ്ട്രീയ പ്രവർത്തനം എന്നത് ദൈവവിളിയാണ്. ക്രൈസ്തവ ബോധ്യങ്ങൾക്കനുസരിച്ച് പൊതുപ്രവർത്തനം നടത്തുന്നവർ ദൈവരാജ്യത്തിന്റെ വളർച്ചയിൽ സജീവ പങ്കാളിത്തം വഹിക്കുന്നു. കൂടാതെ പൊതുസമൂഹത്തിൽ മതേതരമായ രീതിയിൽ പൊതുനന്മയ്ക്കുവേണ്ടി പ്രവർത്തിക്കുകയെന്നത് ഓരോ ക്രൈസ്തവന്റെയും കടമയാണ്. മറ്റുവിധത്തിൽ രാഷ്ട്രീയ പ്രവർത്തനത്തിൽ പങ്കാളിയാകാതിരിക്കുന്നത് ഉപേക്ഷയാലുള്ള പാപമാണ്.

ജനാധിപത്യ വ്യവസ്ഥിതിയെ നിലനിർത്തുന്നതിൽ കഴിഞ്ഞകാലങ്ങളായി നാം കാണിച്ച അലംഭാവം നമ്മുടെ സമുദായത്തെ ഇന്ത്യയിൽ ഒറ്റപ്പെടുത്തുന്നതിന് കാരണമായി. വോട്ടു ചെയ്യുക എന്നതുപോലും ചിലർ അനാവശ്യമായി കാണുന്നു. ഇതുമൂലം ക്രൈസ്തവർക്ക് ഭരണഘടനാപരമായി ലഭിക്കേണ്ട അവകാശങ്ങൾ പോലും ഇല്ലാതാകുന്നുണ്ട് എന്നു നാം മനസ്സിലാക്കണം. ജനസംഖ്യാശോഷണം, സംവരണ തത്വങ്ങളിലെ അട്ടിമറി, ന്യൂനപക്ഷ അവകാശങ്ങളുടെ ധ്വംസനം, സാധാരണക്കാരായ കർഷകരുടെ പ്രശ്നങ്ങൾ, വന്യജീവി അക്രമണം മുതലായവ കേരളത്തിലെ ക്രൈസ്തവർ അനുഭവിക്കുന്ന പ്രശ്നങ്ങളാണ്. സഭയും സമുദായവും ഭാരതത്തിലും കേരളത്തിലും നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കണമെങ്കിൽ രാഷ്ട്രീയമായി പ്രതികരിക്കേണ്ടത് ആവശ്യമാണ്. ക്രൈസ്തവന്റെ രാഷ്ട്രീയ ചിന്ത മാനവീകമാണ്. ക്രൈസ്തവർ നിലനിൽക്കുന്നത് സകല മനുഷ്യർക്കും വേണ്ടിയാണ്. ഇന്ത്യൻ സമൂഹത്തിൽ ജാതി, മത ശക്തികൾക്കതീതമായ, മാനവിക മൂല്യങ്ങൾ ഉർത്തിപിടിക്കാൻ ക്രൈസ്തവന്റെ രാഷ്ട്രീയ സാനിധ്യം അനിവാര്യമാണ്. അതുകൊണ്ട് നമ്മുടെ മക്കൾ, ബന്ധുക്കൾ എന്നിവർ പൊതുനന്മയെ ഉയർത്തിപ്പിടിക്കുന്ന രാഷ്ട്രീയ പ്രവർത്തകരാകാൻ വേണ്ട എല്ലാ സഹായവും നാം നൽകണം. പഞ്ചായത്തുതലം മുതൽ പാർലമെന്റ് വരെയുള്ള ഭരണഘടനാ സ്ഥാപനങ്ങളിൽ പങ്കാളിയാകുകയെന്നത് പരസ്നേഹത്തിന്റെ അത്യുന്നത ഭാവമാണെന്ന ബനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ വാക്കുകൾ നമുക്ക് പ്രാവർത്തികമാക്കാം.

*ലേഖിക താമരശ്ശേരി രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗവും മലപ്പുറം ഡിസിസി ജനറൽ സെക്രട്ടറിയും മഞ്ചേരി മുനിസിപ്പൽ കൗൺസിലറുമാണ്.*






Date of Publication:
01 July 2024
● **RNI Regn No:** KERMAL/2017/73545



VISIT OUR WEBSITE
www.brilliantpala.org

SINCE 1984
# Brilliant®
STUDY CENTRE, PALA



INDIA'S LEADING
## MEDICAL/ ENGINEERING
ENTRANCE
COACHING CENTRE

## NEET/JEE (Main/Advanced)

Why Brilliant is Brilliant

THE BEST THING ABOUT BRILLIANT IS
YOUR WARDS KNOW WHICH TEAM IS GOING TO TEACH THEM

MAJOR FEATURES **MAKES IT SPECIAL**

AUTOMATED ADMISSION PROCESS / COMPREHENSIVE STUDY MATERIAL / WELL EQUIPPED AIR CONDITIONED SMART CLASS ROOMS / DEDICATED FACULTIES / PERIODIC TESTS / QUICK RESULT DECLARATION / ONLINE TEST FACILITY / STUDENT PERFORMANCE ANALYSIS / PARENT TEACHERS MEETING / PERSONAL CARE BY CLASS TEACHERS / EXCELLENT LIBRARY FACILITY / MOTIVATION SESSIONS / PROFESSIONAL COUNSELLING FACILITY / SUBJECT TIPS AND TRICKS / ATTENDANCE MONITORING / DRESS CODE AND IDENTITY CARD / TRANSPORT FACILITY / CANTEEN FACILITY / HOSTEL FACILITY WITH MENTORS GUIDANCE / EASILY ACCESSIBLE PRIME LOCATION AT TRIVANDRUM / DIFFERENT DOUBT CLEARANCE FACILITIES /WELL EQUIPPED COMPUTER LAB / WI-FI FACILITY AT HOSTELS AND CAMPUS

**PALA**
Mutholy, Puliyannoor P.O, Kottayam (Dist.)
Ph: 04822-206100, 206800

**ERNAKULAM**
Sanjos Arcade, Thevara Ernakulam.
Ph: 0484-2665080, 2665090

**KOLLAM**
Vadakkevila P.O.Pallimukku.
Ph: 9188900667

**THIRUVANANTHAPURAM**
Cardinal Cleemis Centre Mar Ivanios Vidya Nagar,
Nalanchira. Ph: 0471-2995100, 9188900418

**KOTTAKKAL**
Near Govt. Womens Polytechnic Puthuparamba P.O.
Ph: 9188900506

**KOZHIKODE**
Near Savio HSS Medical College Junction,
Kozhikode.Ph: 91 8281619981

**KANNUR**
College of Commerce, KSCC Rd. Near Old Bus Stand,
Thalap. Ph: 9188900505

**THRISSUR**
Chaldean Syrian College East Fort, Thrissur.
Ph: 9633366100, 9544174965

website: www.brilliantpala.org / e-mail:admissions@brilliantpala.org

Printed and Published by Fr. Benny Alex Karackatt on behalf of Diocese of Thamarassery and printed at Roshni Publications (P) Ltd, Calicut-12 and published at PMOC, Marikkunnu, Calicut-12. Editor: Fr. Roni Paul Kavil